Reg. No M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മേടം 29 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 മെയ് 12 | ലക്കം 36

## പ്രകൃതിയിലൂടെ പ്രകൃതിനാഥനിലേക്ക്

(തോമസ് വി. മഠത്തിപ്പറമ്പിൽ)



മേയ് മാസറാണീ!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക

ഇദംപ്രഥമമായി എഴുതപ്പെട്ട വലിയ ഗ്രന്ഥം മനുഷ്യനിർമ്മിതമല്ല; ദൈവത്തിന്റെ കരങ്ങളാണ് അതു ചമച്ചത്. അവിടുന്ന്, ശൂന്യതയാകുന്ന താളുകളിൽ സൗന്ദര്യമാകുന്ന ലിഖിതങ്ങളാൽ തന്റെ ഗ്രന്ഥം നിർമ്മിച്ചു. ഈ ഗ്രന്ഥത്തിനാകട്ടെ, പ്രൂഫ്നോട്ടമോ, തിരുത്തലോ ആവശ്യമില്ല. അതിന്റെ ഉള്ളടക്കം എല്ലാം നല്ലതുതന്നെ. പണ്ഡിതപാമരഭേദമെന്യേ ഏവനും ഈ ഗ്രന്ഥം വായിക്കാവുന്നതാണ്. ഈ പുസ്തകം പൂർണ്ണമാണ്; മനുഷ്യന് ദൈവത്തിന്റെ ദാനമാണ്, പ്രകൃതിയാകുന്ന മഹൽഗ്രന്ഥം.

ദൈവത്തിന്റെ വചനമായ വി. ഗ്രന്ഥം പ്രകൃതിയെക്കുറിച്ചുള്ള ഒരു വലിയ പുസ്തകമാണ്. വി. ഗ്രന്ഥത്തിലെ ഉല്പത്തി മുതൽ വെളിപാടുവരെ മിക്ക സംഭവങ്ങളും ചിലതൊഴിച്ച്, ചരിത്രകാലങ്ങളിൽ സംഭവിച്ചതാണ്. പഴയതും പുതിയതുമായ വി. ഗ്രന്ഥങ്ങൾ കിഴക്കൻചക്രവാളങ്ങളിൽ പ്രശോഭിക്കുന്ന സുരഭിലകുസുമങ്ങളുടെ ഉടലെടുത്ത രൂപങ്ങളാണ്. വെളിപാടുമുഖേന സുഭാഷിതങ്ങൾ രചിച്ച ഗ്രന്ഥകർത്താക്കളെല്ലാം ദൈവപുത്രനെ "വയലിലെ പുഷ്പ"മെന്നും, "താഴ്വരകളിലെ ലില്ലി" എന്നും വിളിക്കുന്നു. അക്രൈസ്തവനായ റോമൻ കവി വെർജിൽപോലും കർണ്ണാനന്ദകരമായ വാക്കുകളിൽ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. "അവന്റെ തൊട്ടിൽ വികസിച്ചുവരുന്ന പുഷ്പങ്ങൾ മൂടിയിരിക്കും; സർപ്പങ്ങളുടെ ശക്തി ക്ഷയിക്കും; വിശുദ്ധസ്ഥലങ്ങളിൽ മാരകമായ ചെടികളോ തലപ്പുകളും കാണുകയില്ല; ഓരോ സാധാരണ ചെടിയും സിറിയായിലെ റോസപ്പൂക്കൾ അണിഞ്ഞിരിക്കും."

വി. ഗ്രന്ഥംതന്നെ കുസുമങ്ങളുടെ പുസ്തകമാണ്. അതിലെ ഭാഷയോ പൂക്കളുടേതു്. ഈ നിസ്സാരസൃഷ്ടികളുടെ മഹനീയ കാവ്യങ്ങളാലും നേരായ തത്വശാസ്ത്രങ്ങളാലും നിബിഡീകൃതമാണു ബൈബിൾ. ഈ മഹൽഗ്രന്ഥം റോസപ്പൂക്കൾ അതിന്റെ എല്ലാ അവസ്ഥകളിലും എങ്ങനെ വിലസുന്നുവെന്നും ലില്ലിപ്പൂക്കൾ നമ്മുടെ സ്വർഗ്ഗസ്ഥനായ ബാതന്റെ സംരക്ഷണയിൽ എങ്ങനെ വളരുന്നുവെന്നും നമ്മെ പഠിപ്പിക്കുന്നു. ഏററം മാധുര്യമേറിയതും നമ്മെ പ്രീണിപ്പിക്കുന്നതുമായ ദൈവത്തിന്റെ വാഗ്ദാനങ്ങൾ മഴവില്ലിന്റെയോ നക്ഷത്രത്തിന്റെയോ പൂമൊട്ടിന്റെയോ പ്രതിഛായയിൽ നമുക്ക അനുഭവപ്പെടുമ്പോൾ ഉന്നതങ്ങളായ വെളിപാടുകൾ നമ്മളിൽ എത്തുന്നതു് നമ്മുടെ ഉദ്യാനങ്ങളിൽ വളരുന്ന വിനീതമായ ലില്ലിയുടെ പാഠങ്ങൾമൂലമാണ്.

വി. ഗ്രന്ഥം, പ്രകൃതിശാസ്ത്രത്തിലെ ഒരു പ്രത്യേകവിഭാഗത്തെപ്പററി പഠിപ്പിക്കുന്നതിന് എഴുതപ്പെട്ടിട്ടുള്ളതല്ലെങ്കിലും നൂററിമുപ്പത്താറു തരം ചെടികളെക്കുറിച്ച് അതു പറയുന്നു. ഏതാണ്ട് മുന്നൂറിലധികം വി. ഗ്രന്ഥത്തിലെ ഭാഗങ്ങളിൽനിന്നും വയലിലെ പുഷ്പങ്ങളിൽനിന്നുള്ള പാഠങ്ങൾ മനുഷ്യന്റെ ശ്രദ്ധയ്ക്കുവേണ്ടി അതിന്റെ വിധാതാക്കൾ എടുത്തു കാണിക്കുന്നുണ്ട്. ദിവ്യരക്ഷകൻതന്നെ തന്റെ ഗിരിപ്രഭാഷണങ്ങളിലെ ഒരു ഭാഗത്തു്, തന്നെ ശ്രവിച്ചുകൊണ്ടിരുന്ന ജനക്കൂട്ടത്തിന്റെ ശ്രദ്ധയെ ആ ഭംഗിയേറിയ—ഓരോരുത്തരിലും ദൃശ്യമായിരുന്ന—വിശ്വാസത്തിന്റെ അടയാളങ്ങളിലേക്കു നയിച്ചപ്പോൾ അവിടുന്നു പറയുന്നു ലില്ലികളെ നോക്കുക എന്ന്. ദൈവം സൃഷ്ടിച്ച പൂക്കളെപ്പററി ഹൃദ്യമായ ഒരു പാഠനം നടത്താത്തപക്ഷം പരിശുദ്ധാരൂപിയാൽ രൂപാന്തരപ്പെടുത്തപ്പെട്ട ആദിയിലെ പരിശുദ്ധന്മാരിൽനിന്നും ഒരു വിഭിന്നമായ അരൂപിയായിരിക്കും നാം ദർശിക്കുക.

അവിടുത്തെ ദൈവികസത്യങ്ങളെ ചിത്രീകരിക്കുന്നതിന് മിക്കപ്പോഴും അവിടുന്ന് പ്രകൃതിയെ വിഷയമാക്കിയിരുന്നതുകൊണ്ട് നമുക്ക മനസ്സിലാക്കാം ദിവ്യരക്ഷകൻ പ്രകൃതിയെ സ്നേഹിച്ചിരുന്നു എന്ന്. പ്രകൃതിയുടെ സൗന്ദര്യങ്ങളാൽ കോർത്തിണക്കിയ അവിടുത്തെ വിചാരങ്ങൾ എത്ര സുന്ദരങ്ങളും മധുരങ്ങളുമായിരുന്നു! അവിടുന്നു പക്ഷികളെക്കുറിച്ചും ലില്ലികളെക്കുറിച്ചും വൃക്ഷങ്ങളെക്കുറിച്ചും സംസാരിച്ചിരുന്നു. ദിവ്യരക്ഷകൻ ശയിച്ചിരുന്നതു് ഒരു മരത്തിൽനിന്നും നിർമ്മിക്കപ്പെട്ട ഒരു പരുക്കൻ മെത്തയിലാണ്. ആ മരത്തെയാകട്ടെ അവിടുന്ന് ഹൃദയംഗമമായി സ്നേഹിച്ചിരുന്നു, കാരണം, അവിടുന്നു തന്റെ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്യുമ്പോൾ അതിൽ പക്ഷികളിരുന്ന് കളകൂജനങ്ങൾ ആലപിച്ചിരുന്നു. ആ ജീവന്റെ വൃക്ഷത്തിൽനിന്നു തന്നെയാണ് അവിടുന്ന് നമ്മോടു സംഭാഷിച്ചുകൊണ്ടിരിക്കുന്നതും.

ക്രിസ്തുവിന്റെ പഠനങ്ങൾ മററു ചിലരുടേതിനോടു തുലനം ചെയ്തുനോക്കുക. അവർ ദൈവത്തെയും അവിടുത്തെ വ്യാപാരങ്ങളെയും കുറിച്ച് മനസ്സിലാകാത്തഭാഷയിൽ സംസാരിക്കുന്നു. അത്തരം അദ്ധ്യാപനങ്ങൾ ചിലർക്കു സഹായകമാണ്: ഏതു തരത്തിലെങ്കിലും സഹായിക്കാൻ കഴിയുന്നവരെ ദൈവം അനുഗ്രഹിക്കുന്നു. എന്നാൽ ക്രിസ്തുവാകട്ടെ ജീവിതത്തിലെ അചഞ്ചലസത്യങ്ങളെ എടുത്തുകൊണ്ടു് പറയുന്നു, നഷ്ടപ്പെട്ട ഒരു നാണയത്തെയോ ഒരു ആടിനെയോ നിങ്ങൾ കരുതുന്നതുപോലെ തന്നെ ദൈവവും നിങ്ങളെ കരുതുന്നുണ്ട് എന്നു്. ദൈവം മനുഷ്യനെ ചെറുപക്ഷിയായ കാടയെ സ്നേഹിക്കുന്നതിനേക്കാൾ ആയിരം മടങ്ങു സ്നേഹിക്കുന്നു; എന്നിരുന്നാലും അവററയിലൊന്നുപോലും തന്റെ അറിവുകൂടാതെ നിലംപതിക്കുന്നില്ല. എല്ലാവർക്കും ഗ്രഹിക്കാവുന്ന ഒരു ഭാഷയാണ് ദിവ്യരക്ഷകൻ ഉപയോഗിച്ചതു്. നാമെല്ലാവരും തത്വജ്ഞന്മാരല്ല; വലിയ സാഹിത്യഭാഷകൾ ഉപയോഗിക്കുന്നതിനു നാമെല്ലാവരും കഴിവുള്ളവരല്ല. അതുകൊണ്ടാണ് മിശിഹാ സാധാരണമനുഷ്യർക്കു സഹജമായവിധം പെരുമാറിയതു്. അദ്ദേഹത്തിന്റെ ഭാഷ മനസ്സിലാക്കുന്നതിന് പ്രത്യേകമായി ഒന്നും പഠിക്കേണ്ടതില്ല.

തുറന്ന സ്ഥലങ്ങളിൽ ജീവിച്ചിരുന്ന ദിവ്യരക്ഷകൻ ഒരു കവി

ത്വത്തോടുകൂടി ജീവിച്ചിരുന്നു. അവിടുത്തെ മിക്ക പ്രഭാഷണങ്ങളും വയലുകളിൽനിന്നും വനാന്തരങ്ങളിൽനിന്നുമായിരുന്നു. പട്ടണങ്ങളോ തെരുവുകളോ അദ്ദേഹത്തിനു അഹിതമായിരുന്നില്ല. അങ്ങയുടെ ജീവിതം കേന്ദ്രീകരിച്ചിരുന്നതു് ശബ്ദബഹുലമായ പട്ടണത്തിൽനിന്നെല്ലാം അകന്നായിരുന്നു. അവിടത്തെ ദീർഘവും സുന്ദരവുമായ മുടിയിൽക്കൂടെ കടന്നുപോയ മന്ദമാരുതൻ ആപ്പിൾ പുഷ്പങ്ങളുടേയും മുന്തിരിയുടേയും സുഗന്ധം പരത്തിയിരുന്നു. അവിടുത്തെ പ്രഭാഷണങ്ങൾ ചുററുമുള്ള സസ്യങ്ങൾക്കു് വളർച്ചയും പ്രചോദനവും നൽകിയിരുന്നു. മലംചെരിവുകളിലുള്ള പുൽത്തകിടികളിൽ ഇരുന്നുകൊണ്ടു് അവിടുന്നു് തൻെറ ചുററുമുള്ള ലോകത്തെക്കുറിച്ചു് തൻെറ പിൻഗാമികളെ പഠിപ്പിച്ചിരുന്നു. പുല്ലിൻെറ ഇലകൾ ക്ഷമയുടേയും എളിമയുടേയും അദ്ധ്യാപകനായി. കാടയുടെ ആകാശസഞ്ചാരം ദൈവത്തിൻെറ സ്നേഹനിർഭരമായ സൂക്ഷത്തെ വിളിച്ചറിയിച്ചു. ലില്ലികൾ സ്വർഗ്ഗീയതാതൻെറ സംരക്ഷണയെ കുറിക്കുന്നു. അങ്ങകലത്തിൽ കണ്ട ജലവാഹിയായ കാററു് മന്ദം മന്ദം അടിക്കുകയാൽ ദൈവപുത്രൻ ഇരുന്നതുപോലുള്ള പാറമേൽ പടുത്ത ആശ്രയകേന്ദ്രങ്ങൾ അന്വേഷിച്ചുകൊണ്ടു് ആളുകൾ ആ മലംപ്രദേശത്തോട്ടു യാത്രപറഞ്ഞു. അവിടുന്നു് പ്രകൃതിയുടെ തുറന്ന പേജുകൾ വീക്ഷിച്ചു ജീവിതം നയിച്ചതുപോലെ നാമും ജീവിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻെറ സാധാരണഗതിയിൽ പറയുന്നപക്ഷം, ദൈവികാദ്ധ്യാപകൻെറ ഗ്രന്ഥശേഖരം പുറമെയാണു്. പ്രകൃതി ആദ്ധ്യാത്മിക സത്യങ്ങളുടെ ഉപമയാണു്. സൂക്ഷ്മതയുള്ള ഓരോ ശ്രവണേന്ദ്രിയത്തിനും ഭൂമിയുടെ വാചാലത സുശ്രാവ്യമാണു്. ചിന്തിക്കുന്ന ഓരോ മനസ്സിനും പ്രകൃതിയിൽ നിരവധി വിഷയങ്ങളുണ്ടു്.

പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടു് ദൈവത്തിങ്കലേക്കു് ഉയരുന്നതിനു കഴിയുമെങ്കിൽ അതൊരു വലിയ ഭാഗ്യമായി. നമ്മുടെ സന്തോഷത്തിനും ആസ്വാദനത്തിനുംവേണ്ടി പ്രകൃതിനാഥൻ അവിടവിടെയായി നിരത്തിയിരിക്കുന്ന ആ സൗന്ദര്യത്തെ നാം സ്നേഹിക്കണം. ഈ മനോഭാവം വിശുദ്ധരിൽ ദൃഢതരമായിരുന്നു. അവരിൽ ചിലർ മാത്രമാണു് വി. ആഗുസ്തീനോസും, വി. ബെർണ്ണാർദ്ദും, അസ്സീസിയിലെ വി. ഫ്രാൻസിസും. ഇവരിൽ ഓരോരുത്തരിലും ആഴമായ ചിന്തയോടുകൂടി ലോകവസ്തുക്കളിൽ ശ്രദ്ധമൂലമായ ഒരു ഹൃദയം ദൃശ്യമാണു്. ഇപ്രകാരമുള്ള അവരുടെ അവസ്ഥയിൽ ഒരുവനു പറയുവാൻ കഴിയും അവരുടെ ആത്മാക്കൾ സൗന്ദര്യത്താൽ തരളിതമായിരുന്നു എന്നു്. വി. ഫ്രാൻസിസു് വനത്തിൽ സഞ്ചരിച്ചു, പക്ഷികളോടു സംസാരിച്ചു. സൂര്യനോടും വെള്ളത്തോടും ഹിമക്കൂട്ടത്തോടും, എന്നുവേണ്ട അഴകുള്ള എല്ലാവററയോടും സംസാരിച്ചു. വി. ആഗുസ്തീനോസു് വർണ്ണനാതീതമായ സമുദ്രത്തിൻെറ ഭംഗിയിൽ ലയിച്ചു എത്ര മണിക്കൂറുകളാണു് ചിലവഴിച്ചതു്. വയലുകളിലെ ചെറുപുഷ്പങ്ങൾ അതുകളുടെ സൗന്ദര്യംകൊണ്ടുതന്നെ സൃഷ്ടികർത്താവിനു സ്തുതിഗീതങ്ങൾ ചെയ്യുന്നതായി വി. ഇഗ്നേഷ്യസു് ലയോള കണ്ടു. അതുപോലെതന്നെ എത്ര ശുദ്ധാത്മാക്കളാണു് ഏററം ചെറുതുമുതൽ ഏററം ശ്രേഷ്ഠമായ സാധനങ്ങൾവരെ ഉൾക്കൊള്ള-

ന്ന പ്രകൃതിയിലൂടെ ദൈവത്തിൻെറ സീമാതീതമായ മഹിമയെപ്പററി ധ്യാനിച്ചവശരായിട്ടുള്ളതു്.

മിക്ക വിശുദ്ധരും ഒരു കവിയുടെ വീക്ഷണകോണത്തിൽക്കൂടെയാണു ദൃശ്യലോകത്തെ കാണുക. സൃഷ്ടിതന്നെ ദൈവത്തെ മനുഷ്യർക്കു വെളിപ്പെടുത്തുന്ന ഒരു ഉപാധിയായി അവർ കരുതി. ഭൂമിയിൽ നിരവധി ഭംഗിയുള്ള സാധനങ്ങൾ ഉണ്ടു്. അതുകൊണ്ടു് ദൈവത്തിലും സൗന്ദര്യമുണ്ടു്; കാരണം, അവിടുത്തേക്കു ഇല്ലാത്ത ഒന്നിനെ അവിടുത്തേക്കു നൽകുന്നതിനു കഴിയുകയില്ല. സ്വച്ഛന്ദമായ ഒരു തടാകത്തിൽ ആകാശത്തിൻെറ സൗന്ദര്യം പ്രതിബിംബിക്കുന്നതുപോലെതന്നെ ദൈവത്തിൻെറ സൗന്ദര്യം പ്രകൃതിയിലും പകർന്നതായി വിശുദ്ധർ കണ്ടു. സൗന്ദര്യാരാധകനായ വി. ബെർണ്ണാർദ്ദ പറയുന്നു: "അനുഭവസ്ഥനായ ഒരുവനെ വിശ്വസിക്കുക, അതായതു്, നിങ്ങൾ ഗ്രന്ഥത്തിലേതിനെക്കാൾ സംതൃപ്തി വനങ്ങളിലാണു് കാണുക. അദ്ധ്യാപകരിൽനിന്നും ഗ്രഹിക്കാൻ കഴിയാത്തതു്, വൃക്ഷങ്ങളും പാറക്കൂട്ടങ്ങളും നിങ്ങളെ പഠിപ്പിക്കും." വി. ത്രേസ്യായുടെ വാക്കുകൾ ശ്രവിച്ചാലും: "വയലുകളും ജലാശയങ്ങളും പുഷ്പങ്ങളും കാണുക എന്നതു എനിക്കു വലിയ അനുഗ്രഹമായിരുന്നു. അതുകളിൽ ഞാൻ സ്രഷ്ടാവിൻെറ കാല്പാടുകൾ ദർശിച്ചു. ഇവകളുടെ ദർശനം എനിക്കു ഒരു പുസ്തകമായി പരിണമിച്ചു. സ്മരണകൾ എന്നെ ഉൽബുദ്ധയാക്കി." അങ്ങനെ പ്രകൃതിയുടെ സൂക്ഷ്മമായ പഠനം ഒരുവനെ ദൈവത്തോടു അടുപ്പിക്കുന്നതായി വിശുദ്ധൻ കാണിക്കുന്നു.

കവികളും കവികളല്ലാത്ത വിശുദ്ധരും പ്രകൃതിയിലെ ശോഭനമായ ഭാഗങ്ങൾ എടുത്തുകാണിച്ചിട്ടുണ്ടു്. വിശുദ്ധരുടെ ഗണത്തിൽപ്പെടാത്തവർ അനവധിയാണു്. എന്നാൽ വിശുദ്ധരുടേതിൽ അഗ്രഗണ്യൻ വി. ഫ്രാൻസിസു് അസ്സീസ്സിയാണു്. അഖിലലോകവും തന്നെ സ്നേഹിക്കുന്നുണ്ടു്. സൂര്യനെ തൻെറ സഹോദരനായും ചന്ദ്രനെ സഹോദരിയായും അങ്ങനെ ലോകത്തിലുള്ള സൃഷ്ടവസ്തുക്കളെ മുഴുവനും തൻെറ സ്നേഹിതരായി പരിഗണിക്കുന്ന ആ ചെറിയ കാഷായവേഷക്കാരനെ കത്തോലിക്കരും അകത്തോലിക്കരും മന്ദസ്മിതത്തോടെ വീക്ഷിക്കുന്നു. എളിമയുടെ കേദാരമായ വിശുദ്ധൻ ദൈവത്തിൻെറ ഒററവാക്കുമൂലം സൃഷ്ടിക്കപ്പെട്ട ഏററംചെറിയ വസ്തുക്കളെപ്പോലും അവിടുത്തേക്കുള്ള ഭക്തിക്കു സഹായകമായി കരുതുന്നു.

വി. ഗ്രന്ഥം സഭയ്ക്കുള്ള ഉപാധികൾ തരുന്നുണ്ടു്. ആധുനിക


---

എറണാകുളം മെത്രാപ്പോലീത്തൻദേവാലയത്തിലെ തിരുമുഖമാതാവിൻെറയും, വി. യൂദാശ്ലീഹായുടേയും, മദ്ധ്യസ്ഥതയിലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ലഭിച്ച അനുഗ്രഹങ്ങൾക്കു ഉപകാരസ്മരണ.

ഐ. ജെ. വക്കി,
എറണാകുളം

---

സംസ്കാരവും ചിന്തയും സൗന്ദര്യാത്മകമെങ്കിൽ അതിൻെറ മൂലം വി. ഗ്രന്ഥത്തിൽ കാണാവുന്നതാണു്. ബൈബിൾ ഗ്രന്ഥങ്ങളിൽ കാണുന്നിടത്തോളം പ്രകൃതിയെക്കുറിച്ചുള്ള ആസ്വാദനങ്ങൾ ഗ്രീക്കു് റോമൻ മുതലായ സാഹിത്യനഭോമണ്ഡലത്തിൽ കാണുകയില്ല. ഇതു് തൽകർത്താക്കളുടെ പരിശുദ്ധവും അഗാധവുമായ ദൈവവിശ്വാസത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു്. മനുഷ്യൻെറ ദൈവവുമായുള്ള സാംസ്കാരികവും ആദ്ധ്യാത്മികവുമായ ബന്ധത്തെ കുറിക്കുന്നതിനു അവർ പ്രകൃതിയുടെ സൗന്ദര്യത്തെ എപ്പോഴും എടുത്തുകാണിച്ചിരുന്നു. ശാസ്ത്രങ്ങളുടെ ആവിർഭാവത്തിനു വളരെമുമ്പുതന്നെ ഹീബ്രു കീർത്തനങ്ങൾ പ്രകാശപൂർണ്ണമായ പ്രകൃതിയുടെ വർണ്ണനകൾ ദൈവത്തിങ്കലേക്കു നമ്മെ ആനയിക്കുന്നുണ്ടു്. നാം എത്രമാത്രം മതാത്മകമായ ജീവിതം നയിക്കു-



Sr. Alphonsa, I.C.

ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

ഇ. എം. മത്തായി
എളങ്ങോയി, വാഴൂർ

---

ന്നുവോ അതനുസരിച്ചായിരിക്കും പ്രകൃതിയിലെ വസ്തുക്കളുടെ എളിയ ജീവിതത്തെക്കുറിച്ചും അതിൽ അന്തർലീനമായിരിക്കുന്ന ആദ്ധ്യാത്മികഛായകളെക്കുറിച്ചും നമുക്കു ഗ്രഹിക്കുവാൻ കഴിയുക.

പ്രകൃതിസൗന്ദര്യം ഹൃദയത്തിനു ലോകായതികമായ സന്തോഷം നൽകുമെങ്കിലും ആത്മാവിനു സമാധാനം ലഭിക്കണമെങ്കിൽ ദൈവത്തിന്നനുസൃതമായി പ്രകൃതിയെ പഠിക്കേണ്ടിയിരിക്കുന്നു. ദൈവമില്ലാതെ, ഒരു വനമോ അരുവിയോ ആത്മാവിനെ തൃപ്തിപ്പെടുത്തുകയില്ല. സൃഷ്ടവസ്തുക്കളെ സ്രഷ്ടാവിൽനിന്നും മാററി നിറുത്തിയാൽ അവ നിലനില്ക്കുകയില്ല. കൂടുതൽസൗന്ദര്യം തരുന്നതു് സ്രഷ്ടാവിനോടുകൂടി അവയെ നാം കാണുമ്പോഴാണു്. ഒരു പുഷ്പത്തിനു കലാഭംഗി കൊടുത്തതു് ദൈവമാണു്. ദൈവമാണു് അതുകളിൽ തേൻ നിക്ഷേപിച്ചിരിക്കുന്നതു്. സൂര്യനു ചൂടും മിന്നാമിനുങ്ങിനു വിളക്കും കൊടുത്തിരിക്കുന്നതു് ദൈവംതന്നെ. ഭൂമിയിലെ സൗന്ദര്യം അവിടുത്തേക്കു നമ്മോടുള്ള സ്നേഹത്തെ കാണിക്കുന്നു. ഒരുവൻ പ്രകൃതിയെക്കുറിച്ചു് കൂടുതൽ പഠിക്കുംതോറും പ്രകൃതിനാഥനെ കൂടുതൽ മഹത്വപ്പെടുത്തുന്നു. പ്രകൃതിയെ ശരിയായി മനസ്സിലാക്കുമ്പോൾ, "ഓ കർത്താവെ! അവിടുന്നു് സൃഷ്ടിച്ചതു സകലതും സൗന്ദര്യപൂർണ്ണമാണു്; അതിലും ഉപരിയായ സൗന്ദര്യധാമമാണു് അതിൻെറ സൃഷ്ടികർത്താവു്" എന്നു ഉൽഘോഷിക്കാതിരിക്കുവാൻ ആർക്കും നിവർത്തിയില്ല.

## ഒമാഹായിലെ "ബാലനഗർ" പ്രസിഡൻറു്

ഒമാഹായിലെ ബാലനഗർ പ്രസിഡൻറു് റൈററു് റവ. മോൺ. നിക്കോളാസു് എച്ച്. വെഗ്നർ കഴിഞ്ഞ മാസാവസാനത്തിൽ കല്ക്കട്ടായിൽ എത്തുകയും അവിടെയുള്ള യുവജനോദ്ധാരണസംഘടനകളെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പരോപകാരപ്രവർത്തന പദ്ധതികളേയും പരിശോധിക്കുന്നതിലും യുവജനങ്ങളെ അഭിസംബോധനംചെയ്തു് പ്രസംഗിക്കുന്നതിലും ചർച്ചായോഗങ്ങൾ നടത്തുന്നതിലും വ്യാപൃതനാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. "ബാലനഗർ" പ്രസ്ഥാനത്തേയും അത്ഭുതകരമായ അതിൻെറ സേവനചരിത്രത്തേയുംപററി അറിയാത്തവർ ഇന്നു ചുരുങ്ങും. 1917 ഡിസമ്പർ 12-ാംനു ഫാദർ എഡ്‌വേർഡു് ഫ്ളനഗൻ എന്ന വൈദികൻ വെറുംകൈയായി, ഒരു തല്ക്കാലകെട്ടിടത്തിൻെറ ഒരു മാസത്തെ വാടകയ്ക്കുവേണ്ടി 90 ഡോളർ കടംവാങ്ങി സമാരംഭിച്ച ഒരു പ്രസ്ഥാനമാണതു്. മോഹനമായ അതിൻെറ പേരിനെ അന്വർത്ഥമാക്കിക്കൊണ്ടു് ഇന്നു അതു ലോകം മുഴുവനും വ്യാപിച്ചു് തെരുവുകളിൽ അലഞ്ഞുതിരിഞ്ഞു നശിക്കുന്ന അനേകായിരം യുവതിടമ്പുകൾക്കു സങ്കേതവും, ഭവനവും, വിദ്യാലയവും, നഗരവുമായി പരിലസിക്കുന്നു. ബാലനഗർ പ്രവർത്തനങ്ങൾ ഇന്നു ചലച്ചിത്രത്തിൽപ്പോലും ലോകം ദർശിച്ചുകൊണ്ടിരിക്കുന്നുണ്ടു്.


Designs of Perfection



C. A. OUSEPH & SONS,
JEWELLERS
&
PIECE-GOODS MERCHANTS
TRICHUR.
TEL: OUSEPHSONS. PHONE: 243

C.P.&SONS. TCR.

# മാതാവിനോടുള്ള ഭക്തി

(പി. ഒ.)

ബഹുമാനിക്കുക, വണങ്ങുക, ആദരിക്കുക, പൂജിക്കുക, തൊഴുക, വന്ദിക്കുക എന്നിവയെല്ലാം മനുഷ്യപ്രകൃതിയുടെ ഒരു പ്രത്യേകതയാണ്. സാമൂഹ്യമായും ആദ്ധ്യാത്മികമായും മനുഷ്യൻ ഇവ അനുഷ്ഠിക്കാറുണ്ട്. മാതാപിതാക്കന്മാരേയും ഗുരുക്കന്മാരേയും നാം ബഹുമാനിക്കുന്നു. സഹജീവികളോട് നാം ദയകാണിക്കുന്നു. പൂർവ്വികന്മാരെ സ്മരിക്കുന്നു. വിജയികളെ അഭിനന്ദിക്കുന്നു. നിയമങ്ങളെ അനുസരിക്കുന്നു. മഹാന്മാരേയും നല്ലവരേയും സ്തുതിക്കുന്നു ഇതെല്ലാം അതാത് പാത്രങ്ങൾക്കനുരൂപമായ വിധത്തിൽ മാത്രമാണ് ചെയ്യാറുള്ളത്. ഇതുപോലെ ദൈവജനനിയായ പരിശുദ്ധ കന്യകാമറിയവും മാനുഷികവും അമാനുഷികവും ആയ കാരണങ്ങൾകൊണ്ടു നമ്മുടെ സ്നേഹബഹുമാനാദികൾക്കു പാത്രീഭൂതയാണ്.

പരമകാരുണികനായ ദൈവം കന്യകാമറിയംവഴി സ്വർഗ്ഗീയവരപ്രസാദങ്ങളും ദിവ്യാനുഗ്രഹങ്ങളും നന്മകളും മനുഷ്യർക്കു നൽകുന്നു. പരിശുദ്ധമറിയം അഥവാ ദൈവമാതാവ് "നരകസർപ്പത്തിന്റെ തല തകർക്കുമെന്നു" ദൈവം ആദിയിൽ അരുളിച്ചെയ്തു. അതിന്റെ സാക്ഷീകരണമാണ് അവളുടെ ജീവിതം.

പരിശുദ്ധകന്യകയുടെ ജനനവും ബാല്യകാലവും ഒന്നു പരിശോധിക്കാം. യഹൂദസമുദായത്തിൽ സാധാരണ സാഹചര്യങ്ങളിൽ ജീവിച്ചിരുന്ന ഭാര്യാഭർത്താക്കന്മാർ—ജോക്കിം അന്ന. പണംകൊണ്ടോ പ്രതാപംകൊണ്ടോ അഗണ്യർ. അവരുടെ സുത മറിയം. പ്രകൃതി നിശ്ശബ്ദമായിരിക്കുന്ന സമയത്താണ് ജനനംതന്നെ അന്ന് സമുദായം ഈ പാവപ്പെട്ട ബാലികയെ കണക്കാക്കിയില്ല. ജന്മപാപത്തിന്റെ കരാളഹസ്തവലയത്തിൽപ്പെട്ടതന്നെയാണ് ഈ കുട്ടിയുടെയും ജനനമെന്ന് അന്നുള്ളവർ വിശ്വസിച്ചിരുന്നതിൽ അത്ഭുതത്തിനു അവശ്യം ഇല്ലല്ലോ; കാരണം, ദൈവത്തിന്റെ പരിപാലനാരഹസ്യം അഗ്രാഹ്യമായിരുന്നു. ജന്മപാപത്തിന്റെ കറപോലും തീണ്ടാത്ത ഒരു കൊച്ചു റോസാപുഷ്പം, ലോകരക്ഷകന്റെ മാതാവു, ദൈവത്തിന്റെ പ്രിയജനനി ഇതെല്ലാമായിരുന്നു യഥാർത്ഥത്തിൽ ആ കൊച്ചുബാലിക. ബാല്യത്തിൽ തന്നെ കന്യാവ്രതം വാഗ്ദാനം ചെയ്ത് തന്റെ വാത്സല്യമാതാപിതാക്കളെ സഹായിച്ച് മാതൃകാപരമായ ഒരു നിർമ്മലജീവിതം നയിച്ചുവന്നു അവൾ.

കാലചക്രം തിരിഞ്ഞു. ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് പറയുന്നു: നീ ലോകരക്ഷിതാവായ ദൈവത്തിന്റെ അമ്മയാകുമെന്നു്. കാര്യം ഗ്രഹിക്കാതെ അവൾ ഒന്നു പരിഭ്രമിച്ചു. വീണ്ടും സാന്ത്വനവാക്കുകൾ. അങ്ങനെ ആ ചാരിത്ര്യത്തിന്റെ അഭിരാമകുസുമം ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി. പരമപിതാവിന്റെ പ്രിയപുത്രിയാവുകയും ലോകരക്ഷകന്റെ മാതാവാകയും ചെയ്തു. ഇതിലും മഹത്തായ ഒരു പദവി ആർക്കെങ്കിലും ഇഹലോകത്തിലും പരലോകത്തിലും ലഭിക്കുമോ?

അതാ, നമ്മൾ വീണ്ടും കാണുന്നു ആ മാതാവിനെത്തന്നെ, തന്റെ ഏകപുത്രൻ അനുഭവിച്ച പങ്കപ്പാടിലും കുരിശുമരണത്തിലും ഒരു പങ്കാളിയായി. നിഷ്ഠുരന്മാരായ യഹൂദന്മാരുടെ സർവ്വവിധ അപമാനങ്ങൾക്കും മർദ്ദനങ്ങൾക്കും പാത്രമായ തന്റെ പുത്രനെ അനുഗമിച്ച് ഗാഗുൽത്താമലവരെ അവർ എത്തുന്നു. അവിടെവച്ച് ക്രിസ്തുവിന്റെ കുരിശുമരണത്തിൽ പങ്കാളിയാകുന്നു. വീണ്ടും, ഇടയനില്ലാത്ത ആട്ടിൻപറ്റത്തെപ്പോലെയായ ക്രിസ്തുശിഷ്യന്മാരെ ആ ധീരമതി സാന്ത്വനപ്പെടുത്തുന്നു. ഇതികർത്തവ്യതാമൂഢരായ അവർക്ക് ഉത്തേജനം നൽകി അവരെ ക്രിസ്തുവിന്റെ ആജ്ഞ നിർവ്വഹിക്കുന്നതിനു് സഹായിക്കുന്നു.

ഇങ്ങനെ ദുഃഖത്തിന്റേയും സന്തോഷത്തിന്റേയും പര്യായപദമായ മറിയം അവളുടെ ജീവിതദൗത്യം ഫലപ്രദമായി നിർവ്വഹിച്ചു. ലോകത്തോടു യാത്രപറയുന്ന അവസരത്തിൽ സകല മാലാഖമാരാലും ദൈവമായ തന്റെ പുത്രനാലും അവൾ സ്വർഗ്ഗത്തിലേക്കു് ആനയിക്കപ്പെടുന്നു. സ്വർല്ലോകത്താൽ വാഴ്ത്തപ്പെട്ട് പുത്രസമീപത്തിൽ അവൾ പ്രതിഷ്ഠിക്കപ്പെടുന്നു. മാനവരിൽ ഉടലോടുകൂടി മോക്ഷരാജ്യത്തിൽ പ്രവേശിച്ച ഏകവ്യക്തി മറിയമല്ലാതെ വേറെ ആരാണ്? മാലാഖമാരാലും പുണ്യാത്മാക്കളാലും അത്യധികം ബഹുമാനിക്കപ്പെടുന്ന ഏക സ്ത്രീരത്നം ഈ മാതാവു തന്നെ.

പരിശുദ്ധകന്യകാമറിയം പരമശക്തനായ ദൈവത്തിന്റെ മാതാവാകുന്നു. ക്രിസ്തു ദൈവമാകുന്നതുകൊണ്ട് അദ്ദേഹത്തിന്റെ മാതാവ് ദൈവമാതാവുതന്നെയാണ്. ഭൗതികവാദികൾ ഇതിനോടു യോജിക്കുന്നില്ല. പാപാന്ധകാരത്താൽ കാഴ്ചമറഞ്ഞിരിക്കുന്നവർ സർവ്വശക്തനായ ക്രിസ്തു ദൈവമല്ലെന്നും കന്യകമറിയം ദൈവത്തിന്റെ മാതാവല്ലെന്നും വാദിച്ചേക്കാം. "നെസ്തോറിയസ്" അങ്ങിനെ വാദിച്ചു. ക്രിസ്തുവിൽ വ്യത്യസ്തമായ രണ്ടു സ്വഭാവം മാത്രമല്ല, വ്യത്യസ്തമായ രണ്ടാളുകൾ ഉണ്ടെന്നും തന്മൂലം പരിശുദ്ധമറിയം മനുഷ്യനായ ക്രിസ്തുവിന്റെ അമ്മ മാത്രമാണെന്നും അയാൾ പഠിപ്പിച്ചു. ഇതു വെറും അബദ്ധംമാത്രമാണ്. ഈ "നെസ്തോറിയൻ സിദ്ധാന്തം" എ. ഡി. 431-ൽ കൗൺസിൽ ഓഫ് എഫേസൂസ് (Council of Ephesus) ശപിച്ചുതള്ളുകയും പരിശുദ്ധമറിയം ദൈവമാതാവാണെന്നു് സ്ഥാപിക്കുകയും ചെയ്തു. ദൈവത്തിന്റെ മാതാവായ മറിയം യഥാർത്ഥത്തിൽ എല്ലാവരുടേയും അമ്മയാണ്. ഇഹത്തിലും പരത്തിലും അവർ നമ്മുടെ പ്രിയപ്പെട്ട മാതാവുതന്നെയാണ്.

ഈ ദൈവമാതാവ് സകല ദൈവവരപ്രസാദങ്ങളുടേയും നന്മകളുടേയും വറ്റാത്ത ഉറവയാണ്. മറിയം മുഖേനയാണ് നമുക്ക് എല്ലാ ദൈവാനുഗ്രഹവും ലഭിക്കുന്നത്. ചുരുക്കത്തിൽ പരിശുദ്ധമറിയത്തിന്റെ അനുഗ്രഹം ഇല്ലെങ്കിൽ പ്രായോഗികമായി മോക്ഷരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ലാ എന്നാണ് വിശുദ്ധന്മാർ പഠിപ്പിക്കുന്നത്. വിശുദ്ധ ബർണാർഡ് പറയുന്നു: "മറിയം മോക്ഷത്തിലേക്കുള്ള ഒരു വാഹനമാകുന്നു." വിശുദ്ധ അഫ്രേം പറയുന്നതു്, "മറിയം മോക്ഷരാജ്യത്തിന്റെ കവാടമാണ്" എന്നത്രേ. ദൈവം പാപരഹിതയായി രണ്ടാം ഹവ്വായെ സൃഷ്ടിച്ചു. തന്നെയല്ല ഈ മാതാവിനെ മോക്ഷരാജ്ഞിയായി ഉയർത്തി. ഇതിൽ കൂടുതൽ എന്താണ് ഒരാൾക്ക് ലഭിക്കുക. ഇത്തരത്തിലുള്ള മഹോന്നതസ്ഥാനങ്ങൾ ലഭിച്ചിരിക്കുന്ന മറിയം എല്ലാ വിധത്തിലുള്ള സ്തുതിക്കും വണക്കത്തിനും തികച്ചും യോഗ്യയാണ്.

# പുസ്തകാഭിപ്രായം

## The Thomist

(Palai St. Thomas College Magazine 1953—54)

പാലാ സെന്റ് തോമസ് കോളേജിന്റെ 53-54 വർഷത്തെ പ്രവർത്തനങ്ങളെ ഉള്ളടക്കിക്കൊണ്ടും, പ്രധാന സംഭവങ്ങളെ രേഖപ്പെടുത്തിക്കൊണ്ടും മനോഹരമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വാർഷികഗ്രന്ഥമാണ് ഞങ്ങളുടെ മുമ്പിലിരിക്കുന്ന The Thomist. പാലാ കലാലയം സമാരംഭിച്ചിട്ട് ഇത്ര ചുരുങ്ങിയ കാലയളവിൽ എത്ര സമുന്നതമായ ഒരു സ്ഥാനം അതു കൈവരിച്ചുകഴിഞ്ഞു എന്നുള്ളതിനു് പ്രത്യക്ഷമായ ഒരു ചരിത്രരേഖയാണ് ഈ സ്മാരകറിപ്പോർട്ട്. അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനി, ഇന്ത്യയുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു, തിരുക്കൊച്ചി രാജപ്രമുഖൻ തിരുമേനി, ഇന്ത്യയിലെ അപ്പസ്തോലിക്ക് ഇന്റർനൺഷ്യോ തിരുമേനി ആദിയായി വിശ്വവിഖ്യാതരായ മഹാന്മാരുടെ സാന്നിദ്ധ്യവും തദനുചിതമായ വമ്പിച്ച പരിപാടികളും ഇക്കൊല്ലത്തെ ആഘോഷച്ചടങ്ങുകളിൽ പ്രമുഖസ്ഥാനത്തെ അർഹിക്കുന്നവയാണ്. കോളേജുകെട്ടിടങ്ങളുടെ പണിയിലും സജ്ജീകരണങ്ങളിലും കൈവന്നിട്ടുള്ള പുരോഗതി അത്ഭുതാവഹമാണ്. വിദ്യാർത്ഥികളുടെ ബഹുമുഖമായ പ്രവർത്തനങ്ങളും, വിജ്ഞാനത്തിലും ശിക്ഷണത്തിലും വിജയശതമാനത്തിലും നിലനിർത്തിപ്പോരുന്ന ഉയർന്ന മാനദണ്ഡവും കലാലയപ്രവർത്തനത്തിന്റെ വിജയത്തെ വിളിച്ചറിയിക്കുന്നു. വിദ്യാർത്ഥികൾതന്നെ എഴുതിയിട്ടുള്ള ലേഖനങ്ങളും കവിതകളും കുറിപ്പുകളും സാഹിത്യപരമായ മററു പ്രവർത്തനങ്ങളും ആകർഷകമായിരിക്കുന്നു. വാർഷികപ്രസിദ്ധീകരണത്തിൽ ചേർത്തിട്ടുള്ള മനോഹരമായ ഫോട്ടോകൾ ആരെയും ആകർഷിക്കുന്നവയാണ്. സ്ഥാപനത്തിനു് സർവ്വവിധ വിജയങ്ങളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## Cardinal Tisserant Special

(Trichur St. Thomas College Magazine March 1954)

തൃശ്ശൂർ സെന്റ് തോമസ് കോളേജ് മാസികയുടെ 28-ാംവാല്യം കർദ്ദിനാൾ തിസ്സെരാങ്ങ് സ്പെഷലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മനോഹരമായ സ്മാരകമാണ് ഈ വിശിഷ്ടഗ്രന്ഥം. കേരളം സന്ദർശിച്ച അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിയുടെ സ്വീകരണച്ചടങ്ങുകളാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതോടൊന്നിച്ച് കലാലയത്തിന്റെ ഇക്കൊല്ലത്തെ ചരിത്രസംഗ്രഹവും വിദ്യാർത്ഥികളുടെ നിരവധി വിശിഷ്ടലേഖനങ്ങളും ഈ പ്രസിദ്ധീകരണം ചേതോഹരമായി ഉള്ളടക്കുന്നു. അത്യാകർഷകമായ ഈ പ്രസിദ്ധീകരണം പ്രശസ്തമായ സെന്റ് തോമസ് കോളേജിന്റെ പ്രവർത്തനങ്ങളെ സമുചിതമായ രീതിയിൽ ബഹുജനസമക്ഷം ഒരിക്കൽക്കൂടി അവതരിപ്പിക്കുന്നു. കോളേജിനും അതിന്റെ മഹനീയമായ പ്രവർത്തനങ്ങൾക്കും വിജയം ആശംസിച്ചുകൊള്ളുന്നു.

## "The Ideal"

(Thevara S. H. College Sodality occasional-Marian Jubilee Year Special)

തേവര സേക്രഡ് ഹാർട്ട് കോളേജിൽ പ്രശസ്തമായി പ്രവർത്തനം നടത്തുന്ന മരിയസഖ്യം, മരിയജൂബിലി പ്രമാണിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ സ്പെഷൽ ലക്കം എത്രയും സമീചീനവും സമാകർഷകവുമായിരിക്കുന്നു. മരിയഭക്തിയെ ഉത്തേജിപ്പിക്കുന്ന മാതൃകാപരമായ പ്രവർത്തനങ്ങളുടേയും വിശിഷ്ട ലേഖനങ്ങളുടേയും ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിയുടെ തേവരസന്ദർശനരംഗങ്ങൾ അവിടത്തെ മരിയസഖ്യപ്രവർത്തനങ്ങൾക്കു് ഒരു പുതിയ ഉണർവ്വ് പ്രദാനം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതയും ഇതിൽ തെളിഞ്ഞുകാണാം. കലാലയകവാടങ്ങൾ കടന്നു അഭ്യസ്തവിദ്യരായി ജനനേതാക്കളായി ലോകരംഗത്തേക്കിറങ്ങുന്ന യുവജനങ്ങൾ മരിയഭക്തിയിൽ അടിയുറച്ചവരാണെങ്കിൽ നമ്മുടെ ഭാവിയെപ്പററി യാതൊരാശങ്കയ്ക്കും കാരണമില്ല എന്നു തീർത്തും പറയാവുന്നതാണ്. കമ്മലീത്താ വൈദികരാൽ നടത്തപ്പെടുന്ന തേവര കോളേജ് ഇക്കാര്യത്തിൽ മാതൃകാപരമായ ഒരു ചരിത്രം സൃഷ്ടിക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. കോളേജിനും പ്രത്യേകിച്ച മരിയസഖ്യപ്രവർത്തനങ്ങൾക്കും ഞങ്ങൾ ഹൃദയംഗമമായ ആശിസ്സുകൾ നേർന്നുകൊള്ളുന്നു.

(J. P. V.)


# റഷ്യയിൽ മതവിശ്വാസം നശിച്ചുവോ?

റഷ്യൻ കേന്ദ്രങ്ങൾ സന്ദർശിച്ചു മടങ്ങിയെത്തിയ ഒരു ബ്രിട്ടീഷ് ട്രേഡ്‌യൂണിയൻ പ്രവർത്തകൻ മതവിശ്വാസത്തെ സംബന്ധിച്ചു റഷ്യയിലെ തന്റെ അനുഭവങ്ങളേയും അറിവുകളേയും ആധാരമാക്കി പ്രസ്താവിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്.

ജോർജിയാ നഗരത്തിലുള്ള പയനീർ പാലസ് എന്ന മന്ദിരത്തിൽ നടത്തപ്പെടുന്ന പ്രഖ്യാതമായ ബാലവായനശാല അദ്ദേഹം സന്ദർശിച്ചു. അവിടെ ശേഖരിച്ചിട്ടുള്ള 90,000 ബാലസാഹിത്യഗ്രന്ഥങ്ങളിൽ ഒന്നെങ്കിലും മതത്തെ സ്പർശിക്കുന്നതായുണ്ടായിരുന്നില്ല. അതേപ്പററി ഗ്രന്ഥശാലാ കാര്യദർശി നൽകിയ വിശദീകരണം, അദ്ദേഹത്തോടു അന്നുവരെ യാതൊരു കുട്ടിയും അത്തരത്തിലുള്ള ഒരു ഗ്രന്ഥം ആവശ്യപ്പെട്ടിട്ടില്ല എന്നായിരുന്നു. കമ്മ്യൂണിസ്റ്റ്ഭവനങ്ങളിൽ നിരീശ്വരപരമായ പരിശീലനത്തിൽ വളർത്തപ്പെടുന്ന ഒരു തലമുറക്കാർ മാത്രമായിരിക്കാം ഈ നഗരഗ്രന്ഥാലയത്തെ സന്ദർശിക്കുന്നതു്.

ബിലിസി എന്ന സ്ഥലത്തുള്ള ഒരു വലിയ ബാലികാവിദ്യാലയം അദ്ദേഹം സന്ദർശിച്ചു. 7 മുതൽ 17 വരെ പ്രായത്തിലുള്ള 1,100 കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. അവിടത്തെ ഹെഡ്‌മാസ്റ്ററുമായുള്ള സംഭാഷണത്തിൽ അദ്ദേഹം ചോദിച്ചു: ഇവിടെ മതപഠനം നടത്തുന്നുണ്ടോ? എന്ന്. അരോചകമായ ഭാവത്തിൽ അദ്ദേഹം നൽകിയ മറുപടി, "മതവിരുദ്ധമായ മതത്തെയാണ് നിങ്ങൾ വിവക്ഷിക്കുന്നതെങ്കിൽ അതു ഞങ്ങൾ പഠിപ്പിക്കുന്നുണ്ട്" എന്നായിരുന്നു.

മതത്തെ ജനഹൃദയങ്ങളിൽനിന്നു വേരു പറിച്ചു കളയുന്നതിനു ഈവിധത്തിൽ സാഹസികമായി അവർ പരിശ്രമിക്കുന്നുണ്ടെങ്കിലും ഫലം പ്രത്യക്ഷത്തിൽ നേരെ മറിച്ചാണെന്നു അദ്ദേഹം അനുഭവത്തിൽനിന്നു തെളിയിക്കുന്നു. റഷ്യയിൽ ഒട്ടാകെ ഇന്നു രണ്ടു കത്തോലിക്കാ ദേവാലയങ്ങൾ മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളുവല്ലോ: ഒന്നു മോസ്കോയിലും, മറ്റൊന്നു ലെനിൻഗ്രാഡിലും. ഒരു ഞായറാഴ്ച അദ്ദേഹം ലെനിൻഗ്രാഡിലെ ദേവാലയം സന്ദർശിച്ചു. വിശുദ്ധകുർബാനയ്ക്കു സമയമാകുന്നതിനു ഒരു മണിക്കൂർ മുമ്പുതന്നെ ഭക്തജനങ്ങളെക്കൊണ്ടു പള്ളി നിറഞ്ഞിരുന്നു. അവർ പ്രാർത്ഥനകൾ ചൊല്ലിയും ഗാനങ്ങൾ ആലപിച്ചും ഭക്തിനിർഭരമായി സമയം ചിലവഴിച്ചുകൊണ്ടിരുന്നു. ജനങ്ങളിൽ ഒരു നല്ല വിഭാഗം മദ്ധ്യപ്രായം കഴിഞ്ഞവരായിരുന്നു എങ്കിലും യുവതീയുവാക്കന്മാരും ബാലികാബാലന്മാരും താരതമ്യേന ഒട്ടും കുറവായിരുന്നില്ല. അതിനിടയ്ക്കു അദ്ദേഹം ഇടവകവൈദികനായ ഫാദർ കോസ്‌ലാസുമായി അല്പം സംസാരിക്കുന്നതിനു സങ്കീർത്തിമുറിയിലേ






ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം

... വയലിൽ മീഖേൽ, അഞ്ചിരി

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

# ലഘുനിക്ഷേപഫണ്ട്

(ഡേവിഡ് മഹാപിള്ള)

ഈ സഖ്യത്തിൻെറ ലക്ഷ്യം ആത്മവിശുദ്ധീകരണമാണല്ലോ. ഇതിനുള്ള മാർഗ്ഗങ്ങൾ രണ്ടാണ്— ദിവ്യപൂജ, ദിവ്യകാരുണ്യസ്വീകരണം, പ്രാർത്ഥന ആദിയായ ആത്മീയങ്ങളും, സാധുസന്ദർശനം, സഹായദാനം ആദിയായ ഭൗതികങ്ങളും. ഭൗതികമാർഗ്ഗങ്ങളിൽ സർവ്വപ്രധാനമായതു ഗൃഹസന്ദർശനമാണ്. ഇതു സാധാരണമായി കോൺഫറൻസുകളിൽ സഹായത്തിനായി സ്വീകരിക്കപ്പെടുന്ന കുടുംബങ്ങൾക്കു മാത്രമേ അനുഭവസിദ്ധമാകുന്നുള്ളൂ. ഇങ്ങനെ സ്വീകരിക്കപ്പെടുന്ന് കുടുംബങ്ങളുടെ എണ്ണമാകട്ടെ പ്രായേണ വളരെക്കുറവുമായിരിക്കും. കാരണം സാധാരണ കോൺഫറൻസുകളുടെ കഴിവു പരിമിതമാണ്. കോൺഫറൻസുകളിൽനിന്നു സന്ദർശിക്കുന്ന സാധുകുടുംബങ്ങളുടെ എണ്ണം കുറയുന്നതിനനുസരണം ആദ്ധ്യാത്മികപ്രവർത്തനങ്ങളും കുറയുന്നു. ഇതിനൊരു പ്രതിവിധിയായിട്ടാണ്—സന്ദർശനത്തിനും അങ്ങനെ ആദ്ധ്യാത്മികപ്രവർത്തനങ്ങൾക്കും കൂടുതൽ സന്ദർഭവും സൗകര്യവും ഉണ്ടാകുന്നതിനാണ്—സഖ്യത്തിൽനിന്നു നിരവധി പ്രത്യേകപ്രവർത്തനങ്ങൾ നടത്തിവരുന്നതു്. കേരളത്തിലെ കോൺഫറൻസുകൾ യാതൊരുവിധ വിശേഷാൽ പ്രവർത്തനങ്ങളിലും ഏർപ്പെടാതെ, അല്പസ്വല്പ സഹായവിതരണംകൊണ്ടുമാത്രം തൃപ്തരായി കഴിയുകയാണ്. ഈ നിർജ്ജീവാവസ്ഥയിൽനിന്നു കോൺഫറൻസുകൾ ഉണരണം. സ്ഥലത്തെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ചു ഏതെങ്കിലും പ്രത്യേക പ്രവർത്തനങ്ങളിലേർപ്പെടണം. പ്രാദേശികകൗൺസിലുകളും സെൻട്രൽ കൗൺസിലുകളും കോൺഫറൻസുകളെ ഇതിനു പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാത്രമല്ല പ്രസ്തുത കൗൺസിലുകൾ തന്നെ നേരിട്ടും ഈവിധ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

ഈ നാട്ടിലെ സാഹചര്യങ്ങളിൽ ഏററം ആവശ്യവും പ്രയോജനകരമായി നടത്താവുന്നതുമായ ഒന്നാണ് "ലഘുനിക്ഷേപ"പദ്ധതി. ഇതു സഖ്യത്തിൻെറ ആദർശത്തിനും നയത്തിനും തികച്ചും അനുയോജ്യവും എവിടെയും ഏതു കോൺഫറൻസിനും അനായാസേന നടത്താവുന്നതുമാണ്.

സാധാരണയായി എന്തെങ്കിലും മിച്ചംവയ്ക്കുന്ന ഒരു പതിവു സാധുക്കളുടെയിടയിലില്ല. തൊഴിൽക്കാരിലും മററും പലരും കടത്തിലും കഷ്ടതയിലും ആകുന്നതിനു പ്രധാനഹേതു അവരുടെ നിയന്ത്രണമില്ലാത്ത ചിലവാണ്. കുടുംബത്തിലെ അത്യാവശ്യങ്ങൾക്കുപോലും വകയില്ലെന്നു വിലപിക്കുന്ന പലരും "പെരുന്നാളിനും" "ബൗത്തീസി"നും (മാമ്മോദീസാക്കു്) മരിച്ചടക്കിനും മററും വ്യർത്ഥമായി ധൂർത്തടിക്കുന്നതു ഒട്ടും അപൂർവ്വമല്ല. കുടുംബത്തെ നിത്യേതക്കു വിഷമിക്കുന്നവരും കള്ളുഷാപ്പിലും, കാപ്പിക്കടയിലും, സിനിമാശാലയിലും ലോഭമെന്യേ ചിലവാക്കുന്നുണ്ട്. അജ്ഞരും വിവേകരഹിതരുമായ പാവങ്ങളെ ഇതിൽനിന്നെല്ലാം വിമുക്തരാക്കി സാമ്പത്തികമായും സാമൂഹ്യമായും ഉദ്ധരിക്കുവാൻ സഖ്യം സന്നദ്ധമാകണം. ഓസ്സാനാം പറയുന്നു: "ഈ സഹായത്തിൻെറ മൗലികോദ്ദേശം നമ്മുടെ ധാർമ്മികപ്രേരണയെ ഫലിപ്പിക്കുന്നതിനാണ്. നമ്മുടെ സാധുക്കളുടെ കുടുംബങ്ങളിലെ ക്രമക്കേടുകളെ ശരിപ്പെടുത്തുക. അവരുടെ നിരവധി ദുഃഖങ്ങളിൽ ആശ്വസിപ്പിക്കുകയും സർവ്വോപരി ദുർഗ്ഗുണങ്ങളെ ദൂരീകരിക്കുകയും ചെയ്യുക. ഇതത്രെ നമ്മുടെ ജോലി. (മാനു. പേ. 194).

സാധുക്കൾക്കു കോൺഫറൻസുകളിൽനിന്നു ചില്ലറസഹായം ചെയ്തുകൊടുത്താൽ മാത്രംപോരാ. അവരുടെ ദുരിതകാരണങ്ങളെ ആരാഞ്ഞറിഞ്ഞു പരിഹരിക്കുകയും, ക്രമേണ സ്വയം ജീവിക്കുവാനുള്ള സാഹചര്യങ്ങളുണ്ടാക്കിക്കൊടുക്കുകയുംവേണം. ഇതിനെല്ലാം ഒരുത്തമമാർഗ്ഗമാണ് ലഘുനിക്ഷേപഏർപ്പാട്. കടത്തിലകപ്പെട്ടവർക്കു കടംവീട്ടി രക്ഷനേടാനും, ഓരോരോ അത്യാവശ്യങ്ങൾക്കു കടംവാങ്ങാതെ കഴിക്കുന്നതിനും ഇതു സഹായകരമായിരിക്കും.

ഇതു വളരെ ലഘുവായ ഒരേർപ്പാടാണ്. ഇതിൻെറ ചുമതല വഹിക്കുവാൻ കോൺഫറൻസംഗങ്ങളിൽനിന്നു ഒരു പ്രത്യേകകമ്മററിയെ ഏർപ്പെടുത്തണം. പ്രാരംഭത്തിൽ അംഗങ്ങൾ പാവങ്ങളെ നേരിട്ടുകണ്ടു പ്രേരിപ്പിച്ചു ഈ പദ്ധതിയിൽ ചേർക്കേണ്ടിവരും. കുറച്ചുകഴിഞ്ഞാൽ ആളുകൾ സ്വയം ഇങ്ങോട്ടു വന്നുകൊള്ളും. നിക്ഷേപതുക അംഗങ്ങൾ പോയി വാങ്ങുന്ന സമ്പ്രദായമോ നിക്ഷേപകർ കോൺഫറൻസാഫീസിൽ നിശ്ചിതസമയത്തു കൊണ്ടുവന്നടയ്ക്കുന്ന രീതിയോ ആവാം. ഇതിൽ രണ്ടാമത്തേതാകുമ്പോൾ ഗൃഹസന്ദർശനത്തിനുള്ള അവസരം നഷ്ടപ്പെടുന്നതായിരിക്കും.

ഓരോ നിക്ഷേപകനും ഓരോ പാസ്സുബുക്കുകൊടുക്കണം; അടയ്ക്കുന്ന തുക അതിൽ അപ്പഴപ്പോൾ വരവുവച്ചു കൊടുക്കണം. നിക്ഷേപതുക എല്ലാം കൂട്ടിച്ചേർത്തു കോൺഫറൻസു നിശ്ചയിക്കുന്ന ബാങ്കിൽ കമ്മററി പ്രസിഡണ്ടിൻെറ പേരിൽ അപ്പഴപ്പോൾ (എല്ലാ തിങ്കളാഴ്ചയും) നിക്ഷേപിക്കണം. ബാങ്കിൽനിന്നു കിട്ടുന്ന പലിശ വീതാനുക്രമം നിക്ഷേപകർക്കു വീതിച്ചു പാസ്സുബുക്കിൽ വരവുവച്ചുകൊടുക്കേണ്ടതുമാണ്. ഇതിനെല്ലാം അത്യാവശ്യം വേണ്ട വ്യവസ്ഥകളെഴുതി—നിക്ഷേപകരുടെ രജിസ്റ്റർബുക്കിൽ ആദ്യഭാഗത്തു എഴുതി — നിക്ഷേപകരെക്കൊണ്ടു സാക്ഷിസഹിതം ഒപ്പിടുവിച്ചു വാങ്ങുകയുംവേണം. വിവാഹാവശ്യം, പാർപ്പിടം ഉണ്ടാക്കുക, കടം വീട്ടുക ആദിയായ പ്രയോജനകരമായ ആവശ്യങ്ങൾക്കോ, സുഖക്കേടു, മരണം മുതലായ അടിയന്തിരാവശ്യങ്ങൾക്കോ മാത്രമേ നിക്ഷേപസംഖ്യ തിരികെ ചോദിക്കുവാനോ, വാങ്ങുവാനോ അവകാശമുള്ളൂ എന്നു പ്രത്യേകം വ്യവസ്ഥപ്പെടുത്തണം. ഇതു സാധാരണരീതിയിലുള്ള നിക്ഷേപഏർപ്പാടാണ്.

ഇതിലും കുറേക്കൂടി ആകർഷണീയമായ മറെറാരു രീതിയിലുമാകാം. അതു പ്രോവിഡൻറു ഫണ്ടു് സിസ്റ്റത്തിലുള്ളതാണ്. നിക്ഷേപകർ അടയ്ക്കുന്ന തുകയ്ക്കു അത്രയുമോ, അതിൻെറ അരയോ, കാലോ അരയ്ക്കാലോ വീതമോ ഉള്ള തുക കോൺഫറൻസിൽനിന്നു കൊടുക്കുക. ഇങ്ങിനെ കൊടുക്കുന്ന തുക അപ്പഴപ്പോൾ അടയ്ക്കുന്ന തുകയോടു ചേർത്തു പാസ്സുബുക്കിൽ വരവുവച്ചു കൊടുക്കുകയോ, ആണ്ടുവട്ടമുള്ള തുകയോടു ചേർത്തോ, ചുരുങ്ങിയ പക്ഷം നിക്ഷേപതുക പിൻവലിക്കുന്ന അവസരത്തിൽ അപ്പോഴുള്ള തുകയോടു ചേർത്തോ കൊടുക്കത്തക്കവിധം വ്യവസ്ഥ ചെയ്യേണ്ടതാണ്. സാധുക്കൾക്കു വളരെ ആകർഷണീയമാണു ഈ രീതി. ഫ്രാൻസ്, ഇററലി, ഐർലണ്ടു്, സ്പെയിൻ ആദിയായ പല രാജ്യങ്ങളിലും ഈ രീതി വിജയപൂർവ്വം നടത്തിപ്പോരുന്നുണ്ടു്. പലേടത്തും ഇതിലേക്കു വേണ്ട തുക ഉദാരമതികളായ ധനികരിൽനിന്നു്, നിഷ്പ്രയാസം പിരിച്ചെടുക്കാവുന്നതാണ്. വിവാഹം, മാമ്മോദീസാ, ശ്രാദ്ധം എന്നിങ്ങനെയുള്ള വിശേഷങ്ങൾ പ്രമാണിച്ചു സമ്പന്നരും സ്ഥിതിയുള്ള വരുമായവരിൽനിന്നു ഇതിലേക്കു പ്രത്യേകം സംഭാവനകൾ ലഭിക്കാവുന്നതത്രേ. ഈ രീതി സ്വീകരിക്കുമ്പോൾ പ്രതിമാസം 60-70 രൂപയിൽ അധികം വരുമാനമില്ലാത്തവരെ മാത്രമേ ഈ പദ്ധതിയിൽ നിക്ഷേപകരായി ചേർക്കുകയുള്ളൂ എന്നും, നിക്ഷേപതുകയുടെ പരമാവധി ആഴ്ചയിൽ ഒന്നോ രണ്ടോ രൂപയെന്നും വ്യവസ്ഥപ്പെടുത്തേണ്ടതും ആവശ്യമാണ്.

ചില സ്ഥലങ്ങളിൽ "വിപ്ലവകാർ" കോൺഫറൻസു പ്രവർത്തനങ്ങളിൽ കുഴപ്പമുണ്ടാക്കാനും മററുംഇതിൽചേർന്നുഎന്നുവരാം. അതിനൊന്നും അവസരം കൊടുക്കാതെ സൂക്ഷിക്കണം. ഏതൊരപേക്ഷയും കാരണം കൂടാതെ നിരസിക്കുവാൻ കമ്മററിക്കധികാരമുണ്ടെന്നുള്ള വ്യവസ്ഥ വേണം. മൈനർമാരേയും രക്ഷാകർത്താക്കൾവഴി ഈ പദ്ധതിയിൽ സ്വീകരിക്കാവുന്നതാണ്. ഓരോ നിക്ഷേപകനും അയാളുടെ അവകാശിയെ നിശ്ചയിച്ചു പാസ്സുബുക്കിൽ രേഖപ്പെടുത്തേണ്ടതാകുന്നു.

ഇതിൻെറ നടത്തിപ്പിനു "നിക്ഷേപഫണ്ടുകമ്മററി" എന്ന പേരിൽ ഒരു പ്രത്യേക കമ്മററിയെ കോൺഫറൻസു പ്രസിഡൻറ് യോഗത്തിൽനിന്നു അംഗങ്ങളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ടു നിയമിക്കണം. ഇതിനു ഒരു പ്രസിഡണ്ടും സിക്രട്ടറിയും ഖജാൻജിയും ഉണ്ടായിരിക്കണം. നിക്ഷേപകരുടെ രജിസ്റ്റർ തുടങ്ങിയ റിക്കാർഡുകൾ സൂക്ഷിക്കുകയും എഴുത്തുകുത്തുകൾ നടത്തുകയും മററും ചെയ്യേണ്ടതു സിക്രട്ടറിയും പണത്തിൻെറ ഉത്തരവാദിത്വം വഹിക്കുകയും കണക്കു സൂക്ഷിക്കുകയും ചെയ്യേണ്ടതു ഖജാൻജിയുമാണ്. എല്ലാററിൻെറയും മേലന്വേഷണവും നിയന്ത്രണവും ഉത്തരവാദിത്വവും പ്രസിഡൻറിനുള്ളതായിരിക്കും. നിക്ഷേപതുക കൈവശം വച്ചുകൊണ്ടിരുന്നു ദുർവ്യാഖ്യാനങ്ങൾക്കും അപവാദങ്ങൾക്കും ഇടയാക്കാതെ അപ്പഴപ്പോൾ (പിറേറദിവസം തന്നെ) കമ്മിററി പ്രസിഡൻറിൻെറ പേരിൽ കോൺഫറൻസംഗീകരിക്കുന്ന ബാങ്കിൽ നിക്ഷേപിക്കണം. നിക്ഷേപതുക പിരിക്കുവാനും അങ്ങിനെ വീടുകൾ സന്ദർശിച്ചു നിക്ഷേപകരുമായി സ്നേഹസമ്പർക്കം പുലർത്തുവാനും മററുമായി ഓരോ വിഭാഗത്തേക്കും ഈരണ്ടു പേരേ വീതം—ഇതിൽ ഒരാൾ ഫണ്ടുകമ്മററിയിലെ അംഗമായിരുന്നാൽ ഉത്തമം—പ്രത്യേകം ചുമതലപ്പെടുത്തുന്നതുനന്നായിരിക്കും. നിക്ഷേപം സ്വീകരിക്കുന്നതു ഏതു വിധമായാലും, ആഴ്ചയിൽ ഒരു ക്ലിപ്തദിവസവും നിശ്ചിതസമയവും സ്ഥലവും നിശ്ചയിച്ചു നിക്ഷേപകർക്കു് ആവശ്യമെങ്കിൽ ഫണ്ടു ചുമതലക്കാരെ വന്നു കാണുവാനുള്ള സൗകര്യം ചെയ്യേണ്ടതാണ്. ആണ്ടിലൊരിക്കലോ അർദ്ധവർഷത്തിലോ നിക്ഷേപകരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഈ ഫണ്ടിൻെറ പ്രവർത്തനങ്ങളെ വിവരിച്ചുകൊടുക്കുകയും, മിതവ്യയം സ്വാശ്രയം ആദിയായ കാര്യങ്ങളെ മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നതു നന്നായിരിക്കും.

ഇന്നത്തെ സാഹചര്യങ്ങളിൽ എല്ലാ വിധത്തിലും ആവശ്യവും ഉപകാരപ്രദവുമായ ഈ പദ്ധതി എല്ലാ കോൺഫറൻസുകളും എത്രയും വേഗം നടപ്പിലാക്കി കോൺഫറൻസു പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കിത്തീർക്കുവാൻ നമ്മുടെ മദ്ധ്യസ്ഥൻ അനുഗ്രഹിക്കുമാറാകട്ടെ.

(ഈ പദ്ധതിയെപ്പററി പലരും എഴുതിച്ചോദിക്കുന്നതുകൊണ്ടു് ധൃതിയിൽ ഈ ലേഖനം എഴുതുന്നതാണ്. ഇനിയും സംശയനിവാരണം വേണമെങ്കിൽ നേരിട്ടു എഴുതിയാൽ സസന്തോഷം വിവരങ്ങളറിയിച്ചുകൊള്ളാം.)

...ക്കു പോയി. തിരിച്ചുവന്നപ്പോൾ പള്ളിയകത്തു പ്രവേശിക്കാൻ നിവൃത്തിയില്ലാത്തവണ്ണം അതു നിറഞ്ഞുകഴിഞ്ഞിരുന്നു. അദ്ദേഹം വൈദികനോടു മതം സ്വതന്ത്രമായി പ്രസംഗിക്കുവാനുള്ള അനുമതിയുണ്ടോ എന്നു ചോദിച്ചതിനു ദ്വിഭാഷി കൊടുത്ത സമാധാനം "ഞാൻ വേദപുസ്തകത്തിലുള്ള കാര്യങ്ങൾ പ്രസംഗിക്കുന്നു. അതു ധാരാളം മതിയല്ലോ" എന്നായിരുന്നു.

നാനാപ്രകാരത്തിൽ ഞെങ്ങിഞെരുങ്ങിക്കഴിഞ്ഞുകൂടുന്ന നാമമാത്രമായ ഒന്നു രണ്ടു ദേവാലയങ്ങൾമാത്രമേ റഷ്യയിൽ ശേഷിച്ചിട്ടുള്ളൂ എങ്കിലും അവിടത്തെ പൊതുജനങ്ങളുടെ മതവിശ്വാസം ഇനിയും ശക്തിപ്പെട്ടുകൊണ്ടുതന്നെ വരികയാണ്. മതസ്വാതന്ത്ര്യം അവിടെ അനുവദിക്കപ്പെട്ടിട്ടുണ്ടു് എന്നു കമ്മ്യൂണിസ്റ്റ് പ്രചാരകന്മാർ പെരുമ്പറയടിക്കുന്നതിൽ അർത്ഥമൊന്നുമില്ല. എങ്കിലും മർദ്ദിതമായ അവിടത്തെ സഭ കൂടുതൽ വളരുകയാണെന്നുള്ളതു തീർച്ചതന്നെ. ലിത്വാനിയാ ഏറെക്കുറെ നൂറുശതമാനവും കത്തോലിക്കയാണെന്നും ലാററ്വിയായിൽ 33 ശതമാനവും ബെയിലോ വെസ്സ് റഷ്യയിൽ മുഴുവനും തന്നെ കത്തോലിക്കാ വിശ്വാസമുള്ളവരാണെന്നും അദ്ദേഹം മനസ്സിലാക്കിയതായി പ്രസ്താവിച്ചിരിക്കുന്നു.

## മാർപ്പാപ്പായുടെ ഈസ്റ്റർ സന്ദേശം

### ജനലക്ഷങ്ങളെ ആനന്ദതുന്ദിലരാക്കിക്കൊണ്ടു് രോഗവിമുക്തനായ പരിശുദ്ധപിതാവ് [illegible] സ്വസന്ദർശനവും ശ്ലൈഹികാനുഗ്രഹവും നൽകുന്നു

ഇക്കൊല്ലത്തെ ഈസ്റ്റർ പ്രമാണിച്ചു് പരിശുദ്ധ പിതാവിനു് മംഗളം ആശംസിക്കുന്നതിനുവേണ്ടി വിശുദ്ധ പത്രോസിൻെറ ദേവാലയാങ്കണത്തിലും തുടർന്നു ടൈബർ നദീതീരം വരെയുള്ള നഗരവീഥികളിലും തിങ്ങിക്കൂടിയിരുന്ന 3 ലക്ഷത്തിൽപ്പരം വരുന്ന ജനവ്യൂഹത്തെ ആലസ്യവിമുക്തനായ പരിശുദ്ധ മാർപ്പാപ്പാ ദേവാലയത്തിൻെറ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടു് ആശീർവ്വദിക്കുകയുണ്ടായി. അവിടുന്നു രോഗവിമുക്തനെങ്കിലും ക്ഷീണിതനായും അല്പം വിളറിയും കാണപ്പെട്ടു. "വിവാ ഇൽ പാപ്പാ" എന്ന മംഗളധ്വനി അന്തരീക്ഷത്തെ ഭേദിച്ചുയർന്നുകൊണ്ടിരുന്നു. അവിടുന്നു അവരോടായി സാമാന്യം ദീർഘമായ ഒരു പ്രസംഗം പ്രക്ഷേപണം ചെയ്തു. പ്രസ്തുത പ്രസംഗത്തിൽ തിരുമേനി ഇന്നു ലോകത്തെ ഭയവിഹ്വലമാക്കിക്കൊണ്ടിരിക്കുന്ന ആററമികാക്രമണസംരംഭങ്ങളെ അങ്ങേയററം എതിർക്കുന്നതിനും ലോകരാഷ്ട്രങ്ങൾ തമ്മിൽ സൗഹൃദപരമായ ഒത്തുതീർപ്പുകൾവഴി സമാധാനം നിലനിർത്തുന്നതിനും വേണ്ടിയുള്ള അവിടുത്തെ ദൃഢനിശ്ചയത്തെ ഖണ്ഡിതമായി പ്രഖ്യാപിച്ചു. അണുകയുദ്ധത്തിൻെറ ഭയാനകതയേയും അതുവഴി എങ്ങനെ ലോകം മുഴുവനും നാശോന്മുഖമായി പരിണമിക്കുമെന്നുള്ള വസ്തുതയേയും അവിടുന്നു തുറന്നു കാണിച്ചു. ശാസ്ത്രീയമായ ഈ വലിയ കണ്ടുപിടുത്തത്തെ സമാധാനാന്തരീക്ഷത്തിൽ ലോകോപകാരത്തിനുവേണ്ടി വിനിയോഗിക്കുവാൻ ഇടവരുന്നതിനു് പരിശുദ്ധ കന്യകാമറിയത്തിൻെറ സഹായം അഭ്യർത്ഥിച്ചുകൊണ്ടു് അവിടുന്നു പ്രസംഗം സമാപിച്ചു.

ക്രിസ്തീയ പരസ്നേഹത്തിൻെറ അന്തരീക്ഷത്തിൽ മാത്രമേ സാക്ഷാത്തായ സമാധാനം കരഗതമാവുകയുള്ളൂ എന്നതാണ് അവിടുത്തെ ഈ ഈസ്റ്റർ സന്ദേശത്തിൽ അവിടുന്നു ഒരിക്കൽക്കൂടി ലോകത്തെ ശക്തിയുക്തം ഉൽബോധിപ്പിച്ചതു്.

—o—

## ജർമ്മനിയിലെ 700 പ്രൊട്ടസ്റ്റൻറുദേവാലയങ്ങളിൽ കത്തോ. മതകർമ്മങ്ങൾ

ബർലിൻ രൂപതയുടെ കിഴക്കൻ പ്രദേശങ്ങളിൽ 700 പ്രോട്ടസ്റ്റൻറുദേവാലയങ്ങളിൽ ഇപ്പോൾ കത്തോലിക്കർ അവരുടെ മതകർമ്മങ്ങൾ നിർവ്വഹിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. സിലേഷ്യായിൽനിന്നും സുഡററൻ പ്രദേശങ്ങളിൽനിന്നും യുദ്ധാനന്തരം പുറത്താക്കപ്പെട്ട ലക്ഷോപലക്ഷം കത്തോലിക്കർ പൂർവ്വജർമ്മൻ ഗ്രാമങ്ങളിലാണ് അഭയം പ്രാപിച്ചിട്ടുള്ളതു്. പൂർവ്വജർമ്മനിയിൽ മുഴുവൻ പ്രോട്ടസ്റ്റൻറുദേവാലയങ്ങൾ മാത്രമേ പ്രായേണയുള്ളൂ. നിരാധാരരായി, നിർധനരായി, മർദ്ദിതരായി അഭയംപ്രാപിച്ച കത്തോലിക്കരുടെ മതാനുഷ്ഠാനം നിർവ്വഹിക്കുന്നതിനു് യാതൊരു സ്ഥലവും സ്വന്തമായുണ്ടാക്കുക സാദ്ധ്യമല്ലാത്ത പരിതസ്ഥിതിയിൽ അവരുടെ പ്രോട്ടസ്റ്റൻറു സഹോദരന്മാർ അനുകമ്പാപൂർവ്വം ഈ ദേവാലയങ്ങളിൽ അവരുടെ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു് തല്ക്കാലം അനുവദിച്ചിരിക്കുകയാണ്. ഈ സാഹോദര്യപ്രകടനം എല്ലായിടത്തും പ്രശംസിക്കപ്പെടുന്നു. സാധുക്കളായ അഭയാർത്ഥികളുടെ കൃതജ്ഞത അപാരമാണ്.

സൂറിയാനി കർമ്മലീത്താ സഭയുടെ തിരുഹൃദയപ്രോവിൻസിൽ ചേർന്നു വൈദികരായി മതസേവനം ചെയ്യുന്നതിനു യോഗ്യരായ സ്കൂൾഫൈനൽ വിദ്യാർത്ഥികളെ സ്വീകരിക്കുന്നതാണ്.

ഉടനെ അപേക്ഷിക്കുക.

V. Rev. Fr Provincial, St. Antony's Monastery,
Alwaye P.O.

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,

ഈസ്റ്റർ കഴിഞ്ഞു. നിങ്ങളെല്ലാവരും അവധി ആസ്വദിക്കുന്ന അവസരമാണല്ലോ.

വലിയ ചൂടൊന്നു ശമിച്ചു. കുടക്കടകളിൽ തെരക്കുതുടങ്ങി. കുളക്കരയിൽനിന്നു തവളബഹളങ്ങളും കേട്ടുതുടങ്ങി. മണ്ണിൽ വളം പിടിക്കാൻ ഇടി വേണ്ടുവോളം വെട്ടിത്തുടങ്ങിയിരിക്കുന്നു.

അകത്തിരുന്നു പ്രവൃത്തികൾ ചെയ്യാൻ പററിയ സമയമാണ് വർഷകാലം. കൊച്ചുമിടുക്കന്മാർക്കൊന്നും ഒരിടത്തിരുന്നു ഒരു പ്രവൃത്തി ചെയ്തുതീർക്കാനുള്ള ക്ഷമയുണ്ടാവില്ലായിരിക്കും. ക്ഷമയുള്ളവർ മനസ്സിരുത്തി പ്രവർത്തിച്ച് വിജയത്തിലേക്ക് പോകയുംചെയ്യും.

പരീക്ഷാഫലം അറിഞ്ഞുതുടങ്ങിയിരിക്കുമല്ലോ. ആരൊക്കെ ജയിച്ചോ അവർക്കൊക്കെ കുഞ്ഞമ്മാവൻെറ അഭിനന്ദനങ്ങൾ— തോററവർക്കും അഭിനന്ദനങ്ങളുണ്ട്. പക്ഷെ അതിൻെറ കൂട്ടത്തിൽ കുറച്ചു സഹതാപംകൂടി ചേർത്തിരിക്കുമെന്നേയുള്ളു.

തോൽവി ഒരുകണക്കിനു ജയം തന്നെയാണ് എന്ന് നിങ്ങൾക്കറിയാവുന്നതാണല്ലോ. തോറെറന്നു കരുതി പഠിത്തം നിറുത്തിക്കളയാമെന്നും ആലോചിച്ചുപോകരുത്. "ഓ ഞാനെത്ര പഠിച്ചാലും ജയിക്കില്ല" എന്ന വിചാരം മാററുക. "ഓ ഞാനന്നൊന്നു തോററു"—അന്നല്ല ഇന്ന്—"ഇനി ഞാൻ ജയിക്കും" എന്നാക്കണം വിചാരം. ഇങ്ങനെ വിചാരം മാററൽകൊണ്ടുതന്നെ വലിയ കാര്യങ്ങൾ പലതും സാധിച്ചതിനു തെളിവുകളുണ്ട്.

നമ്മുടെ വീടുകളിൽത്തന്നെ നാം എന്തെല്ലാം വാക്കുകൾ കേൾക്കുന്നു. "ഈ ജന്മത്തു ഞാനവളുമായി യോജിക്കില്ല." "അന്തോണി കള്ളനാണ്, അവനൊരിക്കലും നല്ലവനാകില്ല." "ഞാനെന്നും ദുരിതം അനുഭവിക്കയാണ്." "ഈ വീട്ടിലെന്നും വഴക്കും ബഹളവും ഉണ്ടാകും." "പാപ്പച്ചൻെറ കള്ളുകുടി ലോകമുള്ളപ്പോൾ നിറുത്തുക സാദ്ധ്യമല്ല." "ഏലിക്കുട്ടി കള്ളം പറയുന്നു; അവളെന്നും കള്ളം പറയും." ഇങ്ങനെ കേൾക്കാൻ കൊള്ളാത്ത എത്ര വാക്കുകൾ.

എന്നാലൊന്നു പരീക്ഷിച്ചു നോക്കുക. ആദ്യംപറഞ്ഞ വാക്കുകളൊന്നു വ്യത്യാസപ്പെടുത്തുക.

"ഇന്നലെവരെ ഞാനവളുമായി യോജിച്ചില്ല. ഇന്നു യോജിച്ചേക്കാം" "അന്തോണി കുടിയനായിരുന്നു. ഇന്നുമുതലവൻ കുടിയനാകണമെന്നില്ല." "ഞാനിന്നലെവരെ ദുരിതം അനുഭവിച്ചു. ഇനിയും അങ്ങനെ വരികയില്ല." "ഏലിക്കുട്ടി കള്ളം പറഞ്ഞു. പക്ഷെ ഇനിയും പറയണമെന്നില്ല"

ഇങ്ങനെയൊരു വിചാരഗതി കുഞ്ഞുങ്ങളും വീട്ടിലുള്ള മററുള്ളവരും സ്വീകരിക്കുമെങ്കിൽ ആശ്ചര്യകരമായ ഫലമുണ്ടാകുമെന്നതിനു സംശയമില്ല.

വേറൊരുകാര്യം. ഒരുത്തൻ പരീക്ഷയിൽ തോററതു് അവൻെറ കുററംകൊണ്ടല്ല. അതു് അമ്മച്ചിയുടെ ദോഷംകൊണ്ടാണ്; അല്ലെങ്കിൽ അച്ചാച്ചനാണാ തോൽവിക്കുത്തരവാദി, എന്നു പറഞ്ഞ് കുററം മറെറാരാളിൽ ചാരുന്ന ആളുകളുണ്ട്. അതും നിന്ദിക്കപ്പെടേണ്ടതാണ്.

ഇങ്ങനെ അവനവൻെറ കഴിവുകേടിനു അന്യർ കാരണക്കാരാണെന്ന് ഒരിക്കലും പറയരുത്. അവനവൻെറ കുറവ് മനസ്സിലാക്കി ആ കുറവുകൾ പരിഹരിക്കാൻ യത്നിക്കുക. കുററവും ദുർന്യായങ്ങളും പറയുന്നതിനു ചെലവഴിക്കുന്ന സമയം തെററുതിരുത്തുന്നതിനും കൂടുതൽ ആശയങ്ങൾ സംഭരിച്ച് കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ഉപയോഗിക്കണം.

വിജയം കാംക്ഷിക്കുന്നവർ ചെയ്യാനുള്ള മറെറാരു സംഗതി അവർ ചെയ്യുന്ന പ്രവൃത്തി ഏതുതന്നെയായാലും അതിൽ മനസ്സു മുഴുവൻ ചെലുത്തുക എന്നുള്ളതാണ്.

പ്രാർത്ഥനയുടെ ഇടയ്ക്കു് അത്താഴമെന്തായി എന്നു ചോദിക്കുന്നവരെ നിങ്ങൾ കണ്ടിരിക്കും. കറിക്കു നുറുക്കിക്കൊണ്ടിരിക്കുമ്പോൾ അയൽവക്കത്തെ അമ്മായിയുമായി ഔസേപ്പച്ചൻെറ കല്യാണക്കാര്യവും ശോശാമ്മയുടെ കാലൊടിഞ്ഞ കഥയും, ചക്കക്കുട്ടനിൻ ഒതളങ്ങാ ചേർത്തു മൂത്തനാടാർ ആശാരിപ്പെണ്ണുങ്ങളെ തീററിയ വിവരവുമൊക്കെ ചിലർ പറയുന്നതു നിങ്ങൾ കേട്ടിരിക്കും. അശ്രദ്ധകൊണ്ടു് കൂട്ടാനരിയുന്നതോടൊപ്പം കൈവിരലും അവർ മുറിച്ചുവയ്ക്കുക സാധാരണയാണ്.


ഡാനിയൽ എന്ന ഒരു സാധുപയ്യൻ വലിയൊരു നടനായിത്തീർന്നു. അയാൾ ചെറുപ്പത്തിലേതന്നെ ചെയ്യുന്ന പ്രവൃത്തിയിൽ മനസ്സുമുഴുവൻ ചെലുത്തി ശീലിച്ചതുകൊണ്ടാണ് ഏററവും വലിയ വിജയം അയാൾക്കു കൈവന്നതു്.

പിന്നെ വേറൊരു കാര്യം. നിങ്ങൾ നിങ്ങളെത്തന്നെ തീരെ തരംതാഴ്ത്തരുതെന്നുള്ളതാണ്.

"ഞാനെല്ലാത്തിലും മോശമാണേ" എന്ന വിചാരം നിങ്ങളെ ആഴത്തിലേക്കു് തള്ളിയമർത്തും. മറെറല്ലാവരെപ്പോലെ കഴിവുകൾ തനിക്കുമുണ്ടാകാം എന്നായിരിക്കണം വിശ്വാസം. കിപ്ലിംഗ് എന്നയാൾ ഒരു പദ്യമുണ്ടാക്കി. അദ്ദേഹം അതു തനിയെ വായിച്ചു. അതു വളരെ മോശമാണെന്നയാൾ ധരിച്ചു. പദ്യമെഴുതിയ കടലാസു് അയാൾ അടുപ്പിലേക്കെറിഞ്ഞു. ആ കടലാസു് അടുപ്പിൽ വീണില്ല. അടുത്തൊരു സ്നേഹിതനാ കടലാസെടുത്തു പത്രത്തിനയച്ചു. അതു പ്രസിദ്ധീകരിക്കപ്പെട്ടു. ആ പദ്യം വളരെ കേമമായെന്നു വായനക്കാർ ഒന്നോടെ ഉൽഘോഷിച്ചു. കിപ്ലിംഗ് ആ പദ്യം കാരണം വലിയ കീർത്തിമാനായിത്തീർന്നു

അതിനാൽ കുഞ്ഞുങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ തീരെ മോശമായി വിചാരിക്കരുതു്. നിങ്ങളുടെ ഓരോ പ്രവൃത്തികളും വലിയ വിലയുള്ളതായിരുന്നേക്കാം.

ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ വിജയം ആശിക്കുന്ന കുഞ്ഞുങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്. അവ സൂക്ഷ്മതയോടെ വായിക്കയും പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കയും ചെയ്യുക. എന്നു് സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തംകുഞ്ഞമ്മാവൻ.



ഇന്നലെയല്ല ഇന്ന്. ഇന്നലെ സാധിക്കാത്ത പലതും ഇന്ന് എന്നാൽ ചെയ്തുതീർക്കാൻ കഴിയും!

# വിനോദവീഥി




"അല്ലേ! ഈ അടുത്തുകിടക്കുന്ന വീട്ടിലേക്കെന്തിനാ ഈ മണിയാർഡറയക്കുന്നേ?"

"ഈ കാശു് അന്യൻെറ തട്ടിപ്പറിച്ചു മേടിച്ചതാ. ഇതു് വീട്ടിൽ കൊണ്ടുപോയിക്കൂടാ. ഇതിങ്ങിനെ അയച്ചാൽ പകരം നല്ല സർക്കാർരൂപ മാറി കിട്ടുമല്ലോന്നോർത്താണിങ്ങനെ അയക്കുന്നതു്!"

* * *

മറിയക്കുട്ടി മനസ്സമ്മതം കഴിഞ്ഞിരിക്കുകയാണ്. രണ്ടു മാന്യവനിതകൾ അവിടെ അതിഥിയായിവന്നു. വർത്തമാനങ്ങൾ പറഞ്ഞകൂട്ടത്തിൽ ഒരുത്തി മറിയക്കുട്ടിയെ ഉപദേശിച്ചു: "നിൻെറ അവകാശങ്ങളൊന്നും വിട്ടുകൊടുക്കരുതു്. ഇക്കാലത്തു പ്രത്യേകിച്ചും, വരനെക്കൊണ്ടു് അതു നേരത്തെ വാക്കുപറയിക്കണം. ഏററമുമ്പ് എൻെറ വിവാഹാലോചന വന്നപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "എന്നെ വിവാഹം ചെയ്യണമെങ്കിൽ മദ്യപാനം ചെയ്യുകയില്ലെന്നും പുകവലിക്കുകയില്ലെന്നും വാഗ്ദാനം ചെയ്യണം"

മറിയക്കുട്ടി:- "അദ്ദേഹം ഇപ്പോഴും ആ വാക്കു പാലിക്കുന്നുണ്ടോ?"

അതിഥി:- "കൊള്ളാം. അതു പറഞ്ഞതിനുശേഷം ഞാനയാളെ കണ്ടിട്ടേയില്ല."

* * *

രണ്ടുസ്നേഹിതന്മാർ ഒന്നിച്ച് ഒരു ഹോട്ടലിൽ ഭക്ഷണത്തിനിരുന്നു. ബോയി രണ്ടുപേർക്കുമായി ഒരു പ്ലേററിൽ രണ്ടു പൊരിച്ച മത്സ്യങ്ങൾകൊണ്ടുവന്നു. ഒന്നാമൻ വലുതു അയാളുടെ പാത്രത്തിലേക്കെടുത്തിട്ടു.

രണ്ടാമൻ:- "മാന്യന്മാരായ നാം ഉപചാരമുറകൾ പഠിച്ചിരിക്കേണ്ടതല്ലേ? എന്നെ ആദ്യം കാണിച്ചിരുന്നെങ്കിൽ ഞാൻ ചെറുതുമാത്രമേ എടുക്കുമായിരുന്നുള്ളൂ."

ഒന്നാമൻ:- "ഇപ്പോൾ സംഗതി ശരിയായല്ലോ. നിങ്ങൾക്കതു തന്നെ കിട്ടിയില്ലേ?"

# വിശുദ്ധപദപ്രഖ്യാപനം

പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടും ഒൻപതു കർദ്ദിനാളന്മാരും റീത്തുകളുടെ തിരുസംഘത്തിൻെറ മേയ് 4-ാംനു കൂടിയ പൊതുസമ്മേളനത്തിൽ സംബന്ധിച്ചിരിക്കുന്നു. തിരുസംഘസമ്മേളനം മൂന്നു ഇററാലിയൻ മഹാത്മാക്കളുടെ വിശുദ്ധപദപ്രഖ്യാപനങ്ങൾക്കുള്ള അത്ഭുതങ്ങളെ ശരിവയ്ക്കുകയുണ്ടായി.

ഈശോസഭാംഗമായ ഗിസപ്പീമറിയപിഗ്നാററലി, സെൻറു് ജോൺബോസ്കോയുടെ ശിഷ്യനായ ഡോമിനിക്ക് സാവിയോ, ഒരു റോമൻ വൈദികനായ ഗാസ്പിരി ഡെയ്ബ്ഫാലോ ഇവരാണ് ഈ മൂന്നു മഹാത്മാക്കൾ.

വാഴ്ത്തപ്പെട്ട പത്താംപീയൂസുൾപ്പെടെ മൂന്നുപേരുടെ നാമകരണം അടുത്തുതന്നെ നടക്കുന്നതു സംബന്ധിച്ചുള്ള ഡിക്രി എല്ലാ ഇററാലിയൻ ദേവാലയങ്ങളിലേക്കും അയച്ചിരിക്കുന്നു.

പത്താംപീയൂസിൻെറ നാമകരണം മരിയൻവർഷത്തിലെ ഏററവും വലിയ ചടങ്ങായിരിക്കുന്നതാണ്. മൂന്നു കൺസിസ്റ്ററി യോഗങ്ങൾ കൂടിയശേഷം നാമകരണദിനം നിശ്ചയിക്കും. മൂന്നു യോഗങ്ങളിൽ ഒന്നു രഹസ്യമായി നടക്കും. മൂന്നാമത്തെ യോഗം പൂർണ്ണമായും പബ്ളിക്കായി വത്തിക്കാൻ കൊട്ടാരത്തിൽവെച്ചു മേയ് 20-ാംനു നടക്കും.

പത്താംപീയൂസിൻെറ നാമകരണത്തിനു സന്നിഹിതരാകുമെന്നു് പ്രതീക്ഷിക്കുന്ന ജനക്കൂട്ടത്തിനു് ബസ്സിലിക്കായിൽ സ്ഥലം മതിയാകാതെ വരുമെന്നുള്ളതിനാൽ പുറത്തുവെച്ചു ചടങ്ങുകൾ നടത്തുന്നതാണെന്നു ഒസ്സെർവ്വത്തോരേ റൊമാനോ പത്രം പ്രസ്താവിക്കുന്നു.

മൂന്നുവർഷം മുൻപു് വാഴ്ത്തപ്പെട്ടവനെന്നു വിളിക്കപ്പെട്ടശേഷം പത്താംപീയൂസിൻെറ ശരീരം സ്ഫടികപേടകത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഡിക്രിയിൽ പ്രഖ്യാപിക്കപ്പെടുന്ന വേറെ രണ്ടു മഹാത്മാക്കൾ ഫ്റഞ്ചു മിഷനറിയായിരുന്ന പിയോറി ഇനാനെലും, ഉപവിയുടെ ദാസരുടെ സ്ഥാപകയായ മറിയ ക്രോസിഫിഗ് സാഡിറോസായുമാകുന്നു.

# വിദേശവാർത്തകൾ

## ഏഷ്യൻ പ്രധാനമന്ത്രിമാരുടെ സമ്മേളനം

ദക്ഷിണപൂർവ്വേഷ്യൻ പ്രധാനമന്ത്രിമാരുടെ ഒരു സമ്മേളനം ഏപ്രിൽ 30മുതൽ മേയ് 2വരെ തീയതികളിൽ സിലോണിൽവച്ചു നടന്നിരിക്കുന്നു. സിലോൺ പ്രധാനമന്ത്രി സർ ജോൺ കൊത്തലവാലയാണ് സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചതു്. ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു, പാക്കിസ്ഥാൻ പ്രധാനമന്ത്രി മുഹമ്മദാലി, ബർമ്മാ പ്രധാനമന്ത്രി യൂനു. ഇൻഡൊനേഷ്യൻ പ്രധാനമന്ത്രി ഡോക്ടർജോജോ എന്നിവർ സമ്മേളനത്തിൽ സംബന്ധിക്കയുണ്ടായി. സമ്മേളനത്തിൽ എല്ലാവരും യോജിച്ചുചെയ്ത തീരുമാനങ്ങൾ അവസാനദിവസം പ്രസിദ്ധീകരിക്കപ്പെട്ടു. ആദ്യമേതന്നെ കാശ്മീർപ്രശ്നം സമ്മേളനത്തിൽ ചർച്ചാവിഷയമാക്കേണ്ടതാണെന്നു് പാക്കിസ്ഥാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടെങ്കിലും ഇന്ത്യൻ പ്രധാനമന്ത്രിയുടെ അഭിപ്രായമനുസരണം പ്രസ്തുത വിഷയം നിരാകരിക്കപ്പെടുകയാണുണ്ടായതു്. ഇൻഡോചൈനാപ്രശ്നം സമ്മേളനത്തിൽ പ്രധാന ചർച്ചാവിഷയമായി. ഇൻഡോ ചൈനയിൽ വെടിനിറുത്തുവാൻ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന കക്ഷികൾമാത്രം ചേർന്നു് ഒരു കൂടിയാലോചന നടത്തണമെന്നും ഇൻഡോചൈനയിലേക്കു് മററു ശക്തികൾ സൈന്യവും സാമഗ്രികളുമയക്കരുതെന്നും ഇൻഡോ ചൈനായ്ക്കു സ്വാതന്ത്ര്യമനുവദിക്കേണ്ടതാണെന്നും നെഹ്റു നൽകിയ നിർദ്ദേശങ്ങൾ സംബന്ധിച്ചു് വാദപ്രതിവാദം നടത്തപ്പെട്ടു. മററു ശക്തികളുടെ ഇടപെടൽ ഒഴിവാക്കണമെന്ന ഭാഗത്തെ മുഹമ്മദാലി എതിർത്തു. ഒടുവിൽ, യുദ്ധത്തിൽ ഏർപ്പെട്ട കക്ഷികളും അവർ യോജിച്ചു ക്ഷണിക്കുന്ന മററു കക്ഷികളും ചേർന്നു കൂടിയാലോചന നടത്തണമെന്നും ഫ്റാൻസ് ഇൻഡോചൈനയ്ക്കു് ഉടനെ സ്വാതന്ത്ര്യമനുവദിക്കാൻ സമ്മതിക്കണമെന്നും, കൊളോണിയലിസം അവസാനിക്കണമെന്നും പുറത്തുനിന്നും കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ് വിരുദ്ധരും ഏഷ്യൻ രാജ്യങ്ങളിൽ ആഭ്യന്തരമായി ഇടപെടരുതെന്നും സമ്മേളനം ഐകകണ്ഠ്യേന തീരുമാനിച്ചു. ജനാധിപത്യസമ്പ്രദായത്തിലുള്ള വിശ്വാസം സമ്മേളനം രേഖപ്പെടുത്തി. ഹൈഡ്റജൻബോംബ് മുതലായ മാരകായുധങ്ങൾ തടയാനുള്ള നിരായുധീകരണക്കമ്മീഷൻെറ ശ്രമങ്ങളെ സ്വാഗതംചെയ്യുകയും പ്രസ്തുതായുധങ്ങളുടെ പരീക്ഷണങ്ങൾ മേലിൽ നടത്തരുതെന്നു സമ്മേളനം നിർദ്ദേശിക്കുകയും ചെയ്തു. ടുണിഷ്യ, മൊറോക്കോ എന്നീ രാജ്യങ്ങൾക്കു് പൂർണ്ണസ്വാതന്ത്ര്യമനുവദിക്കണമെന്ന അഭിപ്രായം അംഗീകരിക്കപ്പെട്ടു. ഇതിനുപുറമെ ഏഷ്യയിലേയും ആഫ്റിക്കയിലേയും രാജ്യങ്ങളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടേണ്ടതാണെന്നു യോഗത്തിൽ തീരുമാനമുണ്ടാകുകയും അതിലേക്കു് ഇൻഡൊനേഷ്യൻ പ്രധാനമന്ത്രിയെ അധികാരപ്പെടുത്തുകയും ചെയ്തു.

## പ. പിതാവിൻെറ മുന്നറിയിപ്പ്

മേയ് 3-ാംനു പാരീസിൽ ആരംഭിച്ച സർവ്വരാജ്യ കത്തോലിക്കാ പ്രസ് യൂണിയൻ വാർഷികത്തിനു് പരിശുദ്ധപിതാവു പന്ത്രണ്ടാം പീയൂസ് തിരുമേനി ഒരു സന്ദേശം അയക്കുകയുണ്ടായി. ലോകത്തിൽ ഇന്നു പടർന്നുപിടിക്കുന്ന നിരീശ്വരത്വത്തെപ്പററി കത്തോലിക്കാ പത്രപ്രവർത്തകരെ പ്രസ്തുത സന്ദേശത്തിൽ തിരുമേനി അനുസ്മരിപ്പിക്കുകയും സഭാപ്രബോധനങ്ങളുടെ പ്രചാരണാർത്ഥം തൂലികകൾ നിരത്തുവാൻ അവിടുന്നു അവരെ ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

—o—


## Assisi Sisters of Mary Immaculate

ഈ മേയ്മാസം അവസാനംമുതൽ ഈ സഭയിൽ അംഗങ്ങളെ സ്വീകരിക്കുന്നതാണ്.

Assisi Convent, Green Gardens, Shertallay

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM MAY 12 1954 | No. 36

# കമ്മ്യൂണിസത്തെ തടയുന്നതിനു് മരിയഭക്തിയെ ആശ്രയിക്കുക

ആധുനികലോകത്തിന്റെ മഹാ വിപത്തായി നിലകൊള്ളുന്നതും ആഗോളവ്യാപകമായ വിധത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നതുമായ കമ്മ്യൂണിസത്തെ ഫലപ്രദമായി നേരിടുന്നതിനു് മരിയഭക്തിക്കുള്ള കഴിവുകളെപ്പററി ഈ മരിയൻ ജൂബിലിവർഷത്തിൽ കാര്യമായി ചിന്തിക്കുന്നതിനും ആ സാദ്ധ്യതകളെ പരമാവധി പ്രായോഗികമാക്കുന്നതിനുമുള്ള പ്രചോദനമാണു് പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് മേയ്മാസത്തെ പ്രാർത്ഥനാനിയോഗത്തിൽ ഉദ്ദേശം ചെയ്തിരിക്കുന്നതു്. ദൈവത്തിന്റെ അമലയായ മാതാവുവഴി നിരീശ്വരത്വത്തിന്റെ ഭീകരതയിൽനിന്നു റഷ്യൻജനത വിമുക്തമാക്കപ്പെടുന്നതിനു് പ്രത്യേകം പ്രാർത്ഥിക്കണമെന്നു പരിശുദ്ധ പിതാവു് നിർദ്ദേശിച്ചിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ പിള്ളത്തൊട്ടിയും അതിന്റെ ശക്തികേന്ദ്രവുമായ റഷ്യയുടെ മാനസാന്തരമാണു് സംഘാതമായ ഈ മാസത്തെ പ്രാർത്ഥനയുടെ ലക്ഷ്യം.

### റഷ്യയിലെ സ്ഥിതി

ലോകരാഷ്ട്രങ്ങളിൽവച്ചു് ഏററവും വിസ്തൃതവും ചരിത്രപ്രാധാന്യമുള്ളതുമായ ഒരു ജനപദമാണു് റഷ്യ. അവിടത്തെ ജനസംഖ്യ 20 കോടിയിൽപ്പരമാണു്. അതിൽ 80 ലക്ഷത്തോളം കത്തോലിക്കരുണ്ടു്. ബാക്കിയുള്ളവർ പ്രായേണ ഓർത്തഡോക്സു് സഭാവിഭാഗത്തിൽ പെട്ടവരുമാണു്. 1917-ലെ ബോൾഷെവിക്കു് വിപ്ലവത്തിനുശേഷം ക്രിസ്തീയ സഭ അവിടെ അതികഠിനമായ ഒരു വേദഞെരുക്കത്തിനു വിധേയമായിരിക്കുകയാണു്. ജനഹൃദയങ്ങളിൽനിന്നു ദൈവത്തെ സംബന്ധിക്കുന്ന എല്ലാ വിശ്വാസാനുഷ്ഠാനങ്ങളും വേരുപറിച്ചുകളയുന്നതിനും പകരം മതവിരുദ്ധവും നിരീശ്വരപരവും വെറും ഭൗതാത്മകവുമായ മാർക്സിസ്റ്റു് തത്വങ്ങളെ അടിച്ചേല്പിക്കുന്നതിനും അതിശക്തമായ രാഷ്ട്രീയഹസ്തങ്ങൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. മതതത്വങ്ങളെ അപഹാസ്യമായി ചിത്രീകരിക്കുന്നതിനും മതാനുയായികളെ സർവ്വവിധേനയും പീഡിപ്പിക്കുന്നതിനുമുള്ള പരിപാടികളാണു് ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതു്. കമ്മ്യൂണിസത്തിന്റെ പ്രണേതാക്കളുടെ സിദ്ധാന്തങ്ങൾതന്നെ ഇതിനു തെളിവാണു്. ബോൾഷെവിസത്തിന്റെ പിതാവായ ലെനിൻതന്നെ പ്രസ്താവിച്ചിട്ടുള്ളതു് ദൈവത്തെ സംബന്ധിക്കുന്ന ഏതൊരാശയവും "അത്യധികം അരോചകമായ ഒരു സാംക്രമികരോഗ"മാണെന്നാണു്. കമ്മ്യൂണിസത്തിന്റെ പ്രചാരണത്തിൽ "അവശ്യം നിരീശ്വരത്വത്തിന്റെ പ്രചാരണം അടങ്ങിയിരിക്കുന്നു" എന്നും, "ദൈവത്തെപ്പററിയുള്ള സാമാന്യമായ ആശയം ജനങ്ങളുടെ അജ്ഞതയേയോ മണ്ടത്തരത്തേയോ മാത്രമാണു് പ്രകടമാക്കുന്നതെ"ന്നും, അതുകൊണ്ടു് "മതത്തിനെതിരായി സമരം ചെയ്യേണ്ടതു് അത്യാവശ്യമാണെ"ന്നും അദ്ദേഹം നിർവ്വിശങ്കം പ്രഖ്യാപിച്ചിട്ടുണ്ടു്. സ്റ്റാലിന്റെ വാക്കുകളും ഇതേസ്വരത്തിൽതന്നെയാണു്: "ഏതൊരു മതവും ഞങ്ങളുടെ ബദ്ധശത്രുവായി ഞങ്ങൾ കരുതുന്നു. മതത്തിനെതിരായുള്ള സമരം യാതൊരു ശക്തിമാന്ദ്യവും ഭവിക്കാതെ പുരോഗമിക്കേണ്ടിയിരിക്കുന്നു. മതങ്ങളെ സംബന്ധിച്ചു് സഹിഷ്ണുത എന്നൊരു മനോഭാവം ഞങ്ങൾക്കു സാദ്ധ്യമല്ല; കാരണം, അവ ഞങ്ങളുടെ ലക്ഷ്യങ്ങൾക്കു കടകവിരുദ്ധമാണു്." തികച്ചും മതവിരുദ്ധമായ ഈ മനോഭാവത്തിന്റെയും തദനുസൃതമായ നിയമനടപടികളുടേയും മർദ്ദനപരമായ സാഹചര്യങ്ങളിലാണു് റഷ്യയിൽ കത്തോലിക്കാസഭ 1917 മുതൽ ജീവിച്ചുപോരുന്നതു്. നാമമാത്രമായ ചില സ്വാതന്ത്ര്യങ്ങൾ നിയമഗ്രന്ഥങ്ങളിൽ വല്ലയിടത്തും ഒളിഞ്ഞുകിടക്കുന്നുണ്ടെങ്കിലും പ്രായോഗികമായി അവയെല്ലാം അസ്തപ്രായങ്ങളാണു്. മതപ്രചാരണപരമായ യാതൊരു സ്വാതന്ത്ര്യവും അവിടെയില്ല. എല്ലാ പ്രസിദ്ധീകരണങ്ങളും പൊതുപ്രസംഗങ്ങളും നിരോധിക്കപ്പെട്ടിരിക്കയാണു്. കുട്ടികൾക്കു്, അവരുടെ മാതാപിതാക്കന്മാർക്കുമാത്രം 17 വയസ്സു് കഴിഞ്ഞശേഷം മതോപദേശം കൊടുക്കാമെന്നു നിയമമുണ്ടു്. അതുവരെ മിക്കവാറും കമ്മ്യൂണിസ്റ്റു് വിദ്യാലയങ്ങളിൽ ബോൾഷെവിസ്റ്റു് അദ്ധ്യാപകന്മാരുടെ ശിക്ഷണത്തിലായിരിക്കും അവർ വിദ്യാഭ്യാസം നടത്തുന്നതു്. അവിടത്തെ പാഠപദ്ധതി തികച്ചും നിരീശ്വരപരമാണുതാനും. ഇപ്രകാരമുള്ള ക്രൂരവും അടിമത്തപരവുമായ മർദ്ദനങ്ങളുടെ ഫലമായി റഷ്യയിലെ മതബോധം അതിദാരുണമായി പീഡിപ്പിക്കപ്പെടുകയാണു്. മതചൈതന്യമുള്ള ലക്ഷോപലക്ഷങ്ങൾ ഈ മർദ്ദനങ്ങളെ സധീരം എതിരിട്ടു വീരമരണം വരിക്കുന്നു. അവിടെ വിരാജിച്ചിരുന്ന തിരുസഭ ഇന്നു കീറി മുറിക്കപ്പെട്ടിരിക്കുന്നു.

### റഷ്യാക്കാരുടെ മരിയഭക്തി

കമ്മ്യൂണിസ്റ്റു് റഷ്യയിലെ മതമർദ്ദനം അതിരൂക്ഷമാണെങ്കിലും അവരുടെ വിശ്വാസത്തെ ഹനിക്കുന്നതിനു് അതിനു സാധിച്ചിട്ടില്ല. പ്രത്യുത അനേകായിരങ്ങളിൽ മതാസക്തി അനിരോധ്യമായി വേരൂന്നുന്നതിനു് അതു പ്രേരകമായിരിക്കുകയാണു്. ദൈവത്തിൽ ദൃഢമായി വിശ്വസിക്കുകയും പരമ്പരാഗതമായ അവരുടെ മതചൈതന്യത്തിൽ പതറാതെ നിലകൊള്ളുകയും, വിശ്വാസസംരക്ഷണത്തിനുവേണ്ടി വീരോചിതമായി അടരാടുകയും ചെയ്യുന്ന അനേകായിരങ്ങൾ ഇന്നു റഷ്യയിലുണ്ടു്. മരിയഭക്തി അവരുടെ ഒരു പ്രത്യേകതയാണു്. മറിയത്തിന്റെ തിരുസ്വരൂപങ്ങൾ ഭദ്രമായി സൂക്ഷിക്കുന്നതിനും, സമുചിതമായി അലങ്കരിക്കുന്നതിനും, ഭക്തിയായി മാതൃസന്നിധിയിൽ പ്രാർത്ഥിക്കുന്നതിനും അവർ ശ്രദ്ധാലുക്കളാണു്. അതുകൊണ്ടാണു് പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാ റഷ്യയിലെ വിശ്വാസികൾക്കായുള്ള ഒരു സന്ദേശത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥത്താൽ റഷ്യയിൽ കമ്മ്യൂണിസം തിരോഭവിക്കുകയും സത്യവിശ്വാസം വീണ്ടും പരിപുഷ്ടിപ്പെടുകയും ചെയ്യുമെന്നു്. അതു ലോകസമാധാനത്തിനു് വഴിതെളിക്കുമെന്നും തിരുമേനി ആശാപൂർവ്വം ഉദ്ദേശം ചെയ്യുന്നു.

ദൈവമാതാവായ പരിശുദ്ധകന്യകമറിയം വഴി റഷ്യയുടെ മാനസാന്തരം സാധിക്കുമെന്നാണു് ഫാത്തിമാസന്ദേശത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതു്. മാർപ്പാപ്പാ തിരുമനസ്സിലെ വാക്കുകൾ ഈ പ്രതീക്ഷയ്ക്കു ശക്തികൂട്ടുവാൻപോരുന്നതാണു്. അവിടുന്നു പറയുന്നു:- "ദൈവമാതാവിന്റെനേർക്കു ആത്മാർത്ഥവും ചൈതന്യമുള്ളതുമായ ഭക്തി എവിടെ പ്രദർശിപ്പിക്കപ്പെടുന്നുവോ, അവിടെ രക്ഷയുടെ പ്രത്യാശ ഒരിക്കലും വിഫലമാവുകയില്ല എന്നു നമുക്കു ദൃഢമായ ഉറപ്പുണ്ടു്. ..മറിയത്തിന്റെ മാദ്ധ്യസ്ഥം പ്രവർത്തിക്കുന്നിടത്തു നരകശക്തികൾക്കു പ്രബലപ്പെടുവാൻ സാദ്ധ്യമല്ല....അവളോടു ഭക്തിപൂർവ്വം പ്രാർത്ഥിച്ചിട്ടു അവളുടെ പ്രബലമായ സംരക്ഷണം അനുഭവപ്പെടാത്ത യാതൊരനുഭവവും ഉണ്ടായിട്ടുള്ളതായി അറിവില്ല. അതുകൊണ്ടു് നിങ്ങളുടെ പരിശ്രമങ്ങളിൽ നിങ്ങൾ മുമ്പോട്ടുപോകുക. ഹൃദയപൂർവ്വകമായ ഭക്തവികാരങ്ങളോടുകൂടി നിങ്ങൾ മറിയത്തെ ബഹുമാനിക്കുക. "ഏററവും പരിശുദ്ധയും പരിപാവനയുമായ ദൈവമാതാവെ, നീ പ്രാർത്ഥിക്കുന്ന അനുഗ്രഹങ്ങളെല്ലാം സ്വീകരിക്കുന്നതിനുള്ള പ്രത്യേകവരം നിനക്കു മാത്രമാണല്ലോ നൽകപ്പെട്ടിരിക്കുന്നതു്" എന്നു പതിവുപോലെ നിങ്ങൾ ചൊല്ലി പ്രാർത്ഥിക്കുക. ഫാത്തിമാസന്ദേശത്തിലെ അഭിലാഷവും റഷ്യൻ കത്തോലിക്കരുടെ പ്രാർത്ഥനയുമനുസരിച്ചു പരിശുദ്ധ മാർപ്പാപ്പാ 1952 ജൂലൈ 7-ാംതീയതി റഷ്യാരാജ്യത്തെ പ്രത്യേകവിധമായി മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു.

ഏവംവിധം നിരീശ്വരശക്തികളിൽനിന്നു റഷ്യാക്കാർ മിശിഹായ്ക്കുവേണ്ടി അനുസ്യൂതം സഹിച്ചുകൊണ്ടിരിക്കുന്ന രക്തസാക്ഷിത്വവും, ദൈവമാതാവിന്റെനേർക്കുള്ള അവരുടെ അചഞ്ചലമായ ഭക്തിചൈതന്യവും, ക്രിസ്തുവിന്റെ പ്രതിപുരുഷനായ പരിശുദ്ധ മാർപ്പാപ്പാ ഔദ്യോഗികമായി റഷ്യയെ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന വസ്തുതയും റഷ്യയുടെ അനതിവിദൂരമായ മാനസാന്തരത്തിന്റെ മുന്നോടിയായി പരിഗണിക്കാവുന്നതാണു്.

### നമ്മുടെ പ്രാർത്ഥനാസഹകരണം

റഷ്യയുടെ മാനസാന്തരത്തിൽ സഹകരിക്കുന്നതിനാണു് ഈ മാസത്തിൽ നാം പ്രത്യേകം ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നതു്. പരിശുദ്ധ പിതാവിന്റെ ഈ ഉദ്ദേശ്യസാഫല്യത്തിനു വേണ്ടി ആത്മാർത്ഥമായി നമുക്കു പരിശ്രമിക്കാം. ഒന്നാമതായി ആ മഹാരാജ്യത്തെ ഹൃദയപൂർവ്വം നമുക്കു സ്നേഹിക്കാം. പരിശുദ്ധ പിതാവു് അവരെ അഭിസംബോധനം ചെയ്യുന്നതു്, "ഏററവും പ്രിയപ്പെട്ട ജനങ്ങളേ" എന്നാണു്. അവിടെ നടമാടുന്ന നിരീശ്വരത്വത്തേയും കമ്മ്യൂണിസത്തേയും നാം വെറുക്കുകയും ചെറുക്കുകയും ചെയ്യുന്നെങ്കിലും അതിന്റെ മർദ്ദനങ്ങൾക്കു വിധേയരായിരിക്കുന്ന റഷ്യാക്കാരായ സഹോദരലക്ഷങ്ങളെ ഹൃദയപൂർവ്വം നമുക്കു സ്നേഹിക്കാം. പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിതമായിരിക്കുന്ന ആ മഹാരാജ്യവും അതിലെ എല്ലാ നിവാസികളും ദൈവമാതാവിന്റെ ഫലദായകമായ മദ്ധ്യസ്ഥതയിൽ ധാരാളമായ ദൈവാനുഗ്രഹങ്ങൾക്കു പാത്രീഭൂതരായി തീരുന്നതിനു അവരോടൊപ്പം നമുക്കും തീക്ഷ്ണമായി പ്രാർത്ഥിക്കാം. റഷ്യ കമ്മ്യൂണിസത്തെ കൈവെടിയുന്നതിനനുസരിച്ചായിരിക്കും ലോകം സമാധാനത്തിലേക്കും ശാന്തിപ്രദമായ ഐശ്വര്യത്തിലേക്കും പുരോഗമിക്കുക എന്നുള്ള വസ്തുതയെ അനുസ്മരിച്ചുകൊണ്ടു് ആ മഹാസംരംഭത്തിൽ ഉദാരമായ നമ്മുടെ സേവനത്തിന്റെ പങ്കു വഹിക്കുന്നതിനു നമുക്കു മുന്നോട്ടിറങ്ങാം. നിരീശ്വരത്വത്തിന്റേയും നിർമ്മതത്വത്തിന്റേയും വേലിയേററത്തെ തടയുന്നതിനും വഞ്ചിതരായ ജനസഹസ്രങ്ങളെ സത്യപ്രകാശം കാണിച്ചുകൊടുക്കുന്നതിനും നമ്മുടെ എല്ലാ കഴിവുകളും വിനിയോഗിക്കുക. തെററിധാരണമൂലമോ, വിപ്ലവബുദ്ധിമൂലമോ കമ്മ്യൂണിസത്തിന്റെ പിടിയിൽ അമർന്നിരിക്കുന്നവരും അതിന്റെ പ്രചാരകന്മാരും പ്രേഷിതരുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും സത്യത്തിന്റെ പ്രഭാവലയത്തിലേക്കു കണ്ണുതിരിക്കുന്നതിനും അവരുടെ നശീകരപ്രവർത്തനങ്ങളെ വിട്ടു സത്യത്തിനും സാഹോദര്യത്തിനും ആദ്ധ്യാത്മികമൂല്യങ്ങൾക്കുംവേണ്ടി സേവനമനുഷ്ഠിക്കത്തക്കവണ്ണം മാനസാന്തരപ്പെടുന്നതിനും നമുക്കു കൃപാനിധിയായ ദൈവത്തോടു പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രബലമായ മാദ്ധ്യസ്ഥത്തിൽ പ്രാർത്ഥിക്കാം. റഷ്യൻ മഹാജനപദം ദൈവത്തിന്റേതായിത്തീരട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### മേയ്ദിനവിജ്ഞാപനത്തിൽ കമ്മ്യൂ. പാർട്ടിയുടെ

## തനിനിറം

കെ. പി. ടി. യു. സി. ജനറൽ സിക്രട്ടറി ശ്രീ സുഗതൻ മേയ്ദിനം പ്രമാണിച്ചു് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിൽ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ മുതലാളിത്തവൈരവും കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങളോടുള്ള ദേശഭക്തിയും സ്വദേശഗവമ്മെന്റിനെ തകിടംമറിക്കുവാനുള്ള സമരാസക്തിയും തെളിഞ്ഞുകാണുന്നുണ്ടു്. "സോവ്യററ്യൂണിയനും കിഴക്കൻ യൂറോപ്യൻ ജനാധിപത്യരാജ്യങ്ങളും മഹത്തായ ചൈനയും ഇന്നു സാമ്രാജ്യചങ്ങലയിൽനിന്നും മോചിക്കപ്പെട്ടു് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വരാജ്യങ്ങളായി ഉയർന്നുനില്ക്കുന്നു." കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങൾ ജനാധിപത്യരാജ്യങ്ങളായിരുന്നു. അവ യാതൊരു സാമ്രാജ്യചങ്ങലയാലും ബന്ധിതങ്ങളായിരുന്നില്ല. അവിടങ്ങളിലെ തൊഴിലാളിവർഗ്ഗം സ്വതന്ത്രജീവിതം നയിച്ചുപോന്നിരുന്നു. എന്നാൽ സോവ്യററ്യൂണിയൻ അതിന്റെ സൈനികശക്തി ഉപയോഗിച്ചു് ആ ജനാധിപത്യരാജ്യങ്ങളെ സോവ്യററു സാമ്രാജ്യചങ്ങലയാൽ ബന്ധിക്കുകയും, കമ്മ്യൂണിസ്റ്റു് ഗവമ്മെന്റുകളുടെ കട്ടത്ത സ്വേച്ഛാധികാരത്തിനു വിധേയമാക്കുകയും, ആ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തെ പ്രവൃത്തിസ്വാതന്ത്ര്യമില്ലാത്തവരും കല്പിക്കുന്ന ജോലി കൊടുക്കുന്ന കൂലിവാങ്ങി ചെയ്യാൻ നിർബന്ധിതരുമായ അടിമകളാക്കുകയുമാണു് ചെയ്തിരിക്കുന്നതെന്ന വസ്തുത ഇന്നാട്ടിലെ തൊഴിലാളികൾ അറിഞ്ഞിരുന്നെങ്കിൽ! "ലോകതൊഴിലാളി വർഗ്ഗസമരസഖാക്കളേയും സംഘടനകളേയും സാക്ഷിയാക്കി സമരപ്രതിജ്ഞ" പുതുക്കുവാനും, "ഒന്നുമില്ലാത്ത നമുക്കു് നഷ്ടപ്പെടുവാൻ ഒന്നുമില്ല, കിട്ടുന്നതോ ലോകം മുഴുവനും എന്ന വിപ്ലവാചാര്യന്റെ സന്ദേശം" സ്മരിക്കുവാനും തൊഴിലാളിവർഗ്ഗത്തെ വിജ്ഞാപനത്തിൽ ആഹ്വാനം ചെയ്തിരിക്കുന്നു. ഒരു നൂററാണ്ടു കൊല്ലംമുൻപു് കാറൽ മാർക്സു് ചെയ്ത സമരാഹ്വാനം അതേപടി കമ്മ്യൂണിസ്റ്റുപാർട്ടി ഇപ്പോഴും ആവർത്തിക്കുകയാണു്. ഈ ഒരു നൂററാണ്ടിനുള്ളിൽ തൊഴിലാളി മുതലാളിബന്ധങ്ങളിൽ വന്നുകഴിഞ്ഞിട്ടുള്ള മാററങ്ങൾ കാണാൻ കണ്ണില്ലാത്തവിധം പിൻതിരിപ്പൻ മനോഭാവക്കാരാണു് കമ്മ്യൂണിസ്റ്റു് പാർട്ടി എന്നു് ശ്രീ നെഹ്റു പ്രസ്താവിച്ചിട്ടുള്ളതു് എത്ര വാസ്തവം. "എഴുപതി അഞ്ചാമതു മേയ്ദിനവാർഷികമാകുമ്പോഴേക്കു്, ലോകതൊഴിലാളിവർഗ്ഗത്തിന്റേയും ജനാധിപത്യ ശക്തികളുടേയും യോജിച്ചുള്ള പ്രഹരമേററു് ബ്രിട്ടനും അമേരിക്കയും ഫ്രാൻസുമൊക്കെ മുട്ടുകുത്തുകയും, അവരുടെ സാമ്രാജ്യക്കൊടി താഴ്ത്തപ്പെടുകയും, നമ്മുടെ വർഗ്ഗത്തിന്റെ വിജയവൈജയന്തിയായ ചെങ്കൊടി അവിടെ എല്ലാം ഉയർത്തപ്പെടുകയും ചെയ്യും. അതിനുള്ള സമരം ഇന്നു പാടത്തും വ്യവസായശാലകളിലും മുതൽ പടക്കളംവരെ നടക്കുകയാണു്." അതെ, കമ്മ്യൂണിസ്റ്റുപാർട്ടി പാവപ്പെട്ട തൊഴിലാളിവർഗ്ഗത്തെ പാടത്തും വ്യവസായശാലകളിലും സംഘടിപ്പിക്കുന്നതു് തക്കസമയം വരുമ്പോൾ അവരെ പടക്കളത്തിലേക്കു് നയിക്കുവാനാണു്, അല്ലാതെ അവരുടെ ജീവിതോന്നമനത്തിനുവേണ്ടിയല്ല. അമേരിക്കയിലും ബ്രിട്ടനിലുമുള്ള തൊഴിലാളികളാണു് ഇന്നു് ഏററവുമധികം സ്വാതന്ത്ര്യവും സുഖസൗകര്യങ്ങളും അനുഭവിക്കുന്നതെന്ന വസ്തുത കമ്മ്യൂണിസ്റ്റുപാർട്ടി ജനദൃഷ്ടിയിൽനിന്നു് മറച്ചുവയ്ക്കുകയാണു്.

* * *

### സ്വിസ്സർലണ്ടിലെ തൊഴിലാളിമുതലാളി ബന്ധം

## മാതൃകായോഗ്യം

കാറൽമാർക്സു് പ്രവചനംചെയ്തതു് തൊഴിലാളികളും മുതലാളികളുംതമ്മിൽ മത്സരവും ശത്രുത്വവും നാൾക്കുനാൾ വർദ്ധിക്കുമെന്നും, തൊഴിലാളിവർഗ്ഗം ദുരിതങ്ങളുടെ അടിത്തട്ടിൽ എത്തിക്കഴിയുമ്പോൾ ഗത്യന്തരമില്ലാതെ സംഘടിച്ചുനിന്നു മുതലാളിവർഗ്ഗത്തെ സംഹരിക്കുമെന്നുമായിരുന്നു. ആ പ്രവചനം ഏററവും അബദ്ധമായിപ്പോയെന്നു് മാർക്സിന്റെ കാലശേഷം പ്രജായത്തരാജ്യങ്ങളിലുണ്ടായിട്ടുള്ള മാററങ്ങൾ സാക്ഷ്യം വഹിക്കുന്നു. അതിനൊരു ദൃഷ്ടാന്തമായി സ്വിസ്സർലണ്ടിനെ ചൂണ്ടിക്കാണിക്കാം. അവിടത്തെ മുതലാളിതൊഴിലാളി ബന്ധത്തെ

...പ്പാററി ട്രക്സാക്ഷിയെന്ന നിലയിൽ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ ഒരു തൊഴിലാളി യോഗത്തിൽ ഈയിടെ പ്രസ്താവിക്കുകയുണ്ടായി. കഴിഞ്ഞവർഷം അദ്ദേഹം സ്വിസ്സർലണ്ടിൽ പോയപ്പോൾ അവിടത്തെ ചില തൊഴിലാളിനേതാക്കളുമായി സംസാരിച്ചു. കഴിഞ്ഞ 18, 20 വർഷങ്ങളായി അവിടെ പണിമുടക്കുണ്ടായിട്ടില്ലെന്നു് അവർ അഭിമാനപൂർവ്വം പറഞ്ഞു. ഇന്നയിന്നതരത്തിൽ പ്രശ്നങ്ങൾ പരിഹരിക്കണമെന്നു് തൊഴിലാളികളും തൊഴിൽദാതാക്കളും തമ്മിൽ അവിടെ വ്യവസ്ഥയുണ്ടായിട്ടുണ്ടു്. അവർ തമ്മിലുള്ള സംസാരം പരാജയപ്പെട്ടാൽ പ്രശ്നം ആർബിട്രേഷനു വിട്ടുകൊടുക്കും. ആർബിട്രേഷന്റെ തീരുമാനം ഉഭയകക്ഷികളും ശിരസാ വഹിക്കണം. കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ ഈ സമ്പ്രദായം വളരെ നല്ലതാണെന്നു് അവർക്കു ബോദ്ധ്യപ്പെട്ടു. അങ്ങനെ അവിടെ തൊഴിൽക്കുഴപ്പങ്ങൾ ഇല്ലാതെയായി. വ്യാവസായികമായി സ്വിസ്സർലണ്ടു് ഇന്നു് വളരെയധികം പുരോഗമിച്ചിട്ടുണ്ടു്. പല രാജ്യങ്ങളിൽ നിന്നും വലിയ വലിയ ആഡറുകൾ അവർക്കു കിട്ടിക്കൊണ്ടിരിക്കുന്നു. ഈ തൊഴിലാളി മുതലാളിബന്ധം അവിടെ കുഴപ്പം സൃഷ്ടിക്കുന്നില്ല. തൊഴിൽക്കുഴപ്പം രാജ്യത്തിന്റെ പരാജയമായിട്ടാണു് അവർ കണക്കാക്കിയിരിക്കുന്നതു്.

### കമ്മ്യൂ: രാജ്യങ്ങളിലെ അനുഭവം

ചില കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽ തനിക്കുണ്ടായ അനുഭവങ്ങളെപ്പററിയും ശ്രീ പനമ്പിള്ളി ആ പ്രസംഗത്തിൽ പ്രസ്താവിച്ചു. ധാരാളം തൊഴിലാളികൾ പണിയെടുക്കുന്ന കൽക്കരി ഖനികൾ അദ്ദേഹം സന്ദർശിച്ചു. അവിടത്തെ തൊഴിലാളിനേതാക്കന്മാരായും മററും അദ്ദേഹം സംഭാഷണം നടത്തി. അവരുമായി സംഭാഷണം നടത്തുകയും സമ്പർക്കം പുലർത്തുകയും ചെയ്യുന്നതു് വളരെ വൈഷമ്യമേറിയ കാര്യമാണു്. അദ്ദേഹത്തോടൊന്നിച്ചു് ഒരു ഗൈഡുണ്ടായിരുന്നു. ഒരു ദിവസം ഹോട്ടലിൽവച്ചു് എന്തോ കാരണവശാൽ അദ്ദേഹത്തെ അവിടെയിരുത്തിയിട്ടു് ഗൈഡ് പുറത്തേക്കു പോയി. അതുകൊണ്ടു് ആ ഹോട്ടലിന്റെ ഉമ്മറത്തു ഒരു പീടികയിലെ വില്പനക്കാരിയുമായി അദ്ദേഹത്തിനു അല്പസമയം സംഭാഷണം ചെയ്യുന്നതിനു സാധിച്ചു. സംഭാഷണത്തിനിടയിൽ രണ്ടു പേരും തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു, വല്ലവരും വരുന്നുണ്ടോയെന്നു്. അവർ സംഭാഷിക്കുന്നതു് ആരെങ്കിലും കാണുന്നതു് രണ്ടു പേർക്കും അപകടകരമാണു്. ആ യുവതിക്കു് 800 രൂപായോളമാണു് ശമ്പളം ലഭിക്കുന്നതെന്നു് സംഭാഷണത്തിൽനിന്നു മനസ്സിലായി. ഇത്രയും രൂപാ അവർ എങ്ങനെ ചിലവാക്കുന്നെന്നു് അദ്ദേഹം അത്ഭുതത്തോടെ ചോദിച്ചപ്പോൾ അവിടെ ജീവിതവിഭവങ്ങൾക്കുള്ള വില വളരെ കൂടുതലാണെന്നവർ പറഞ്ഞു. ആ യുവതിക്കു ഹോട്ടലിൽ കൺസെഷൻ റേറാണു് ഊണിനു്. എന്നാലും ഒരു ഊണിനു് 10 രൂപയാകും. കൺസെഷൻ ഇല്ലെങ്കിൽ 25 രൂപയാണു് ചാർജ്ജ്. ഒരു മുട്ടയ്ക്കു തണുപ്പുകാലത്തു് 1 രൂപാ വില. ഉഷ്ണകാലത്തു 5 രൂപാ. ഒരു ജോടി ഷൂസിനു് 1000 രൂപായാണു് വില. ആകയാൽ 800 രൂപാകൊണ്ടു് അവർ കഷ്ടിച്ചു കഴിഞ്ഞുകൂടുകയാണു്

കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്ന രാജ്യങ്ങളിൽ തൊഴിലാളികളുടെ ജീവിതം ഏററവുമധികം സുഖസൗകര്യങ്ങളോടു കൂടിയതാണെന്നു് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞുപരത്തുകയും, ആകയാൽ കമ്മ്യൂണിസ്റ്റുഭരണം ഇന്നാട്ടിൽ വരുത്തുവാൻ തൊഴിലാളിവർഗ്ഗം സമരംചെയ്യണമെന്നു് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നതു് തൊഴിലാളികളോടു ചെയ്യുന്ന എത്രയോ വലിയ വഞ്ചനയാണു്!!

* * *

### ചിക്കാഗോയിലെ ആ തൊഴിലാളികൾ കമ്മ്യൂണിസ്റ്റുകാരുടെ

## മുൻഗാമികളല്ല

“69 കൊല്ലം മുൻപു് 8 മണിക്കൂർ വേല, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം, ഇവ ആവശ്യപ്പെട്ടു പതറാത്ത ധീരതയോടുകൂടി ചിക്കാഗോയിലെ തെരുവീഥിയിൽനിന്നു് സർക്കാരിന്റെ തോക്കിനെതിരായി പൊരുതിയ” തൊഴിലാളികൾ ഇന്നത്തെ കമ്മ്യൂണിസ്റ്റുപാർട്ടികളുടേയും അവരുടെ പിടിയിൽപ്പെട്ട തൊഴിലാളികളുടേയും “മുൻഗാമികൾ” അല്ല. ഇന്നത്തെ ലോക തൊഴിലാളികളിൽവച്ചു ഏററവും ശക്തരും ഏററവും സ്വതന്ത്രരും അമേരിക്കയിലെ തൊഴിലാളികളാണു്. കമ്മ്യൂണിസ്റ്റുപാർട്ടിയെ അവർ വെറുക്കുന്നു. എ. എഫ്. എൽ. എന്നും സി. ഐ. ഒ. എന്നും പേരിൽ അവിടെ രണ്ടു തൊഴിലാളി മഹാസംഘടനകളുണ്ടു്. അവയിൽനിന്നു കമ്മ്യൂണിസ്റ്റുകാരേയും കമ്മ്യൂണിസ്റ്റ് അനുഭാവികളേയും നിരന്തരം പുറത്താക്കിക്കൊണ്ടിരിക്കുകയാണു്. അമേരിക്കൻ തൊഴിലാളികളുടെ 69 കൊല്ലം മുൻപുള്ള സ്ഥിതിയും ഇന്നത്തെ സ്ഥിതിയും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. ആ വ്യത്യാസത്തിനു കാരണം അമേരിക്കൻ തൊഴിലാളികൾ മുതലാളിത്തത്തിന്റെ അന്യായമായ നടപടികൾക്കെതിരായി നടത്തിക്കൊണ്ടിരുന്ന സമരംതന്നെയാണു്. എന്നാൽ ആ സമരം അവർ സ്വതന്ത്രരായിനിന്നു്, പ്രജായത്തഭരണത്തിന്റെ നാമത്തിൽ, സ്വരാജ്യത്തോടുള്ള വിശ്വസ്തതയിൽ നടത്തി. വിദേശരാജ്യത്തിന്റെ ഏജന്റന്മാരും പിണിയാളുകളുമായി നിന്നുകൊണ്ടു് സ്വരാജ്യത്തിൽ വിധ്വംസകപ്രവർത്തനം നടത്തുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രേരണയിലോ നേതൃത്വത്തിലോ അല്ല അവർ സമരം നടത്തിയതു്. ആകയാൽ അവരുടെ സമരം വിജയിച്ചു. ന്യായമായ, സമാധാനപരമായ, അവരുടെ സമരത്തിനു് ഗവമ്മെന്റു് കാലോചിതങ്ങളായ നിയമനിർമ്മാണങ്ങളാൽ സകല സഹായങ്ങളും ചെയ്തുകൊടുത്തു. അതിന്റെ ഫലമായി അമേരിക്കയിലെ മുതലാളിത്തത്തിൽ മൗലികമായ മാററം സംഭവിച്ചു. കാറൽ മാർക്സിന്റെ കാലത്തുണ്ടായിരുന്നതും, കണ്ണടച്ചിരുന്നുകൊണ്ടു് കമ്മ്യൂണിസ്റ്റുകാർ അപലപിക്കുന്നതുമായ മുതലാളിത്തം ഇന്നു് ഒരിടത്തും ഇല്ല, പ്രത്യേകിച്ചു അമേരിക്കയിലില്ല. അവിടെ ഇപ്പോഴുള്ള മുതലാളിത്തം വർഗ്ഗരഹിതമാണു്. എന്നുവെച്ചാൽ വ്യക്തികൾക്കും അവരുടെ സംഘടനകൾക്കും കൃഷി വ്യവസായങ്ങളിലും വ്യാപാരങ്ങളിലും മററും സ്വകാര്യോദ്യമം നടത്തുവാൻ സ്വാതന്ത്ര്യമുള്ള, സമസ്തവും രാഷ്ട്രസാല്ക്കരണംചെയ്തു് ഗവമ്മെന്റിന്റെ കുത്തകയാക്കാത്ത, വ്യവസ്ഥിതിയാണുള്ളതു്. അതിൽ മുതലാളിയും തൊഴിലാളിയും സമരമനോഭാവത്തിലല്ല, പ്രത്യുത സഹകരണമനോഭാവത്തിലാണു് വർത്തിക്കുന്നതു്. അതിന്റെ ഫലമായി അവിടെ തൊഴിലാളിക്കു് വളരെ ഉയർന്ന ജീവിതനിലവാരത്തിൽ എത്താൻ സാധിച്ചിരിക്കുന്നു. ആകയാൽ 69 കൊല്ലംമുൻപു് തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി ചിക്കാഗോ തെരുവീഥിയിൽ സമരംചെയ്ത “രക്തസാക്ഷികളു”ടെ പിൻഗാമികൾ അമേരിക്കയിലും ബ്രിട്ടനിലും മററു പ്രജായത്തരാജ്യങ്ങളിലുമുള്ള സ്വതന്ത്രതൊഴിലാളികളാണു്; അല്ലാതെ കമ്മ്യൂണിസ്റ്റു പാർട്ടികളോ, അവരുടെ വലയിൽപ്പെട്ടുകിടക്കുന്ന ട്രേഡ്യൂണിയനുകളിലെ അംഗങ്ങളായ തൊഴിലാളികളോ അല്ല.



ആലുവാ സേക്രഡ്ഹാർട്ട് മോണസ്റ്ററിയിൽവച്ചു ഈയിടെ നടന്ന രണ്ടു വാരത്തെ പരിശീലനക്യാമ്പിൽ സംബന്ധിച്ച യുവാക്കന്മാർ.

* * *

### കമ്മ്യൂണിസ്റ്റ് അടിമക്യാമ്പുകളെ സ്വതന്ത്ര തൊഴിലാളികൾ

## അപലപിക്കുന്നു

ഡൽഹിയിലെ സ്വതന്ത്രതൊഴിലാളി പാർട്ടിയിൽപ്പെട്ട അനേകം തൊഴിലാളികൾ ഇത്തവണത്തെ മേയ്ദിനാഘോഷങ്ങൾക്കുശേഷം ന്യൂഡൽഹിയിലുള്ള റഷ്യൻ എമ്പസിയിൽച്ചെന്നു് റഷ്യൻ പ്രധാനമന്ത്രി മി. മലങ്കോവിനു് സമർപ്പിക്കുവാൻ ഒരു കത്തുനൽകി. റഷ്യയിൽ അടിമജോലി നിലവിലിരിക്കുന്നിടത്തോളം കാലം ലോകതൊഴിലാളിവർഗ്ഗത്തിനു് സന്തോഷത്തിനോ സംതൃപ്തിക്കോ ഇടയില്ലെന്നു് ആ കത്തിൽ പറഞ്ഞിരിക്കുന്നു. റഷ്യയിൽ ഇപ്പോൾ 200 ലക്ഷം തൊഴിലാളികൾ അടിമക്യാമ്പുകളിൽ ദിവസംതോറും പതിന്നാലും അതിൽ കൂടുതലും മണിക്കൂർസമയം വിശപ്പും ദാഹവും തണുപ്പും സഹിച്ചു് വേലചെയ്തു് മനുഷ്യോചിതമല്ലാത്ത അന്തരീക്ഷത്തിൽ വീർപ്പുമുട്ടി കഴിഞ്ഞുകൂടുന്നുണ്ടെന്നും, റഷ്യ ഇതേ നയം അവളുടെ അഞ്ചാംപത്തി പ്രവർത്തനംവഴി ഏഷ്യയിലും വ്യാപിപ്പിക്കുന്നതിനാണു് ഇപ്പോൾ ശ്രമിക്കുന്നതെന്നും ആ കത്തിൽ പറഞ്ഞിട്ടുണ്ടു്. “തൊഴിലാളിവർഗ്ഗത്തിന്റെ ഐക്യദിനമായ ഇന്നു് വളരെ സഹതാപത്തോടുകൂടിയാണു് നിങ്ങളുടെ ക്യാമ്പുകളിൽപ്പെട്ടു നരകയാതനകൾ അനുഭവിക്കുന്ന ഞങ്ങളുടെ തൊഴിലാളിസഹോദരങ്ങളെ ഞങ്ങൾ സ്മരിക്കുന്നതു്. ലോകതൊഴിലാളിവർഗ്ഗത്തിന്റെ സമരം നിങ്ങളുടെ തൊഴിലാളി അടിമവേലക്യാമ്പുകൾ നശിപ്പിക്കാത്ത കാലത്തോളം പരിപൂർണ്ണമാവാൻ പോകുന്നില്ല” എന്നാണു് കത്തിൽ തുടന്നു് പ്രസ്താവിച്ചിരിക്കുന്നതു്. അടിമത്തൊഴിലാളി ക്യാമ്പുകളുടെ യാഥാർത്ഥ്യം ഐക്യരാഷ്ട്രകമ്മീഷന്റെ റിപ്പോർട്ടുകൾ തക്ക തെളിവുകളോടുകൂടി സമ്മതിച്ചിട്ടുള്ളതാണല്ലോ. ആ റിപ്പോർട്ടുകൾ ഈ പംക്തികളിൽ ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ളതാണു്. അവയെപ്പററി പ്രസ്തുത കത്തിൽ സ്വതന്ത്രതൊഴിലാളികൾ പ്രതിപാദിച്ചിട്ടുമുണ്ടു്.

കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ തൊഴിലാളികളുടെ ദുരിതസമ്പൂർണ്ണമായ ജീവിതസ്ഥിതി അറിയുന്ന സ്വതന്ത്രതൊഴിലാളികൾ ഇൻഡ്യയിലും ഉണ്ടായിത്തുടങ്ങിയിരിക്കുന്നെന്നു കാണുന്നതു് സന്തോഷാവഹംതന്നെ.

## അടുത്തയാഴ്ചയിൽ

മേയ്

16 ഞാ: ഉയിർപ്പ് 4-ാംഞായർ
17 തി: പസ്കാലിസ്
18 ചൊ: ബെനാന്തിസ്
19 ബു: പത്രോസ് സെലസ്റ്റീനോസ്
20 വ്യാ: ബെർണ്ണർദീനോസ്
21 വെ: മർക്കോസ്
22 ശ: അത്തനാസീസ്

സത്യദീപം വരിസംഖ്യ

| | | പ്രതിവർഷം |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | ” | 8—12—0 |

### 12-ാം പീയൂസ് തിരുമനസ്സിലെ 26-ാമത്തെ വിശ്വലേഖനം

“പരിശുദ്ധ കന്യാവ്രതം” എന്ന പേരിൽ പരിശുദ്ധ പിതാവു് 12-ാം പീയൂസ് തിരുമനസ്സുകൊണ്ടു് തന്റെ 26-ാമത്തെ വിശ്വലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. വിവാഹത്തെക്കാൾ ബ്രഹ്മചര്യം കൂടുതൽ പരിപൂർണ്ണമാണെന്നും വൈദികരാകുന്നതിനോ മററു മതപരമായ അന്തസ്സുകളിൽ പ്രവേശിക്കുന്നതിനോ അഭിലഷിക്കുന്ന യുവജനങ്ങളുടെ മുമ്പിൽ വിഘ്നങ്ങൾ വരുത്തിവയ്ക്കരുതെന്നും പ്രസ്തുത ലേഖനത്തിൽ മാതാപിതാക്കന്മാരെ ഉൽബോധിപ്പിക്കുന്നതോടൊപ്പം തിരുമനസ്സുകൊണ്ടു് ബ്രഹ്മചര്യം അനർത്ഥമെന്ന വാദത്തെ ശക്തിയുക്തം ഖണ്ഡിക്കുകയും ചെയ്യുന്നു.



മൂന്നു് ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ. പരസ്യപ്പെടുത്താൻ താമസിച്ചതിനു ക്ഷമാപണം.

സി. എ. ചാക്കപ്പൻ &
സി. എ. ജോസ്
തൃശ്ശൂർ

വി. യൂദാതദേവൂസിന്റെയും മററും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ,

തരകൻ ദേവസ്സി ജോസഫ്
അരണാട്ടുകര



## ഇടവകവാർത്തകൾ

**പാവറട്ടി:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ വകയായി ഒരു ആസ്പത്രി കെട്ടിടം പണിയുവാൻ ആരംഭിച്ചിരിക്കുന്നു. അതിൻെറ ശിലാസ്ഥാപനകർമ്മം ഏപ്രിൽ 24-ാംതീയതി തൃശ്ശൂർമെത്രാൻ എ. ചെ. ചെ. ബ. ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു.

**ചേനപ്പാടി:** സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ദ്വിതീയ വാർഷികയോഗം 24 ഏപ്രിൽ 20-ാംതീയതി ഉച്ചകഴിഞ്ഞ് സ്ഥലം സെൻറ് മൈക്കിൾസ് സ്കൂൾഹാളിൽവച്ച് റൈററ് റവ. ഡോക്ടർ മാത്യു കാവുക്കാട്ട് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സമ്മേളിച്ചു. റവ. ഫാ. ജോസഫ് കാവാലം സ്വാഗതപ്രസംഗം നടത്തി. സാധുജനസേവനത്തിൻെറ ആവശ്യകതയെ തെളിയിച്ചുകൊണ്ടു്, "സാധുജനങ്ങളുടെ പക്കലേക്ക് ഇറങ്ങിച്ചെല്ലു"വാൻ തിരുമേനി ഏവരേയും ആഹ്വാനം ചെയ്യുകയുണ്ടായി. "സാധുജനങ്ങൾ സമുദായത്തിൻെറ സമ്പത്താ"ണെന്നു് പ്രസംഗകനായ റവ. ഫാ. ജോൺ കുന്നപ്പള്ളി പ്രസ്താവിച്ചുകൊണ്ടു് ദീർഘമായി പ്രസംഗിച്ചു. യോഗം 5മണിക്കു് സമംഗളം പര്യവസാനിച്ചു. ഇടയ്ക്കിടയ്ക്കു് കുട്ടികളുടെ വിവിധ കലാപ്രകടനങ്ങൾ ഏവരേയും അത്യധികം ആനന്ദിപ്പിക്കയുണ്ടായി.

**കുണ്ടന്നൂർ:** സ്ഥലംപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ അവയുടെ വാർഷികാഘോഷം ഏപ്രിൽ 25-ാംനു ഉച്ചതിരിഞ്ഞു് 2മണിക്കു് റൈററ് റവ. മോൺ. ഡോക്ടർ ചിറയത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ തേർമഠം എം. ഒ എൽ. പ്രസംഗിച്ചു. യോഗത്തിനുശേഷം സംഘടനാംഗങ്ങൾ "അഭഗ്നമുദ്ര" എന്ന നാടകം അഭിനയിച്ചു. മീററിംഗിൽ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**അങ്കമാലി:** അങ്കമാലി സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി പർട്ടിക്കലർ കൗൺസിലിൻെറ ആഭിമുഖ്യത്തിലും ബ്ര. ഡേവിഡ് മഹാപിള്ളയുടെ നേതൃത്വത്തിലും സ്ഥലം സെൻറ് ജോസഫ്സ് ഹൈസ്കൂൾ ഹാളിൽവച്ച് മേയ് 2-ാംനു ഞായറാഴ്ച സൊസൈററി അംഗങ്ങൾക്കുവേണ്ടി ഒരു സ്റ്റഡിക്ലാസ്സ് നടത്തപ്പെടുകയുണ്ടായി. സ്റ്റഡിക്ലാസ്സിനെ തുടർന്നു് വെ. റവ. ഫാ. ജി. പി. കവലക്കാട്ട് അവർകൾ സാരഗർഭമായ ഒരു പ്രസംഗംചെയ്തു.

**പൊൻകുന്നം:** പൊൻകുന്നം കവലയിലുള്ള അമലോത്ഭവമാതൃകപ്പേളയിൽ ആണ്ടുതോറും നടത്തിവരാറുള്ള മേയ മാസവണക്കം ഇക്കൊല്ലം പൂർവ്വാധികം ആഡംബരസമന്വിതം നടന്നുകൊണ്ടിരിക്കുന്നു. ഭക്തഗാനാലാപം, പ്രാർത്ഥന, പ്രസംഗം മുതലായ പരിപാടികൾ വൈകുന്നേരം 7 മണിക്കു നടത്തിയതു് റവ. ഫാ. ജോസഫ് ഓണങ്കുളം അവർകളാണു്.

**പുന്നപ്ര:** തിരുഹൃദയാരാധനാസഖ്യത്തിൻെറ പ്രഥമവാർഷികം റവ. ഫാ. റെയ്നോൾഡ് പുരയ്ക്കൽ എം. എ. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രാത്രി ശ്രീ ജോസഫ് കൈമാപറമ്പൻ രക്തസാക്ഷിയെ അധീകരിച്ച് ഹൃദ്യമായ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

**ശൂരനാട്:** ഇവിടത്തെ കത്തോലിക്കാ മിഷൻ സമാരംഭിച്ചിട്ടു അഞ്ചുകൊല്ലമായി. അടുത്തകാലത്തു മാത്രമാണു് ഒരു സ്ഥിരംവികാരിയെ അനുവദിച്ചു കിട്ടിയതു്. അദ്ദേഹത്തിൻെറ ആഗമനത്തോടുകൂടി പുനരൈക്യപ്പെട്ടുന്നവരുടെ സംഖ്യ വർദ്ധിച്ചുവരുന്നു. ഈ അടുത്ത ആഴ്ചകളിൽത്തന്നെ സ്ഥലപ്രാമാണികന്മാർ ഉൾപ്പെടെ ഒൻപതുപേർ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിട്ടുണ്ടു്.

**ഓച്ചന്തുരുത്ത്:** സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ 5-ാമതു വാർഷികസമ്മേളനം ദിവ്യശ്രീ ഫാദർ ജോസഫ് ഇല്ലിപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 2-ാംനു സാഘോഷം കൊണ്ടാടി. ശ്രീമാന്മാരായ ജെയിക്കബ്ബ് മാഞ്ഞൂരാൻ, എം. എം. മാത്യു എന്നിവർ ഓരോ പ്രസംഗംചെയ്തു.

**വല്ലം:** ഈ പള്ളിയിലെ ദിലിററിൽ ഫ്ളവർ സി. വൈ. എം എ., വിൻസെൻറ്ഡി പോൾ കോൺഫറൻസ്, സൊഡാലിററി തുടങ്ങിയ ഭക്തസംഘടനകളുടെ സംയുക്തവാർഷികസമ്മേളനം ഈ മാസം 2-ാംതീയതി റവ. ഡോ. തോമസ്സ് മൂത്തേടൻ എം. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. യോഗത്തിൽ ശ്രീമാൻ കെ. എം. ജോസഫ് ബി. എ. ബി. എൽ, ശ്രീമതി ജാൻസി ഡേവിഡ് ബി. എ. എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം സംഘടനാംഗങ്ങൾ "തകർന്നഹൃദയം" എന്ന സംഗീതനാടകം അഭിനയിക്കുകയുണ്ടായി.

**നാട്ടകാണി:** ആണ്ടുതോറും ടി പള്ളിയിൽ നടത്തിവരാറുള്ള വി. തോമാശ്ലീഹായുടെ തിരുനാൾ സംബന്ധിച്ച് മേയ് 1-ാംനു ശനിയാഴ്ച ഭക്തിപൂർവ്വം സ്ലീവാപ്പാത എത്തിച്ചുകൊണ്ടു് നാട്ടകാണി കുരിശുമുടി കയറുകയും 2-ാംനു ഞായറാഴ്ച മററു തിരുനാൾച്ചടങ്ങുകളോടെ പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുകയും ചെയ്തിരിക്കുന്നു.

**മേലൂർ:** മേലൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററി, ചെറുപുഷ്പ മിഷൻലീഗ് എന്നിവയുടെ സംയുക്തവാർഷികസമ്മേളനം മേയ് 2-ാംതീയതി വിവിധപരിപാടികളോടു കൂടി സമംഗളം നടന്നിരിക്കുന്നു.

# തിരുക്കൊച്ചിവാർത്തകൾ

### പുതിയ സ്കൂളുകൾ

അടുത്ത വിദ്യാലയവർഷത്തിൽ തിരുക്കൊച്ചിയിൽ പ്രൈവററും ഡിപ്പാർട്ടുമെൻറലുമായി ആകെ 110 സ്കൂളുകൾ ഗവമ്മെൻറിൽനിന്നും അനുവദിച്ചിരിക്കുന്നു. ഇതിൽ 69 പ്രൈവററു പ്രൈമറിസ്കൂളുകളും 6 ഡിപ്പാർട്ടുമെൻറൽ പ്രൈമറിസ്കൂളുകളും, 20 പ്രൈവററ്മിഡിൽ സ്കൂളുകളും 2 ഡിപ്പാർട്ടുമെൻറൽ മിഡിൽസ്കൂളുകളും 7 പ്രൈവററ് ഹൈസ്കൂളുകളും 2 ഡിപ്പാർട്ടുമെൻറൽ ഹൈസ്കൂളുകളും 2 പ്രൈവററ് ട്രെയിനിംഗ് സ്കൂളുകളും ഒരു ഡിപ്പാർട്ടുമെൻറൽ ട്രെയിനിംഗ്സ്കൂളും ഒരു പ്രൈവററ് ബേസിക് സ്കൂളും ഉൾപ്പെടുന്നു.

### പുതിയ ലോകോളെജ്

അടുത്ത സ്കൂൾവർഷാരംഭം മുതൽ ഗവമ്മെൻറുവക ഒരു ലോകോളെജ് തിരുവനന്തപുരത്തു് ആരംഭിക്കുന്നതിനു് ഗവമ്മെൻറു യൂണിവേഴ്സിററിക്കനുവാദം നൽകിയിരിക്കുന്നതായറിയുന്നു.

### ഭൂദാനയജ്ഞം

അഖിലേന്ത്യാ പി. എസ്. പി. നേതാവു് ശ്രീ ജയ്പ്രകാശ് നരെയിൻ ഭൂദാനപ്രവർത്തനംസംബന്ധിച്ച് ജൂൺ 15 മുതൽ 15 ദിവസം തിരുക്കൊച്ചിയിൽ പര്യടനം നടത്തുന്നതാണെന്നറിയുന്നു.

### ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൻെറ ശുപാർശകൾ

ഈയിടെ തിരുവനന്തപുരത്തു വച്ചു കൂടിയ ഹെഡ്മാസ്റ്റർമാരുടെ കോൺഫറൻസ് ഗവമ്മെണ്ടിലേക്കു് സമർപ്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട ശുപാർശകൾ താഴെ ചേർക്കുന്നു:

പ്രൈമറി-മിഡിൽസ്കൂളുകളിലെ കരിക്കുലം ഏകീകരിക്കണം.

ടെക്സ്റ്റ് ബുക്ക് കമ്മററിയിൽ ഹെഡ്മാസ്റ്റർമാർക്കു 50 ശതമാനം പ്രാതിനിധ്യം നൽകണം.

വിദ്യാർത്ഥികളെ രാഷ്ട്രീയകാര്യത്തിനു് ചൂഷണംചെയ്യുന്നതിനെ നിയമംമൂലം തടയണം.

ഡിപ്പാർട്ടുമെൻറലും പ്രൈവററും സ്കൂളദ്ധ്യാപകശമ്പളം തുല്യമാക്കണം.

ഒരു സ്കൂളിൽ വിദ്യാർത്ഥിസംഖ്യ 500-ൽ കുറയരുതു്. എന്നാൽ 700-ൽ കവിയുകയുമരുതു്. ഒരു ക്ലാസ്ഡിവിഷനിൽ വിദ്യാർത്ഥിസംഖ്യ കുറഞ്ഞതു 30-ം കൂടിയതു 40-ം ആയിരിക്കണം.

വിദ്യാർത്ഥികളിൽനിന്നു ലൈബ്രറി ഫീസ് പിരിക്കണം.

അദ്ധ്യാപകർ രാഷ്ട്രീയത്തിൽ ഏർപ്പെടുന്നതു സ്കൂളിൻെറ അഭിവൃദ്ധിക്കു ഹാനികരമാകും.

വിദ്യാർത്ഥിനികൾ കൂടുതലുള്ളിടത്തു് ഗേൾസ്സ്കൂൾ ഏർപ്പെടുത്തണം.

ബോയ്സ് സ്കൂളുകളിൽവിദ്യാർത്ഥികളുടെ സംഖ്യക്കനുസരിച്ചേ അദ്ധ്യാപകന്മാരെ നിയമിക്കാവു.

അണ്ടർഗ്രാഡ്വേററദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കണം.

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കു ശമ്പളത്തോടുകൂടി പ്രിവിലേജ് അവധി അനുവദിക്കണം.

ഡിപ്പാർട്ടുമെൻറുസ്കൂളദ്ധ്യാപകർക്കു കൂടുതലധികാരംനൽകണം.

പ്രോവിഡൻറ്ഫണ്ടു് ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളിൽ അതു ആരംഭിക്കണം.

പ്രൈവററുസ്കൂൾ മാനേജർമാർക്കു നൽകുന്ന സഹായധനത്തോതു കൂട്ടണം.

വർഷമദ്ധ്യത്തിൽ പ്രൈവററു സ്കൂളുകളിൽനിന്നു അദ്ധ്യാപകരെ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ റിക്രൂട്ടുചെയ്യുന്ന സമ്പ്രദായം നിറുത്തലാക്കണം.

നാലാംഫാറം മുതൽ സ്റ്റഡി കോഴ്സിൽ വൈവിദ്ധ്യം ഉണ്ടാക്കണം. (diversified study course)

### പ്രൈവററുകോളേജുകളുടെ കെട്ടിവയ്പ്

പ്രൈവററുകോളേജുകൾ ഓരോന്നും അഞ്ചുലക്ഷം രൂപാവീതം കെട്ടിവയ്ക്കണമെന്നുള്ള വ്യവസ്ഥ നിർബന്ധിതമായി നടപ്പിൽ വരുത്തിയിരിക്കുന്നു. എൻ. എസ്സ് എസ്സ്; എസ്സ്. എൻ. ഡി. പി. എന്നീ സമുദായസംഘടനകളുടെ വകയായി നടത്തപ്പെടുന്ന വിവിധ കോളേജുകളെ കോർപ്പറേററ് മാനേജുമെൻറ് എന്ന അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് എല്ലാ കോളേജുകൾക്കുംകൂടി അഞ്ചുലക്ഷംരൂപാ കെട്ടിവയ്ക്കുകയാണു്. എന്നാൽ ക്രിസ്ത്യൻ മാനേജുമെൻറിലുള്ള കോളേജുകൾ ഒരു പൊതുമാനേജുമെൻറിൻെറ അഭാവം മൂലം പ്രത്യേകംപ്രത്യേകം അഞ്ചുലക്ഷം രൂപാവീതം അടയ്ക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കുന്നു.

### വിദ്യാഭ്യാസവകുപ്പു പുനസ്സംഘടിപ്പിക്കുന്നു

തിരുക്കൊച്ചി വിദ്യാഭ്യാസവകുപ്പിൻെറ പുനഃസംഘടന സംബന്ധിച്ച് മേയ് 5-ാംനു ഗവർമ്മെൻറു് ഒരു പ്രസ്സ്നോട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൻപ്രകാരം മേലിൽ വിദ്യാഭ്യാസ ഡയറക്ടരാഫീസിൽ അദ്ദേഹത്തെ സഹായിക്കാൻ ഒരു ഡെപ്യൂട്ടി ഡയറക്ടർ ഉണ്ടായിരിക്കും. അദ്ദേഹം ഡിപ്പാർട്ടുമെൻറു് സംബന്ധിച്ചു ദൈനംദിനജോലികൾ നോക്കും. വിദ്യാഭ്യാസഡയറക്ടർ അദ്ദേഹത്തിൻെറ സമയം ഭരണപരവും നയപരവുമായ പ്രധാനപ്പെട്ട കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതാണു്.

ഭരണപരമായ സൗകര്യത്തിനുവേണ്ടി സംസ്ഥാനത്തെ മൂന്നു വിദ്യാഭ്യാസഡിവിഷനുകളായി തിരിക്കയും ഓരോ ഡിവിഷനും 350-450 രൂപയിൽ ഓരോ ഡിവിഷനൽ എഡ്യൂക്കേഷനൽ ഓഫീസറെ നിയമിക്കുന്നതുമാണു്. ഓരോ ഡിവിഷനിലേയും സ്കൂളുകളുടെ നിയന്ത്രണം ഈ ഓഫീസർക്കായിരിക്കും.

ഓരോ ഡിവിഷനും മൂന്നു ഡിസ്ട്രിക്ടുകളായി തിരിക്കും. അവിടെ 275-325 രൂപായിൽ ഓരോ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസറെ നിയമിക്കും. ഓരോ ഡിസ്ട്രിക്ടിലുമുള്ള ഹൈസ്കൂളുകൾ ട്രെയിനിംഗ്സ്കൂളുകൾ ഇവയുടെ പരിശോധനയ്ക്കും ഭരണത്തിനുമുള്ള ചുമതല ഡിസ്ട്രിക്ട് ഓഫീസർക്കാണു്. ഓരോ ഡിസ്ട്രിക്ടിലും 6 പ്രൈമറി ആൻഡ് മിഡിൽസ്കൂൾ ഇൻസ്പെക്ടർമാർ ഉണ്ടായിരിക്കും.

ഇപ്പോഴുള്ള 38 പ്രൈമറി ആൻഡ് മിഡിൽസ്കൂൾ ഇൻസ്പെക്ടർമാരുടെയും 8 നിർബന്ധിതവിദ്യാഭ്യാസമേഖലകളിലെ സബ് ഇൻസ്പെക്ടർമാരുടെയും സ്ഥാനത്തു 54 ഇൻസ്പെക്ടർമാർ മേലിൽ ഉണ്ടായിരിക്കും. മുസ്ലിംവിദ്യാഭ്യാസ ഇൻസ്പെക്ടരുടെ ലാവണം പഴയപടി തുടരുന്നതാണു്. ഗേൾസ് സ്കൂളുകൾക്കു പ്രത്യേക പാഠപദ്ധതി ഉള്ളതുകൊണ്ടു് 2 ഇൻസ്പെക്ട്രസ്സ് ഓഫ് ഗേൾസ്സ്കൂളുകളുടെ ലാവണവും പഴയപടി തുടരും. സീനിയർ ഇൻസ്പെക്ട്രസ്സിനു് 350-450 രൂപയും ജൂണിയർ ഇൻസ്പെക്ട്രസ്സിനു് 275-325 രൂപയും ശമ്പളം നൽകും.

ഗവർമ്മെൻറുസ്കൂൾ കെട്ടിടങ്ങളുടെ കേടുപാടുകൾ യഥാവിധി പോക്കാത്തതിനു് കാരണം വേണ്ട അധികാരവും പദവിയുമുള്ള ടെക്ക്നിക്കൽ ഓഫീസർമാരുടെ കുറവായതുകൊണ്ടു് അസിസ്റ്റൻറു എൻജിനീയരുടെ അധികാരത്തോടുകൂടി ഡയറക്ടർ ഓഫീസിലും സൂപ്രവൈസരുടെ സ്ഥാനത്തോടുകൂടി ഓരോ ഓഫീസർ ഓരോ ഡിവിഷനിലും ഉണ്ടായിരിക്കും. ബില്ലുകൾ യഥാകാലം പാസ്സാക്കുവാൻ 80-120 രൂപാ സ്കെയിലിൽ ഓരോ അക്കൗണ്ടൻറിനെ ഓരോ ഡിവിഷനിലും അനുവദിക്കുന്നതാണു്.

## ഇന്ത്യാവാർത്തകൾ

### മിഷനറിമാരെപ്പററി പാർലമെൻറിൽ

1952-53-ൽ 55-ം, 1953-54-ൽ 54-ം അമേരിക്കൻ മിഷനറിമാരുടെ ഇൻഡ്യയിൽ പ്രവേശനത്തിനായുള്ള അപേക്ഷ ഇൻഡ്യാ ഗവമ്മെൻറു നിഷേധിച്ചിട്ടുണ്ടെന്നു് കേന്ദ്രകൗൺസിൽ ഓഫ് സ്റ്റേററ്സിൽ ഡെപ്യൂട്ടി ഹോം മന്ത്രി വെളിപ്പെടുത്തിയിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഇൻഡ്യയിലേക്കു പ്രവേശനത്തിനായി ലഭിച്ച അപേക്ഷകൾ യഥാക്രമം 533-ം 365-ം ആയിരുന്നത്രെ. സഭയിൽ തുടർന്നുണ്ടായ ചോദ്യങ്ങൾക്കുത്തരമായി ആഭ്യന്തരമന്ത്രി ഡോ. കട്ജു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: വിദേശമിഷനറിമാർ മിക്കവാറും സാധുജനാരോഗ്യപ്രവർത്തനങ്ങൾക്കും സുവിശേഷപ്രചരണത്തിനുംവേണ്ടിയാണു് ഇൻഡ്യയിൽ പ്രവേശിക്കാനാഗ്രഹിക്കുന്നതു്. അവരുടെ സേവനങ്ങൾ ആവശ്യമില്ല എന്ന കാരണത്താലാണു് പലപ്പോഴും അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുള്ളതു്. ചില അപേക്ഷകർ തങ്ങൾ മതപ്രചരണത്തിനു വേണ്ടിയാണു് ഇൻഡ്യയിലേക്കു വരുവാനാഗ്രഹിക്കുന്നതെന്നു പ്രസ്താവിച്ചിട്ടുണ്ടു്. മതപ്രചരണത്തിനുള്ള അവകാശം ഇൻഡ്യൻ പൗരന്മാർക്കു മാത്രമേ വാഗ്ദാനം ചെയ്തിട്ടുള്ളോ എന്ന ചോദ്യത്തിനുത്തരമായി, മതപ്രചാരണത്തിനുവേണ്ടി ഇൻഡ്യയിലേക്കു വരുവാൻ തങ്ങളാഗ്രഹിക്കുന്നുവെന്നു വിദേശമിഷനറിമാർ പ്രഖ്യാപിക്കുന്നതു് ആത്മാർത്ഥമായ ഒരു പ്രസ്താവനയാണെന്നും അവക്കു് അനുവാദം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യുന്നതു് മറെറാരു കാര്യമാണെന്നും ഡോ. കട്ജു പ്രസ്താവിച്ചു.

### ക്രിസ്ത്യൻ എം. പി. മാരുടെ നിവേദനം

ഇൻഡ്യയിൽ മിഷൻപ്രവർത്തനം നടത്തുന്ന ക്രിസ്ത്യൻ മിഷനറിമാർക്കെതിരായി ചില വർഗ്ഗീയവാദികൾ ആരംഭിച്ചിരിക്കുന്ന ദുർനടപടികൾമൂലം മിഷനറിമാർക്കു നേരിട്ടിരിക്കുന്ന അസ്വാതന്ത്ര്യങ്ങളെ പരാമർശിച്ചും അവയെ നിയന്ത്രിക്കുന്നതിനുവേണ്ട നടപടികളെടുക്കണമെന്നഭ്യർത്ഥിച്ചും ഒരു നിവേദനം പ്രധാനമന്ത്രി നെഹ്റുവിനു സമർപ്പിക്കാൻ പാർലമെൻറിലെ ക്രിസ്ത്യൻ എം. പി. മാർ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു കൂടിയ എം. പി. മാരുടെ സമ്മേളനത്തിൽ കേന്ദ്ര ആരോഗ്യവകുപ്പു മന്ത്രിണി ശ്രീമതി രാജകുമാരി അമൃത്കോറും സംബന്ധിക്കുകയുണ്ടായി.

### ചരമം

**പള്ളിപ്പുറം:** തൈക്കൽകളത്തിൽ ശ്രീ ജോസഫിൻെറ ഭാര്യ മറിയം വാർദ്ധക്യസഹജമായ രോഗംമൂലം 72-മത്തെ വയസ്സിൽ പരലോകം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പള്ളിപ്പുറം മഹാ. പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. R. I. P.

തിരുസഭാചരിത്രം 27

# റോമാസഭയുടെ പ്രാമുഖ്യം

(പ്രൊഫസർ പി. റ്റി. തോമസ് എം. എ.)

മിലാനിലെ രാജശാസനം തിരുസ്സഭാചരിത്രത്തിലെ ഒരു സുപ്രധാനഘട്ടത്തെ കുറിക്കുന്നു. മൂന്നു ശതാബ്ദക്കാലം സഭയോടു് സമരംചെയ്ത റോമാസാമ്രാജ്യം ഈ ശാസനത്തോടുകൂടി ക്രിസ്തുമതത്തെ ഔദ്യോഗികമായി അംഗീകരിക്കയും അതിൻെറ സ്വച്ഛന്ദമായ വളർച്ചയ്ക്കും പുരോഗതിക്കും അടിസ്ഥാനമിടുകയുംചെയ്തു. മേലിൽ റോമാ ഒരു ക്രിസ്തീയസാമ്രാജ്യമായിട്ടാണു് ചരിത്രത്തിൽ അറിയപ്പെടുന്നതു്.

ഈ ഘട്ടത്തിൽ ചരിത്രവീഥിയിൽക്കൂടി പിന്നോക്കം തിരിഞ്ഞു് ഒന്നുംരണ്ടും ശതാബ്ദങ്ങളിൽ പ്രാബല്യത്തിലെത്തിയിരുന്ന ആദിമ ക്രൈസ്തവസഭകളിൽവച്ചു് റോമാസഭയ്ക്കുണ്ടായിരുന്ന പ്രാമുഖ്യത്തിൻെറ തെളിവുകൾ ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തു തൻെറ സഭയുടെമേലുള്ള പരമാധികാരം പത്രോസിനു നൽകി എന്നുള്ളതു് സുവിശേഷത്തിൽനിന്നും അനിഷേദ്ധ്യമാംവണ്ണം തെളിയുന്നുണ്ടു്. വി. പത്രോസു് തൻെറ സിംഹാസനം റോമയിൽ സ്ഥാപിച്ചതിനെത്തുടർന്നു് റോമാസഭയ്ക്കു് വിവിധ ക്രൈസ്തവസഭകളുടെ ഇടയ്ക്കു് പ്രഥമസ്ഥാനവും മുൻഗണനയും സ്വയം സിദ്ധമായി. റോമാസഭയെക്കാൾ കൂടുതൽ പുരാതനവും പ്രശസ്തവുമായ സഭകൾ ഏഷ്യാമൈനറിൽ പരിപുഷ്ടിപ്പെട്ടുകൊണ്ടിരുന്നു എങ്കിലും റോമാസഭയ്ക്കാണു് എല്ലാംകൊണ്ടും പ്രാമുഖ്യം നൽകപ്പെട്ടിരുന്നതു്. അപ്പസ്തോലപ്രമുഖനായ വി. പത്രോസിൻെറ പരമാധികാരത്തിൽ അധിഷ്ഠിതമായിരുന്നു റോമാസഭയുടെ പ്രാമുഖ്യം.

ക്രിസ്തീയ വിശ്വാസസത്യങ്ങളെ ക്രോഡീകരിച്ചുകൊണ്ടു് വി. പൗലോസു് റോമാക്കാർക്കെഴുതിയ ലേഖനംതന്നെ അവിടെ രൂപംപ്രാപിച്ചുകൊണ്ടിരുന്ന സഭയുടെ അതുല്യപ്രാധാന്യത്തെപ്പററി അപ്പസ്തോലനുണ്ടായിരുന്ന ബോദ്ധ്യത്തിനു് തെളിവാണു്. കേവലം ശൈശവാവസ്ഥയിൽമാത്രം എത്തിയിരുന്ന റോമാസഭയെ പൗലോസു് അകമഴിഞ്ഞഭിനന്ദിക്കുന്നു: "നിങ്ങളുടെ വിശ്വാസം ലോകം മുഴുവൻ പ്രകീർത്തിക്കപ്പെടുന്നു"വെന്നുള്ള പൗലോസിൻെറ അഭിനന്ദനവചസ്സുകൾ ശ്രദ്ധേയമാണു്. പിന്നീടു് റോമാ സന്ദർശിക്കുന്നതിലും അവിടെവച്ചു് രക്തസാക്ഷിയായി മരണമടയുന്നതിലും വി. പൗലോസു് പ്രദർശിപ്പിച്ച അഭിവാഞ്ഛയും നിശ്ചയദാർഢ്യതയും ക്രിസ്തീയൈക്യത്തിൻെറ കേന്ദ്രം റോമാസഭയാണെന്നുള്ള അദ്ദേഹത്തിൻെറ ബോദ്ധ്യത്തെ വിളിച്ചറിയിക്കുന്നു.

ഒന്നാംശതാബ്ദത്തിൻെറ അന്ത്യഘട്ടത്തിൽ അപ്പസ്തോലനായ വി. യോഹന്നാൻ ജീവിച്ചിരിക്കുന്ന കാലത്തുതന്നെ മററു സഭകളിൽ സംഭവിച്ച ഛിദ്രങ്ങൾ അവസാനിപ്പിക്കുന്ന കാര്യത്തിൽ റോമാസഭ അധികാരസമേതം ഇടപെടുന്നതായി നാം കാണുന്നു. A. D. 95-നും 98-നും ഇടയ്ക്കു് കൊറിന്ത്യായിലെ സഭയിൽ ചില അസ്വാസ്ഥ്യതകൾ പൊട്ടിപ്പുറപ്പെട്ടു. അവിടെ സഭാഭരണം നടത്തിയിരുന്നവരെ (Presbyters) അനുസരിക്കുന്നതിൽ ചിലർ വൈമനസ്യം പ്രദർശിപ്പിച്ചു. ഛിദ്രം അവസാനിപ്പിക്കുവാൻ വേണ്ടി റോമാമെത്രാനായിരുന്ന വി. ക്ലെമൻറ് വിശ്വസ്തരും വിവേകമതികളുമായ പ്രതിനിധികളെ കൊറിന്ത്യയിലേക്കയച്ചു. അവർവശം കൊടുത്തയച്ചിരുന്ന ലേഖനത്തിൽ ക്ലെമൻറ് ഇപ്രകാരം ഉൽബോധിപ്പിച്ചിരുന്നു. "പരിശുദ്ധാത്മാവിയിൽ ഞാൻ നിങ്ങൾക്കെഴുതിയിട്ടുള്ള കാര്യങ്ങൾ നിങ്ങൾ അനുസരിച്ചു് നിങ്ങളുടെ നീതിപൂർവ്വകമല്ലാത്ത കോപത്തിനു് ശമനംവരുത്തുമെങ്കിൽ ഞാൻ അതീവസന്തുഷ്ടനായിരിക്കും." വി ക്ലെമൻറിൻെറ ലേഖനം കൊറിന്ത്യയിലെ സഭയിൽ സമാധാനം പുനഃസ്ഥാപിച്ചു. റോമാമെത്രാൻെറ ഉൽബോധനത്തെ അനധികൃതമായ ഒരു ഇടപെടലായി കൊറിന്ത്യക്കാർ പരിഗണിച്ചില്ല. നേരെമറിച്ചു് എഴുപതു സംവത്സരങ്ങൾക്കുശേഷവും കൊറിന്ത്യയിലെ വിശ്വാസികൾ അവരുടെ പൊതുസമ്മേളനങ്ങളിൽവച്ചു് വി. ക്ലെമൻറിൻെറ ലേഖനം ആദരപൂർവ്വം വായിക്കുക പതിവായിരുന്നു.

അപ്പസ്തോലന്മാരുടെ ശിഷ്യനും അന്ത്യോക്യയിലെ മെത്രാനുമായിരുന്ന വി. ഇഗ്നേഷ്യസ്സു് റോമാസഭയെപ്പററി താഴെ കാണും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നീ (റോമാസഭ) സ്നേഹസമൂഹത്തിൻെറ അദ്ധ്യക്ഷയാണു്. നീ ഒരിക്കലും ആരെയും വഞ്ചിച്ചിട്ടില്ല. നീ മററുള്ളവരെ പഠിപ്പിക്കുന്നു. നീ തീരുമാനിക്കുന്നതു യാതൊന്നോ അതിനെ ആരും ചോദ്യംചെയ്യാതിരിക്കട്ടെ എന്നാണു് എൻെറ ആഗ്രഹം." വി. പത്രോസിനാൽ സ്ഥാപിക്കപ്പെട്ടതും റോമായെക്കാൾ പഴക്കമുള്ളതുമായ അന്ത്യോക്യാസഭയുടെ തലവനാണു് ഈ സാക്ഷ്യം നൽകുന്നതെന്നുള്ള കാര്യം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്.

വി. യോഹന്നാൻെറ ശിഷ്യനായിരുന്ന വി. പോളിക്കാർപ്പിൻെറ ശിഷ്യനും ഏഷ്യാമൈനറിൽ ജനിച്ചുവളർന്ന ദേഹവുമായ വി. ഇറേനിയൂസു് ഇപ്രകാരം രേഖപ്പെടുത്തുന്നു: "അപ്പസ്തോലപാരമ്പര്യം പുലർത്തുന്ന മററു് എല്ലാ സഭകളും റോമാസഭ സംവഹിക്കുന്ന പ്രത്യേകാധികാരം കാരണത്താൽ അവളുടെ ചുററും ചേർന്നിരിക്കേണ്ടിയിരിക്കുന്നു."

ശിക്ഷണസംബന്ധമായോ വിശ്വാസസംബന്ധമായോ ഉണ്ടാകുന്ന എല്ലാ തർക്കങ്ങളിലും റോമായുടെ അഭിപ്രായമാണു് എല്ലാക്രൈസ്തവരും ആരാഞ്ഞുകൊണ്ടിരുന്നതു്. റോമായുടെ തീരുമാനം അവസാനത്തേതായി എല്ലാവരും സ്വീകരിക്കയും ചെയ്തിരുന്നു. മൊൻടാനിസ്റ്റു് എന്ന ശീശ്മയെ സംബന്ധിച്ചുണ്ടായ തർക്കം ഇതിനൊരു ദാഹരണമാണു്. ഏഷ്യൻ പ്രദേശത്തുനിന്നും ഈ ശീശ്മ ലയൺസിലെ സഭയിലേക്കു വ്യാപിച്ചപ്പോൾ അവിടത്തെ വിശ്വാസികൾ റോമാ മെത്രാനായ എലുതേറിയൂസി (Eleutherius) നെ വിവരങ്ങൾ ധരിപ്പിക്കയും സഭയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നു് അഭ്യർത്ഥിക്കയുംചെയ്തു. പത്തു സംവത്സരങ്ങൾക്കുശേഷം ലയൺസിലെ മെത്രാനായിരുന്ന വി. ഇറേനിയൂസു് ഇതേ പ്രശ്നം സംബന്ധിച്ചു് റോമാ മാർപ്പാപ്പായുടെ ഉപദേശം ആവശ്യപ്പെടുകയുണ്ടായി. മൊൻടാനിസ്റ്റു് ശീശ്മയെ ശപിക്കണമെന്നപേക്ഷിച്ചുകൊണ്ടു് പൗരസ്ത്യദിക്കിൽനിന്നും പ്രാക്സിയാസു് (Praxeas) എന്നയാൾ റോമയിൽ വരികയുമുണ്ടായി. ഒരു പൗരസ്ത്യശീശ്മയെ സംബന്ധിച്ചുള്ള വിധി കല്പിക്കുവാൻവേണ്ടി അപ്പസ്തോലികസഭകളായ എഫേസൂസിനെയോ അന്ത്യോക്യയേയോ സമീപിക്കാതെ റോമാസിംഹാസനത്തെമാത്രം ആശ്രയിക്കുന്നതു് ഏററം അർത്ഥവത്താണു്. ഒന്നാംശതകത്തിൽ തന്നെ ഇത്തരം ധാരാളം അപേക്ഷകൾ റോമാസഭ മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടുണ്ടു്. ശീശ്മപക്ഷക്കാരും റോമയെ സമീപിക്കുന്നതിൽ ഒട്ടും പിന്നോക്കമായിരുന്നില്ല. തങ്ങളുടെ അഭിപ്രായങ്ങൾ അഥവാ തെററാണെങ്കിൽതന്നെയും, റോമാസിംഹാസനത്തിൻെറ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അവയുടെ വിജയം സുനിശ്ചിതമാണെന്നുള്ള ബോദ്ധ്യമാണു് അവരെ ഇതിനു പ്രേരിപ്പിച്ചതു്.

രണ്ടാംശതാബ്ദത്തിൻെറ അന്ത്യഘട്ടത്തിൽ ഉയിർപ്പുതിരുനാളിൻെറ തീയതി നിർണ്ണയം സംബന്ധിച്ചുണ്ടായ തർക്കത്തിലും റോമാസഭ ഇടപെട്ടു തീരുമാനം കല്പിക്കുകയുണ്ടായി. ഉയിർപ്പുതിരുനാളിനെ സംബന്ധിച്ച പൗരസ്ത്യവും പാശ്ചാത്യവുമായി രണ്ടു വിഭിന്നപാരമ്പര്യങ്ങൾ നിലനിന്നുപോന്നു. പൗരസ്ത്യരീതിയനുസരിച്ചു് ഉയിർപ്പുതിരുനാൾ ആഘോഷിക്കേണ്ടതു് ഒന്നാം യഹൂദമാസമായ നിസാൻ (Nisan) 14-ാംതീയതിയായിരുന്നു. അതു ഞായറാഴ്ചയാകണമെന്നു് നിർബന്ധവുമില്ലായിരുന്നു. എന്നാൽ പാശ്ചാത്യ അഥവാ റോമൻ പാരമ്പര്യമനുസരിച്ചു് തിരുനാൾ തീയതി നിസാൻ 14-ാംതീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ചയായിരുന്നു. കൂടാതെ പൗരസ്ത്യർ ഈ തിരുനാളിനെ ക്രിസ്തുവിൻെറ ചരമവാർഷികമായും മററുള്ളവർ പുനരുത്ഥാനവാർഷികമായുമാണു് കരുതിപ്പോന്നതു്. അങ്ങനെ കിഴക്കും പടിഞ്ഞാറുംതമ്മിൽ ഗൗരവമായ ഒരു പിളർപ്പുണ്ടായി. ഈ അവസ്ഥയിൽ ഏഷ്യയിലെ വിശ്വാസികൾ റോമാമാർപ്പാപ്പായായ ആനിസെത്തൂസി (Anicetus) നെ കണ്ടു് കുഴപ്പത്തിനു പരിഹാരമുണ്ടാക്കുവാൻവേണ്ടി സ്മേർണായിലെ മെത്രാനായിരുന്ന വി. പോളിക്കാർപ്പിനെ നിയോഗിച്ചു. മാർപ്പാപ്പായെക്കൊണ്ടു് പൗരസ്ത്യരീതിയെ അംഗീകരിപ്പിക്കുവാൻ പോളിക്കാർപ്പിനു സാധിച്ചില്ല. പിന്നീടു് (A. D. 190മുതൽ 198വരെ) റോമാമെത്രാനായിരുന്ന ഒന്നാം വിക്ടർ (Victor I) ഈ പ്രശ്നത്തിനു് തീരുമാനം കണ്ടെത്തുവാൻ നിശ്ചയിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ സഭകളും സൂനഹദോസുകൾ വിളിച്ചുകൂട്ടി പര്യാലോചിച്ചു് ഈ പ്രശ്നം സംബന്ധിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി റോമയിലേക്കയക്കുവാൻ മാർപ്പാപ്പാ കല്പനകൊടുത്തു. തദനുസരണം സൂനഹദോസുകൾകൂടി ഔദ്യോഗികതീരുമാനങ്ങൾ രേഖപ്പെടുത്തിയതായി യുസേബിയൂസിൻെറ ചരിത്രത്തിൽ കാണുന്നുണ്ടു്. പോൺടസിലെ മെത്രാന്മാർ, കോറിന്ത്യയിലെ മെത്രാൻ, പലസ്തീനയിലെ സൂനഹദോസു്, ഗാളിലെയും ഓസ്രോണി (Osrhoene) ലെയും സഭകൾ ഇവയെല്ലാം റോമൻ പാരമ്പര്യത്തെ അനുകൂലിച്ചു തീരുമാനങ്ങളെടുത്തതായി ചരിത്രം സാക്ഷിക്കുന്നു. എന്നാൽ ഏഷ്യാക്കാർ അവരുടെ പാരമ്പര്യത്തിൽ ഉറച്ചുതന്നെ നിന്നു. റോമാക്കാരുടെ നില അപ്പസ്തോലപാരമ്പര്യത്തിനു് വിരുദ്ധമാണെന്നും യാതൊരു കാരണവശാലും തങ്ങളുടെ നിലപാടിൽനിന്നും വ്യതിചലിക്കയില്ലെന്നും അവർ തീവ്രവാദം നടത്തി. വിക്ടർ മാർപ്പാപ്പ സാർവ്വത്രികസഭയുടെ പരമാധികാരി എന്ന നിലയിൽ പ്രതിപക്ഷത്തെ ഒന്നടങ്കം മഹറോൻചൊല്ലുകയുണ്ടായി. അവസാനം എതിർപ്പു ദുർബലപ്പെടുകയും കാലക്രമേണ റോമൻ മുറപ്രകാരം ഞായറാഴ്ച ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്ന പതിവു് എല്ലാ സഭകളിലും അംഗീകരിക്കപ്പെടുകയുംചെയ്തു.

ക്രിസ്തീയവിശ്വാസത്തെ നേരിട്ടു ബാധിക്കാത്ത ഈ അപ്രധാനപ്രശ്നത്തിൽപ്പോലും ശ്രദ്ധചെലുത്തുവാനും അതിനെ സംബന്ധിച്ചു് അന്ത്യതീരുമാനം കല്പിക്കുവാനും കഴിവുണ്ടായിരുന്ന റോമാസഭ ആദ്യശതകങ്ങൾമുതല്ക്കുതന്നെ ക്രൈസ്തവസഭകളിൽ വച്ചു ഏററം പ്രമുഖയായിരുന്നു എന്നുള്ളതിനു സംശയമില്ല.

—o—

DCB

നിങ്ങളുടെ ആവശ്യമറിഞ്ഞു് ഏററവും സൗഹാർദ്ദപുരസ്സരമായ സേവനം നൽകുന്നതിനു പരിചയസമ്പന്നരായ ഞങ്ങൾ പഴയതുപോലെ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സുശിക്ഷിതരും സമർത്ഥരുമായ ഞങ്ങളുടെ പ്രതിനിധികൾ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ഏററവും വിജയകരമാംവിധം നിർവ്വഹിച്ചുതരും. ഞങ്ങളുടെ ഏതെങ്കിലും ആഫീസു സന്ദർശിക്കുക.

ഓറിയൻ്റ് സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ഹെഡ് ആഫീസ് – കോട്ടയം.

ബ്രാഞ്ചുകൾ:–

പാലാ, കുമരകം, തൊടുപുഴ, കൂട്ടിക്കൽ, എറണാകുളം
വൈക്കം, പാമ്പാടി, തിരുവല്ലാ, കാഞ്ഞിരപ്പള്ളി, ഈരാററുപേട്ട, വടക്കൻ പറവൂർ
പിറവം, പൂവരണി, കോട്ടയം, എരുമേലി, കോതമംഗലം

പ്രവർത്തനമൂലധനം 1 കോടി രൂപയിൽ കൂടുതൽ

ആദ്ധ്യാത്മികവീഥി 23

# മനഃപ്രാർത്ഥന അഥവാ ധ്യാനം

ദൈവത്തിൻെറ വത്സലമക്കളേ,

ഏതാനും മാസങ്ങളായി പുണ്യജീവിതത്തിനാവശ്യമായ പല സംഗതികളെക്കുറിച്ചും നിങ്ങളോടു ഞാൻ പറഞ്ഞിട്ടുണ്ടു്. അവയെല്ലാം ഗാഢമായി മനസ്സിൽ പതിച്ചെങ്കിൽ മാത്രമേ തദനുസരണം ജീവിക്കുന്നതിനു സാധിക്കയുള്ളൂ.

സുബുദ്ധിയുള്ള മനുഷ്യൻ അവൻെറ ആശയഗതിയനുസരിച്ചുമാത്രമാണു പ്രവർത്തിക്കുന്നതു്. മരണശേഷമൊരു ജീവിതമില്ല; എല്ലാം ഇഹലോകംകൊണ്ടു കഴിഞ്ഞുപോകും എന്നു ധരിച്ചുവച്ചിരിക്കുന്നവർ ഇഹത്തിൽ ലഭിക്കാവുന്ന സകല സുഖങ്ങളും അനുഭവിക്കുന്നതിനു ശ്രമിക്കുമെന്നുള്ളതു വെറും സ്വാഭാവികമാണു്. അവയിലൊന്നെങ്കിലും സ്വയം പരിത്യജിക്കാൻ അവർക്കു മനസ്സുണ്ടാകയില്ല. നേരെ മറിച്ചു മരണാനന്തരജീവിതത്തെക്കുറിച്ചു ബോദ്ധ്യമുള്ളവർ പരത്തിലെ സൗഭാഗ്യത്തിനുവേണ്ടി ഇഹത്തിലെ സുഖസൗകര്യാദികൾ സ്വയം പരിത്യജിക്കുന്നതിനും വളരെ ക്ലേശങ്ങൾ സഹിക്കുന്നതിനും സന്നദ്ധരായിരിക്കും.

അതിനാൽ പുണ്യജീവിതത്തിനു നമ്മെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന ആശയങ്ങൾ വളരെ ആഴമായി മനസ്സിൽ പതിക്കയെന്നുള്ളതു അത്യാവശ്യമാണു്. അതിനു ധ്യാനം വളരെ ഉപകരിക്കും. ധ്യാനത്തിൻെറ ആവശ്യത്തേയും ഉപകാരത്തേയും സംബന്ധിച്ച "ആ വെരുഗണം" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു ഇവിടെ ഉദ്ധരിക്കാം.

"ഭക്തിപൂർവ്വമായ ധ്യാനം ജീവിതവിശുദ്ധീകരണത്തിനു ഒഴിച്ചുകൂടാത്ത ഒരു പോംവഴിയാകുന്നു. പാപികൾ തങ്ങളുടെ പാപവഴിയെ ഉപേക്ഷിക്കുന്നതിനും നീതിമാന്മാർ കൂടുതൽ നീതീകരിക്കുന്നതിനും അനുദിനധ്യാനം അവശ്യാവശ്യമാണു. തന്മൂലം പരിപൂർണ്ണത പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന യാതൊരുത്തനും അനുദിനധ്യാനത്തിൽ ഉപേക്ഷ കാണിക്കരുതാത്തതാകുന്നു. വിശുദ്ധാത്മാക്കളുടെ വാക്കുകൾതന്നെ ഈ പ്രസ്താവനയെ സ്ഥിരീകരിക്കുന്നുണ്ടു്.

"ധ്യാനിക്കാത്തവൻ തീർച്ചയായും പാപത്തിൽ ഉൾപ്പെടും" എന്നു വി. അല്ലോൻസ് ലിഗോരിയും, "ധ്യാനിക്കാത്തവനെക്കൊണ്ടു ഒന്നിനും കൊള്ളുകയില്ല, അല്പമായ ത്യാഗംപോലും ചെയ്യുന്നതിനു അവനു സാധിക്കയില്ല; വെറും മൃഗീയമായ ജീവിതമാണു് അവൻ നയിക്കുന്നതു്" എന്നു വി. വിൻസെൻറു ഡി പോളും പറഞ്ഞിരിക്കുന്നു. വി. അമ്മത്രേസ്യായുടെ വാക്കുകളാണു ഏററവും ശക്തിമത്തു്. പുണ്യവതി പറയുന്നു: "ധ്യാനം കഴിക്കാത്ത ഒരാത്മാവു് ഒരു മൃഗമോ, പിശാചോ ആയിത്തീരുന്നു. നിങ്ങൾ ധ്യാനിക്കുന്നില്ലെങ്കിൽ നിങ്ങളെ നരകത്തിൽ വീഴിക്കുന്നതിനു പിശാചു് ആവശ്യമില്ല. നിങ്ങൾതന്നെ അതിൽ ചെന്നു വീഴും

കുടുംബപംക്തി

# ഇവർ ശില്പികളല്ലേ?

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

എട്ടുവയസ്സു പ്രായമുള്ള ഒരു പെൺകുട്ടിയെ ഒരിക്കൽ ശസ്ത്രക്രിയ ചെയ്യുന്നതിനു മേശമേൽ കിടത്തിയതിനുശേഷം ഡോക്ടർ അതിന്റെ മുഖത്തിനു തൊട്ടടുത്തു നിന്നുകൊണ്ടു് പറഞ്ഞു: “കുഞ്ഞേ, ഭയപ്പെടേണ്ടാ, കുഞ്ഞിനെ ഡോക്ടർ ഉറക്കുവാൻപോകയാണു്.” ഉത്തരമായി ആ ചെറുബാലിക “ഞാൻ ഉറങ്ങുവാൻപോകയാണെങ്കിൽ എനിക്കു പ്രാർത്ഥിക്കണം. കാരണം ഉറങ്ങുന്നതിനു മുമ്പു ഞാൻ എന്നും പ്രാർത്ഥിക്കയാണു പതിവു്” എന്നുപറഞ്ഞു ഡോക്ടരും നേഴ്സുകളും നോക്കിക്കൊണ്ടിരിക്കവേ ആ പെൺകുട്ടി മേശമേൽ മുട്ടുകുത്തി അതിന്റെ അമ്മ പഠിപ്പിച്ച പ്രാർത്ഥന കുരിശുവരച്ചതിനുശേഷം ചൊല്ലുവാൻ തുടങ്ങി. അതിനുശേഷം മേശമേൽക്കിടന്നു ക്ലോറോഫാം വലിച്ചുശ്വസിച്ചു ഉറങ്ങിത്തുടങ്ങി. മാതാപിതാക്കന്മാർ മക്കളെ പ്രാർത്ഥനാരൂപിയുള്ളവരാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകത മേല്പറയപ്പെട്ട സംഭവം നമ്മെ മനസ്സിലാക്കുന്നു. ഇപ്രകാരം ചുമതലാബോധത്തിലും ക്രൈസ്തവാരൂപിയിലും മക്കളെ വളർത്തുന്ന മാതാപിതാക്കന്മാരുടെ സ്ഥാനം എത്രയോ മാഹാത്മ്യമേറിയതാകുന്നു. കത്തോലിക്കാമാതാപിതാക്കന്മാരെപ്പററി ഫ്റെഡറിക്കു് ഷാനോൺ ഇപ്രകാരം പ്രസ്താവിക്കുന്നു: “മാർബിൾ ശിലയിൽനിന്നും അവർ പ്രതിമ നിർമ്മിക്കുന്നില്ല. പണ്ഡിതോചിതമായവിധം അവർ ഗ്രന്ഥങ്ങൾ രചിക്കുന്നില്ല. ഇമ്പമുള്ള ഗാനങ്ങൾ എഴുതുന്നില്ല. ഉജ്ജ്വലപ്രസംഗങ്ങൾ മുഖേന പ്രസംഗവേദിയെ അവർ അലങ്കരിക്കുന്നില്ല. എന്നാൽ അവർ ഇതിനെക്കാൾ വലിയ സേവനംചെയ്യുന്നു. അവർ ശില്പികളല്ലേ? കാരണം, സിരകളടങ്ങിയിരിക്കുന്ന മനുഷ്യരൂപം കൊത്തിയെടുക്കുന്ന ശില്പികളല്ലേ അവർ. അവർ ചിത്രകാരന്മാരല്ലേ? എന്തുകൊണ്ടെന്നാൽ അനശ്വരാത്മാവിൽ പവിത്രമായ സദാചാരത്തിന്റെയും ദൈവഭക്തിയുടേയും സുവർണ്ണരേഖകൾ അവർ ഉല്ലേഖനം ചെയ്യുന്നില്ലേ? അവർ ഗ്രന്ഥകാരന്മാരുമാണു്. കാരണം ഈശ്വരഭക്തി കവിഞ്ഞൊഴുകുന്ന സാഹിത്യം അവർ സന്താനങ്ങളുടെ ഹൃദയമാകുന്ന അമൂല്യഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നില്ലേ? അവർ സംഗീതവിദഗ്ദ്ധന്മാരുമാണു്. അതുകൊണ്ടല്ലയോ ചാരിത്രത്തിന്റെ മാഹാത്മ്യത്തെ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്ന ഗാനങ്ങൾ സന്താനങ്ങളുടെ ശ്രവണേന്ദ്രിയത്തിൽ പതിയത്തക്കവിധം അവർ ചൊല്ലിക്കൊടുക്കുന്നതു്. അവർ പ്രസിദ്ധവാഗ്മികളമാണു്. കാരണം മാതൃകാപരമായ ജീവിതം ലോകത്തിനു കാണിച്ചും ദൈവമഹത്വത്തെ പ്രകീർത്തിച്ചും ലോകയവനികയ്ക്കുള്ളിൽ മറഞ്ഞുകൊണ്ടു അവർ പ്രസംഗിക്കുന്നു.” ചില മാതാപിതാക്കന്മാർ ജീവിതനാടകത്തിൽ അഭിനയിക്കേണ്ട ഭാഗം സ്തുത്യർഹമാംവിധം നിറവേററുന്നു. തങ്ങളുടെ ജീവിതശുദ്ധിയിൽ വത്സലസന്താനങ്ങളുടെ സ്വഭാവം കരുപ്പിടിക്കുന്നു. ഇപ്രകാരമുള്ള മാതാപിതാക്കന്മാർ മക്കൾ പാപംചെയ്തുകാണുന്നതിനെക്കാൾ ഇഷ്ടപ്പെടുന്നതു അവർ മൃത്യുവിനിരയാകുന്നതാണു്. സ്വഭാവത്തിലും പെരുമാററത്തിലും ഉണ്ണിയീശോയെ അനുകരിക്കുന്ന ഒരു ബാലനെ കാണുകയാണെങ്കിൽ നിങ്ങൾ മനസ്സിലാക്കണം: ഒരു ആധുനിക “യൗസേപ്പും” “മറിയവും” അവന്റെ പിറകിൽ നിൽപ്പുണ്ടെന്നു്. ഉദാഹരണത്തിനുവേണ്ടി ഒരു സംഭവം ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ. ടോമിയുടെ ജ്യേഷ്ഠസഹോദരനായ ജോണിക്കു ഭയങ്കരമായ ഒരു മുറിവുണ്ടായി. രക്തം നഷ്ടപ്പെട്ട ജോണിക്കു ജീവിക്കുന്നതിനു മററുള്ളവരുടെ രക്തം ആവശ്യമായിത്തീർന്നു. സഹോദരന്റെ ജീവനെ രക്ഷിക്കുന്നതിനു സ്വന്തം ശരീരത്തിൽനിന്നും രക്തം നൽകാമെന്നു സമ്മതിച്ച ടോമി ഡോക്ടരെ സമീപിച്ചു. പതിനാറു് ഔൺസു് രക്തം നൽകി. എട്ടുവയസ്സുമാത്രം പ്രായമുള്ള ഈ ടോമി അമ്മയെ സമീപിച്ചു അവളുടെ ശിരസ്സുയർത്തി താടിയിൽ പിടിച്ചുകൊണ്ടീപ്രകാരം പറഞ്ഞു: “അമ്മേ, ഈ പ്രവൃത്തിമൂലം ഞാൻ ഈശോയെ അനുകരിക്കയും അവിടുത്തെ സന്തോഷിപ്പിക്കയും ചെയ്തില്ലേ? മാന്യവായനക്കാരേ, ആ കുട്ടിയുടെ മഹാമനസ്കതയുടെ, പൗരുഷത്തിന്റെ ആഴം നിങ്ങൾ മനസ്സിലാക്കുന്നില്ലേ? ക്രിസ്തുസമാനമായ അവന്റെ ആത്മലാവണ്യം നിങ്ങൾ കാണുന്നില്ലേ? ഈ മഹാകൃത്യത്തിനു ആ ബാലനെ പ്രേരിപ്പിച്ചതെന്തായിരിക്കാം. അവന്റെ മാതാപിതാക്കന്മാർ അവനെ പഠിപ്പിച്ചിട്ടുണ്ടായിരുന്നു മനുഷ്യഗണത്തെ രക്ഷിക്കുന്നതിനു ഈശോ രക്തം ചൊരിഞ്ഞു മരണം കൈവരിച്ച കഥ. Book of Proverbs ൽ ഇപ്രകാരമെഴുതപ്പെട്ടിരിക്കുന്നു:

“ഒരു ശിശുവിനെ അതു വളരേണ്ട വഴിയിൽക്കൂടി നടത്തുക. എന്നാൽ വളർച്ച പ്രാപിക്കുമ്പോൾ അതു അതിൽനിന്നും വ്യതിചലിക്കയില്ല” എന്നു്. ഇന്നവരെ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽവച്ചേററം മഹനീയമായ ആ ഗ്രന്ഥത്തിലെ വാചകം മരിയഗൊരേത്തി എന്ന ബാലികയുടേയും അലക്സാണ്ടർ എന്ന ബാലന്റെയും ജീവിതത്തിലേക്കു എന്റെ ശ്രദ്ധ വലിച്ചിഴച്ചുകൊണ്ടു പോകുന്നു. പ്രലോഭനങ്ങൾക്കു

> “വ്യക്തിത്വത്തിന്റെ വികസനത്തിൽ, അവനിനിയും പലതും പഠിക്കുവാനുണ്ടു് എന്നു സമ്മതിക്കുന്ന ഒരു തുറന്ന മനസ്ഥിതിയാണു് ഏററവും പ്രാധാന്യമർഹിക്കുന്നതു്. പ്രത്യുത, ഏതു പുതിയ തെളിവുകളേയും രഹസ്യങ്ങളുടെ വിശദീകരണങ്ങളേയും അവഗണിച്ചുകൊണ്ടു് അവന്റെ മുൻവിധികളെ മുറുകെപ്പിടിക്കുന്ന ഇടുങ്ങിയ മനസ്ഥിതിയാണു് ഏററവും പരിതാപകരം.”
>
> —ഫാ. ഡബ്ളിയു. സുള്ളിവൻ—

വിധേയനായ ആ ബാലനോടു് പരിശുദ്ധിയുടെ ഇരിപ്പിടമായ ആ ബാലിക പറഞ്ഞ വാക്കുകൾ എന്റെ ചെവികളിൽ മാറെറാലിക്കൊള്ളുന്നു. “ഇല്ല, ഇല്ല, ദൈവത്തിനു അതു ഇഷ്ടമല്ല. നീ അതു ചെയ്യുകയാണെങ്കിൽ നരകത്തിൽപ്പോകും. എന്നെ തൊടരുതു്. അതു പാപമാകുന്നു. ഈശോ അതിഷ്ടപ്പെടുന്നില്ല.” ഈ ലേഖകനു സധൈര്യം പറയാൻ സാധിക്കും, ശുദ്ധതയുടെ ആ ലില്ലിയെ ഉദരത്തിൽ വഹിച്ചിരുന്ന അതിന്റെ മാതാവു ഒരിക്കൽ പറഞ്ഞിട്ടുണ്ടായിരിക്കണം നന്മചെയ്യേണ്ടതു അത്യാവശ്യമാണെന്നും, അതു ദൈവത്തെ സന്തോഷിപ്പിക്കുമെന്നും, പാപം ചെയ്യരുതെന്നും, അതു ഈശോയെ ഉപദ്രവിക്കുമെന്നും, തന്മൂലം നരകത്തിനവകാശിയായിത്തീരുമെന്നും. അശുദ്ധ പാപത്തിന്റെ കറ തീണ്ടിയിട്ടില്ലാത്ത മരിയഗൊരേത്തിയുടെ ശക്തി വലുതായിരുന്നു. ത്രിതൈ്വകദൈവം വസിക്കുന്ന അവളുടെ ശരീരം മലിനമാക്കാതിരിക്കുന്നതിനു് അവളുടെ മാതാവുപദേശിച്ചിരുന്നു. പ്രലോഭനങ്ങൾക്കടിമപ്പെട്ട അലക്സാണ്ടറിന്റെ പരാക്രമം പെട്ടെന്നുണ്ടായ ഒന്നല്ല. ദുഷ്ടതയുടെ പണിപ്പുരയായ അവന്റെ പിതാവിന്റെ തലച്ചോറിൽ അതു രൂപമെടുത്തതാണു്. അശ്ലീലചിത്രങ്ങൾ അടക്കംചെയ്തിട്ടുള്ള മാസികകൾ പിതാവു് പുത്രന്റെ പാരായണത്തിനായി മുറിയിൽ കുന്നുകുന്നായി സൂക്ഷിച്ചിരുന്നു. ചിത്രങ്ങൾ വെട്ടിയെടുത്തു് അവൻ ഭിത്തിമേൽ പതിച്ചു. ഈ ചിത്രങ്ങളിന്മേലുള്ള നിരന്തരമായ നോട്ടമാണു് ആ ക്രൂരകൃത്യത്തിനു് പ്രചോദനം നൽകിയതെന്നു അവൻ പില്ക്കാലങ്ങളിൽ പറയുകയുണ്ടായി.

ഭാവിതലമുറയുടെ പരിശീലനത്തിനും സ്വഭാവരൂപവത്ക്കരണത്തിനുമുള്ള പ്രാഥമികവിദ്യാലയം കുടുംബമാണെന്നുള്ളതിനു് സംശയമില്ല. ഈ കുടുംബത്തിന്റെ പരിശുദ്ധ പരിസരപ്രദേശങ്ങളിൽ മാതാപിതാക്കന്മാർ സത്യത്തിന്റെയും ആഭിജാത്യത്തിന്റെയും ചെടികൾ നട്ടുവളർത്തി അവയുടെ ഫലങ്ങൾ പിഞ്ചുകുഞ്ഞുങ്ങളുടെയും യുവജനങ്ങളുടേയും ആത്മീയഭക്ഷണമാക്കിത്തീർക്കണം. സ്വഭാവത്തിന്റെ ശില്പികളായ മാതാപിതാക്കന്മാർക്കു കുട്ടികളിൽ അദ്ധ്യാപകന്മാരേയും പുരോഹിതന്മാരേയുംകാൾ കൂടുതൽ സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കും. അദ്ധ്യാപകന്മാർക്കു് മാതാപിതാക്കന്മാരുടെ യഥാർത്ഥ പ്രതിപുരുഷരാകുവാൻ സാദ്ധ്യമല്ല, കാരണം വിതച്ച വിത്തിനു് നനയ്ക്കുന്ന അദ്ധ്യാപകനു സാധിക്കയുള്ളൂ. പ്രത്യുത വിതയ്ക്കേണ്ടതു് മാതാപിതാക്കന്മാരാണു്. തൊട്ടിലാട്ടുന്ന മാതാവിന്റെ കരം പിഞ്ചുപൈതലിന്റെ ഇളംകൈകളിൽ പിടിച്ചു് നെററിത്തടത്തിൽനിന്നു നെഞ്ചിലേക്കും അവിടെനിന്നു തോൾത്തലത്തിലേക്കും കുരിശിന്റെ അടയാളം വരപ്പിക്കുന്നതിനു് വൈമനസ്യം പ്രകടിപ്പിക്കുന്നുവെങ്കിൽ പ്രാഥമികവിദ്യാലയത്തിൽനിന്നു യൂണിവേഴ്സിററി കോളേജിലേക്കു ഒരു കുട്ടിയെ നയിക്കുന്ന അദ്ധ്യാപകന്റെ പ്രയത്നം വിഫലമാകുമെന്നു ലോകം മനസ്സിലാക്കിയിരുന്നുവെങ്കിൽ!

അല്ലയോ ക്രൈസ്തവമാതാപിതാക്കന്മാരേ, നിങ്ങളുണരുവിൻ. നിങ്ങളുടെ കർത്തവ്യവും ചുമതലയുംമനസ്സിലാക്കുവിൻ. നിങ്ങളുടെ മഹനീയാന്തസ്സിന്റെ പരിശുദ്ധിയെ താറുമാറാക്കുന്നതിനു് നാരകീയശക്തികൾ വെമ്പൽകൊള്ളുന്നു. ലോകത്തിന്റെ രക്ഷ നിങ്ങളുടെ കരങ്ങളിലാണു് സ്ഥിതിചെയ്യുന്നതു്. ബത്ലേഹമിലെ കുന്നിൻചെരുവുകളിലേക്കു് അല്ല, നസ്രസ്സിലേക്കു് നിങ്ങളുടെ കണ്ണുകളെ തിരിക്കുക. അവിടെ നിങ്ങൾക്കു കാണുവാൻ സാധിക്കും ദൈവാഭിഷ്ടത്തിനനുസരണമായി യൗസേപ്പും മറിയവും ഈശോയും നയിക്കുന്ന കുടുംബജീവിതം.

—൦—

കൊള്ളും. നേരെ മറിച്ചു ഏററവും വലിയ പാപിയെ എന്റെ പക്കൽ കൊണ്ടുവരിക. അവൻ പ്രതിദിനം കാൽമണിക്കൂർ സമയം ധ്യാനിക്കട്ടെ; തീർച്ചയായും അവൻ മാനസാന്തരപ്പെടും. ഈ പ്രതിദിനധ്യാനം നിഷ്ഠയോടുകൂടി തുടരുമെങ്കിൽ അവന്റെ നിത്യരക്ഷ സുരക്ഷിതമാണു്.”

ഇതു വിശിഷ്ടമായ ധ്യാനം എന്താണു്, എങ്ങനെയാണു നടത്തേണ്ടതു് എന്നുള്ളതിനെക്കുറിച്ചെല്ലാം പിന്നീടു പറഞ്ഞുകൊള്ളാം.

എന്നു, പ്രാർത്ഥനയുടെ ഐക്യത്തിൽ, സ്വന്തം ആത്മപിതാവു്.



സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ മാളയിലെ സെൻറു് സ്തനിസ്ലാവോസു് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധവാരത്തിൽ റവ. ഫാ. ജനീസിയൂസു് സി. ഡി. അവർകൾ നടത്തിയ ഏകാന്തധ്യാനാവസാനത്തിൽ എടുത്ത ഗ്രൂപ്പു് ഫോട്ടോ.


## ദി കാത്തലിക്ക് ബാങ്കു് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

### അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാററുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)

വീമർശനവീഥി

# കമ്മ്യൂണിസ്റ്റ് കോളനികൾ കൂടുതൽ അസ്വാതന്ത്ര്യങ്ങൾ

മുതലാളിത്തരാജ്യങ്ങളുടെ സാമ്രാജ്യസീമകൾക്കുള്ളിൽ കോളനികളും അർദ്ധകോളനികളുമുണ്ടെന്നും, അവ ആ രാജ്യങ്ങളുടെ ചൂഷണങ്ങൾക്കു വിധേയമായി ഭയങ്കരങ്ങളായ അസ്വാതന്ത്ര്യങ്ങൾ അനുഭവിക്കുകയാണെന്നും, അവയ്ക്കു മോചനം നൽകുകയാണ് തങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നെന്നും കമ്മ്യൂണിസ്റ്റുകൾ നിരന്തരം ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ കൂടുതൽ അസ്വാതന്ത്ര്യങ്ങളായ കോളനികളും അർദ്ധകോളനികളും സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വസ്തുത കമ്മ്യൂണിസ്റ്റുകാർ മറച്ചുവയ്ക്കുകയാണ്. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ മൂന്നുതരം കോളനികളാണുള്ളതു്. സാർചക്രവത്തിമാരുടെ കാലത്തു് റഷ്യൻ സാമ്രാജ്യത്തിനുള്ളിലുണ്ടായിരുന്നതും, 1917 ലെ വിപ്ലവത്താൽ ആ സാമ്രാജ്യഗവർമെന്റ് അധഃപതിച്ചശേഷം റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഗവർമെന്റ് സമ്പാദിച്ചതുമായ കോളനികളാണ് ഒരുതരം. പീപ്പിൾസ് ഡമോക്രസീ എന്നു വിളിക്കുന്നതും, ജർമ്മൻ നാസികളുടെ തോൽവിക്കും അവരുടെ സാമ്രാജ്യത്തിന്റെ അധഃപതനത്തിനുംശേഷം കമ്മ്യൂണിസ്റ്റുകൾ സമ്പാദിച്ചതുമായ കോളനികൾ രണ്ടാമത്തെ തരത്തിൽ പെടുന്നു. വിവിധ രാജ്യങ്ങളിൽ ജീവിക്കുന്നവരും എന്നാൽ ആ രാജ്യങ്ങളോടു് യഥാർത്ഥമായ ദേശഭക്തിയില്ലാതെ കമ്മ്യൂണിസ്റ്റ് പിതൃരാജ്യമായ സോവ്യററുഷ്യയോടു് ദേശഭക്തി പാലിച്ചുപോരുന്നവരുമായ കമ്മ്യൂണിസ്റ്റുപാർട്ടികളും സമൂഹങ്ങളുമാണ് മൂന്നാം തരത്തിൽപ്പെട്ട കമ്മ്യൂണിസ്റ്റുകോളനികൾ. ഇവയെ പ്രൊഫസർ ഹാറോൾഡ് ഫിഷർ ഇങ്ങനെ വിശദീകരിക്കുന്നു.

### റഷ്യൻ സാമ്രാജ്യത്തിൽനിന്നു ലഭിച്ച കോളനികൾ

സാർ ചക്രവത്തിമാരുടെ ഭരണകാലത്തു റഷ്യാക്കാർ പല പ്രദേശങ്ങളും പിടിച്ചടക്കുകയും അവയെ റഷ്യൻ കോളനികളായി വച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. കോക്കസസു്, സെൻട്രൽ ഏഷ്യാ, സൈബീരിയാ മുതലായ ഭൂഭാഗങ്ങൾ ഇങ്ങനെയുള്ളവയാണ്. ആ ഭാഗങ്ങളിൽ വസിച്ചിരുന്നവർ, റഷ്യാക്കാരോ റഷ്യാക്കാരല്ലാത്തവരോ എന്ന പരിഗണന കൂടാതെ, റഷ്യൻ സാമ്രാജ്യാധികാരത്തിന്റെ കേന്ദ്രങ്ങൾക്കു് വിധേയരായിരുന്നു. സാർ ചക്രവത്തിമാരുടെ സാമ്രാജ്യം തകർന്നപ്പോൾ അതിന്റെ പടിഞ്ഞാറെ അതിർത്തിപ്രദേശങ്ങളിലും കോക്കസസിലും സെൻട്രൽ ഏഷ്യായിലും സൈബീരിയായിലും മററും അധിവസിച്ചിരുന്ന റഷ്യാക്കാരല്ലാത്ത ജനങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയോ, റഷ്യൻ ഫെഡറേഷനിലുൾപ്പെട്ടു് സ്വതന്ത്രഭരണം അനുഭവിക്കണമെന്നാവശ്യപ്പെടുകയോ ചെയ്തു. കമ്മ്യൂണിസ്റ്റുകാർ പുറമേ ഭാവിച്ചുകൊണ്ടിരുന്നതു് സ്വയം നിർണ്ണയാവകാശത്തിനു് പിൻതുണ നൽകുന്നവരാണ് തങ്ങൾ എന്നായിരുന്നെങ്കിലും, പൂർണ്ണസ്വാതന്ത്ര്യമോ ഫെഡറേഷനകത്തുള്ള സ്വതന്ത്രഭരണമോ നൽകുവാനുദ്ദേശിച്ചിരുന്നില്ല. തൊഴിലാളി സർവ്വാധിപത്യം സ്ഥാപിക്കുവാനുള്ള അവകാശത്തിനു് സ്വയം നിർണ്ണയാവകാശം തടസ്സമായിത്തീരാൻ പാടില്ലെന്നായിരുന്നു സ്റ്റാലിന്റെ നിശ്ചയം. ആകയാൽ പഴയ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന റഷ്യാക്കാരുടേതല്ലാത്ത പ്രദേശങ്ങൾ വീണ്ടും പിടിച്ചടക്കുവാൻ കമ്മ്യൂണിസ്റ്റുകൾ ശ്രമിച്ചു. ഫിൻലൻറും ബാൾട്ടിക്കു് രാജ്യങ്ങളും പോളണ്ടും വീണ്ടും പിടിച്ചടക്കുവാൻ അവർക്കു സാധിച്ചില്ല. എന്നാൽ യുക്രേനും കോക്കസസ്സും സെൻട്രൽ ഏഷ്യായും മററും അവർ വീണ്ടും പിടിച്ചെടുത്തു. അങ്ങനെ ആ പ്രദേശങ്ങളെല്ലാം കമ്മ്യൂണിസ്റ്റ് കോളനികളായിത്തീർന്നു.

ഈ കോളനിസ്ഥാപനനയം 1928-ൽ ആരംഭിച്ച പഞ്ചവത്സരപദ്ധതി മുതൽ പ്രത്യേകിച്ചും, കൃഷിയുടേയും വ്യവസായങ്ങളുടേയും കാര്യങ്ങളിൽ സോവ്യററുയൂണിയനു് വളരെ സഹായകമായിരുന്നു. റഷ്യാക്കാരേയും യുക്രേൻകാരേയും, തുടന്നു് എസ്റ്റോണിയാക്കാരേയും ലാററുവിയാക്കാരേയും ലിത്തുവാനിയാക്കാരേയും ഈ കോളനികളിലേക്കു ഇറക്കുമതി ചെയ്തു, അവരെക്കൊണ്ടു് ആ പ്രദേശങ്ങളിലെ പ്രകൃതിസമ്പത്തുകളിൽ വേലചെയ്യിച്ചു് ആദായമെടുക്കാൻ. അതേസമയംതന്നെ ആ പ്രദേശങ്ങളിൽനിന്നു കൂലിവേലക്കാരെ യൂറോപ്യൻ റഷ്യയിലേക്കു് ഇറക്കുമതിചെയ്തു, അവിടത്തെ വ്യവസായകേന്ദ്രങ്ങളിൽ ജോലി ചെയ്യിക്കാൻ. 1926 നും 1939 നും മദ്ധ്യേയുള്ള 12 വർഷങ്ങൾക്കുള്ളിൽ 3000000 ആളുകളെ യൂറോപ്യൻ റഷ്യയിൽനിന്നു് യൂറൽസിലും സൈബീരിയായിലും റഷ്യൻ വിദൂരപൂർവ്വദേശത്തും പുതുതായി സ്ഥാപിച്ച വ്യവസായകേന്ദ്രങ്ങളിൽ കൊണ്ടുചെന്നു താമസിപ്പിച്ചു; 1700000 വേറെയാളുകളെ സോവ്യററു് സെൻട്രൽ ഏഷ്യൻ റിപ്പബ്ലിക്കുകളിലുള്ള മുസ്ലീംജനങ്ങളുടെ ഇടയിൽ കൊണ്ടുവന്നു പാപ്പിച്ചു. ഈ കാലഘട്ടത്തിനിടയിൽത്തന്നെ 50 ലക്ഷത്തിലധികം ആളുകളെ ലെനിൻഗ്രാഡ്, മോസ്കോ, ഗോക്കി എന്നീ വ്യവസായപ്രൊവിൻസുകളിലേക്കു ഇറക്കുമതി ചെയ്തു. ഇവരിലധികവും റഷ്യാക്കാരല്ലാത്തവരാണ്. അവർ ഭൂരിപക്ഷമായിരുന്ന അവരുടെ സ്വദേശങ്ങളിൽനിന്നു് അവർ ന്യൂനപക്ഷമാകുന്ന റഷ്യൻ പട്ടണങ്ങളിലേക്കു് പ്രേരണയാലോ ബലപ്രയോഗത്താലോ അവരെ മാററിപ്പാപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്.


അനുകരണങ്ങളെ സൂക്ഷിക്കണം

"കാളൻ'സ് ബുള്ളററി"ന്റെ സാമ്പിൾ കോപ്പി സൗജന്യം. താഴെ കാണുന്ന വിലാസത്തിൽ മാത്രം എഴുതുക.

കാളൻ, നെല്ലായി


### കിഴക്കൻ യൂറോപ്പിലെ കമ്മ്യൂ. കോളനികൾ

സ്വതന്ത്രങ്ങളായിരുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ പീപ്പിൾസ് ഡെമോക്രസി എന്ന പേരിൽ കമ്മ്യൂണിസ്റ്റുറഷ്യൻ സാമ്രാജ്യത്തിലെ കോളനികളായിത്തീർന്നിരിക്കുന്നു. സാധാരണമായി കോളനികൾ പിടിച്ചടക്കപ്പെട്ടതു് സൈനികശക്തിയിലുള്ള മേധാവിത്വത്താലാണെന്നു് ചരിത്രം സാക്ഷ്യംവഹിക്കുന്നു. ആ മാർഗ്ഗംതന്നെയാണു് ഈ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളേയും കോളനികളാക്കാൻ കമ്മ്യൂണിസ്റ്റുറഷ്യ വിനിയോഗിച്ചിട്ടുള്ളതു്. സോഷ്യലിസത്തിന്റെയും സമാധാനത്തിന്റെയും പാളയത്തിൽ സങ്കേതങ്ങൾ ലഭിക്കുവാൻ സമാധാനതല്പരരായ സോവ്യററുയൂണിയന്റെ ഭാഗത്തു് സ്വമനസ്സാ പ്രസ്തുത രാജ്യങ്ങൾ ചേന്നുവെന്നു് കമ്മ്യൂണിസ്റ്റുകാർ കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നു. മററു കോളനികളിൽ സംഭവിച്ചിട്ടുള്ളതുപോലെ മുകളിൽനിന്നും പുറമെനിന്നും ഉണ്ടായ വിപ്ലവമാണു് ഈ കോളനിസ്ഥാപനത്തിനു സഹായകമായതു്. മററു കോളനികളിലെപ്പോലെ അധികാരം പിടിച്ചെടുത്തിരിക്കുന്നവർ കേവലം ന്യൂനപക്ഷമാണെങ്കിലും അധികാരപ്രയോഗം ജനകീയവിരുദ്ധവും ഭീകരവുമാണെങ്കിലും, അധികാരികളെ ഒരുവിധത്തിലും നീക്കംചെയ്യുവാൻ സാദ്ധ്യമല്ല. കാരണം, സാമ്രാജ്യശക്തിയുടെ സൈനികസഹായം വിളിച്ചുവരുത്തുവാൻ അവക്കുകഴിയും. മററു കോളനികളിലെപ്പോലെ ഈ അടിമരാജ്യങ്ങളും അവയുടെ സാമ്പത്തികജീവിതം മോസ്കോയിലിരിക്കുന്ന സാമ്രാജ്യശക്തിയുടെ തീരുമാനമനുസരിച്ചുള്ള പദ്ധതിക്കു് വിധേയമാക്കുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണു്. ഈ വിധേയത്വം മിശ്രകമ്പനികൾ, വ്യാപാരയുടമ്പടികൾ, ക്രമീകൃത പ്ലാനിംഗ് മുതലായ പേരുകളുള്ളതും ഇരുകക്ഷികൾക്കും ചുമതലയുള്ളതുമായ ഏപ്പാടുകളാൽ ക്രമപ്പെടുത്തിയിരിക്കുന്നു. എന്നാൽ മററു കോളനികളിൽ ഇല്ലാത്ത വിചിത്രമായ ഒരു പ്രത്യേകത ഈ കോളനികളിൽ കാണുന്നുണ്ടു്. മുതലാളിത്തരാജ്യങ്ങളുടെ കോളനിയേപ്പാടുകളിൽ സാധാരണമായി, സാമ്രാജ്യതലസ്ഥാനത്തിലേക്കു് കോളനികളിൽനിന്നു് അസംസ്കൃതസാധനങ്ങളുടെ ഇറക്കുമതിയും, അതിനുപകരം സംസ്ഥാനത്തിൽനിന്നു് കോളനികളിലേക്കു് മൂലധനവസ്തുക്കളുടേയും ഉപഭോഗവസ്തുക്കളുടേയും കയററുമതിയുമാണ് നടക്കുന്നതു്. ഈ കമ്മ്യൂണിസ്റ്റുയൂറോപ്യൻ കോളനികളിലാകട്ടെ ഇതിനുനേരെ വിപരീതമാണു് സംഭവിക്കുന്നതു്. കൂടുതൽ വികസിതങ്ങളായ കോളനികളിൽനിന്നു് മൂലധനവസ്തുക്കളുടെ ഇറക്കുമതി സോവ്യററുയൂണിയനിലേക്കും, അവിടെനിന്നു് പകരം അസംസ്കൃതസാധനങ്ങളുടെ കയററുമതി കോളനികളിലേക്കും നടക്കുന്നു.

ഈ പീപ്പിൾസ് ഡമോക്രസികൾക്കു് ഇരട്ട വിമോചനം അനുഭവപ്പെട്ടിട്ടുണ്ടെന്നാണു് കമ്മ്യൂണിസ്റ്റുകൾ അവകാശപ്പെടുന്നതു്. സോവ്യററുമാതൃഭൂമിയുടെ രക്തസൈന്യം ആ രാജ്യങ്ങളെ നാസികളുടെ പിടിയിൽനിന്നു് ഒന്നാമതായി വിമോചിച്ചുവത്രേ. അനന്തരം വീരശൂരന്മാരായ രക്തസൈന്യത്തിന്റെയും കമ്മ്യൂണിസ്റ്റുപാർട്ടികളുടെ നേതൃത്വത്തിന്റെയും സഹായത്താൽ ആ രാജ്യങ്ങൾ അവയിലെ ജന്മിമുതലാളിമാരുടെ ചൂഷണത്തിൽനിന്നു് അമേരിക്കയുടെ മേധാവിത്വത്തിൽനിന്നും പാശ്ചാത്യസംസ്കാരത്തിന്റെ അടിമത്തത്തിൽനിന്നും വിമോചിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണുപോലും. സോഷ്യലിസത്തിന്റെ ജന്മനാടായ സോവ്യററുമാതൃഭൂമിയും അതിന്റെ കോളനികളും തമ്മിലുള്ള ബന്ധത്തെ ബാഹ്യമായി പ്രകാശിപ്പിക്കാൻ സോവ്യററുകമ്മ്യൂണിസ്റ്റുകൾക്കു് ഒരു കമ്മസമ്പ്രദായമുണ്ടു്. പ്രാചീനറോമൻ ചക്രവത്തിമാരെപ്പോലെ അവർ പിടിച്ചടക്കിയ രാജ്യങ്ങളിലെ ഭരണകത്താക്കളെ തങ്ങൾ നടത്തുന്ന ജൈത്രയാത്രയിൽ പ്രദശിപ്പിക്കുന്നില്ല. അതിനെക്കാൾ ദുർഗ്രഹവും കാലോചിതവുമായ സമ്പ്രദായമാണു് അവർ സ്വീകരിക്കുന്നതു്. വിമുക്തമാക്കപ്പെട്ടതിനാൽ സ്വതന്ത്രങ്ങളെന്നും സ്വയംഭരണം നടത്തുന്നതെന്നും വിചാരിക്കപ്പെടുന്ന രാജ്യങ്ങളുടെ പ്രതിനിധികളെ അവർ സർവ്വരാജ്യസമ്മേളനങ്ങളിൽ കൊണ്ടുവരികയും, അവിടെവച്ചു് മോസ്കോയോടുള്ള വിധേയത്വം ലോകസമക്ഷം പ്രകടിപ്പിക്കുവാൻ ആ പ്രതിനിധികൾക്കു് അവസരം നൽകുകയും ചെയ്യുന്നു

### വിദേശങ്ങൾക്കുള്ളിലുള്ള കമ്മ്യൂ: കോളനികൾ

വിവിധങ്ങളായ അന്യരാജ്യങ്ങളിലുള്ള കമ്മ്യൂണിസ്റ്റ്പാർട്ടികളാണ് കമ്മ്യൂണിസ്റ്റ്വ്യവസ്ഥിതിയിലെ മൂന്നാമത്തെ തരം കോളനികൾ. അനേകകാലമായി പല രാജ്യങ്ങളിലും സ്ഥിതിചെയ്തുപോരുന്ന മുതലാളിത്ത കോളനികളിൽനിന്നു് രണ്ടുവിധത്തിൽ വ്യത്യാസപ്പെട്ടവയാണു് ഈ കമ്മ്യൂണിസ്റ്റ് കോളനികൾ. ഒന്നാമതായി സോവ്യററു മാതൃഭൂമിയുടെ കൂടുതൽ കശനമായ നിയന്ത്രണത്തിനു് അവ കീഴ്പ്പെട്ടിരിക്കുകയും അവിടത്തെ ആദർശങ്ങൾക്കും നയങ്ങൾക്കും കൂടുതൽ വിധേയമായിരിക്കുകയും ചെയ്യുന്നു. രണ്ടാമതായി അവർ ജീവിക്കുന്ന രാജ്യത്തിലെ ഗവമ്മെൻറിനെ തകിടം മറിക്കുവാനും സോവ്യററു യൂണിയനിലേതിനോടു യോജിച്ചതും വിധേയത്വമുള്ളതുമായ വേറൊരു ഗവമ്മെൻറു് പകരം സ്ഥാപിക്കുവാനുമുള്ള ജോലി നിവ്വഹിക്കുവാൻ അവർ സ്വയം പ്രതിജ്ഞിച്ചിരിക്കുന്നു. സാമ്പത്തികമായി പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിലും, പുരോഗമിക്കാതെ അവികസിതങ്ങളായി കിടക്കുന്ന രാജ്യങ്ങളിലും ഈ കമ്മ്യൂണിസ്റ്റ്പാർട്ടികളാകുന്ന കോളനികൾ പരസ്യമായോ രഹസ്യമായോ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ലോകമുതലാളിത്തം നിലനില്ക്കണമെങ്കിൽ അവികസിതങ്ങളായ കോളനികളിലേയും അർദ്ധകോളനികളിലേയും പ്രകൃതിസമ്പത്തുകളെ ചൂഷണം ചെയ്യുകയും അവിടങ്ങളിലെ ജനങ്ങളെ നിയന്ത്രണത്തിൽ വയ്ക്കുകയും ആവശ്യമാണെന്നു് കമ്മ്യൂണിസ്റ്റുകൾ പ്രസ്താവിക്കുന്നു. രണ്ടു കാരണങ്ങളാൽ പ്രസ്തുത നിയന്ത്രണവും ചൂഷണവും ലോകമുതലാളിത്തത്തിനു് നിലനിത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നുമവർ പറയുന്നു ഒന്നാമതായി മുതലാളിത്തരാജ്യങ്ങൾ പരസ്പരമുള്ള കിടമത്സരത്താലും യുദ്ധത്താലും ബലഹീനരാകും. രണ്ടാമതായി അവികസിതരാജ്യങ്ങൾ വിദേശമേധാവിത്വത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ പിടിയിൽനിന്നു് സ്വാതന്ത്ര്യം ആവശ്യപ്പെടുകയും അതിനുവേണ്ടി പൊരുതുകയും ചെയ്യും. അവികസിതരാജ്യങ്ങളിൽ രണ്ടുതരം തന്ത്രങ്ങളാണു് കമ്മ്യൂണിസ്റ്റുകൾ ഉപയോഗിക്കുന്നതു്. കമ്മ്യൂണിസ്റ്റ് പിടിയിലമരാത്ത കോളനികളിൽ സ്വാതന്ത്ര്യത്തിനും സ്വയംഭരണത്തിനുംവേണ്ടിയുള്ള സമരപ്രസ്ഥാനങ്ങളെ അവർ സഹായിക്കുന്നു. കൊളോണിയൽ നിലയിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ള രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് നിയന്ത്രണം ഉറപ്പിക്കുവാൻ അവർ ശ്രമിക്കുന്നു. ആ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള സമരത്തിൽ മുൻനിന്ന പാർട്ടികൾക്കും നേതാക്കൾക്കും എതിരായി കമ്മ്യൂണിസ്റ്റുകാർ പ്രക്ഷോഭണം നടത്തുന്നതു് ഈ പരിശ്രമത്തിന്റെ വിജയത്തിനു വേണ്ടിയാണു്. കമ്മ്യൂണിസ്റ്റ്നേതൃത്വം സ്വീകരിക്കാത്തവർ കോളനികൾക്കു് സ്വാതന്ത്ര്യം നിഷേധിക്കുവാൻ താല്പര്യമുള്ളവരാണെന്നു വരുത്തിവയ്ക്കുകയാണു് കമ്മ്യൂണിസ്റ്റുകളുടെ സർവ്വപ്രധാനമായ തന്ത്രം.

ഇങ്ങനെ ഏററവും അസ്വാതന്ത്ര്യങ്ങളായ കോളനികളെ സമ്പാദിക്കുകയും വച്ചുപുലത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റുകളാണു് ഏഷ്യായിലും ആഫ്രിക്കായിലും മററുമുള്ള മുതലാളിത്ത കോളനികളുടെ വിമോചനത്തിനായി മുറവിളി കൂട്ടുകയും വിപ്ലവങ്ങളും സമരങ്ങളും കുത്തിയിളക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു്. എന്തൊരു വിരോധാഭാസം!

—o—


WEDDING SAREES and VEILS
WHITE HALL
THE SILK PALACE
DIRECT IMPORTERS
ERNAKULAM, COCHIN

Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, May 12, 1954 No. 36

## — വിവിധവൃത്താന്തങ്ങൾ —

### തെരേസാന്യൂമാന്റെ അടുക്കലേക്കു ജനപ്രവാഹം

അത്യത്ഭുതകരമായ ജീവിതം നയിക്കുന്ന ലോകപ്രസിദ്ധയായ ബവേറിയായിലെ തെരേസാന്യൂമാനെ സന്ദർശിക്കുന്നതിനു ഇക്കൊല്ലവും വലിയ ആഴ്ചയിൽ നിരവധി ഭക്തജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. 27 കൊല്ലങ്ങളായി ഈ സ്റ്റിഗ്മാററിക്ക വനിത പലേ അവസരങ്ങളിലും പ്രത്യേകിച്ച് പീഡാനുഭവസ്മരണയുടെ വലിയ ആഴ്ചയിലും ക്രിസ്തു സഹിച്ച പീഡനരംഗങ്ങളെ അവരുടെ ശരീരത്തിൽ അത്ഭുതകരമായ വിധത്തിൽ അനുഭവിക്കുന്ന പ്രതീതികളാണു പ്രത്യക്ഷപ്പെടുത്തുന്നതു്. കഴിഞ്ഞകൊല്ലം ഈ സംഭവം ദർശിക്കുന്നതിനു 10,000 ത്തിൽപ്പരം ജനങ്ങൾ കൂടിയിരുന്നു അവരുടെ ശിരസ്സിൽനിന്നും പഞ്ചക്ഷതങ്ങളിൽനിന്നും രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. ദാരുണമായ പീഡകൾ സഹിക്കുന്നതായ ഭാവഭേദങ്ങൾ അവരിൽ പ്രത്യക്ഷപ്പെട്ടു.

ഇൻഫ്ളുവെൻസായും മററു ചില അസുഖങ്ങളും അവരുടെ ആരോഗ്യസ്ഥിതിയെ വളരെ ബാധിച്ചിട്ടുള്ളതുകൊണ്ടു് ഇക്കൊല്ലം അവരുടെ സഹോദരിമാരും ബന്ധുക്കളും ഭക്തജനങ്ങൾ അവരുടെ ഭവനത്തിൽ തിങ്ങിക്കൂടരുതെന്നു പ്രത്യേകം അപേക്ഷിച്ചിരിക്കുന്നു. അവക്കു വയസ്സു് 56 കഴിഞ്ഞു. ഇപ്പോഴത്തെ അനാരോഗ്യസ്ഥിതി മററു കുഴപ്പങ്ങളൊന്നും വന്നുചേരാത്തപക്ഷം ഏതാനും ദിവസങ്ങൾകൊണ്ടു് സാധാരണ ഗതിയിൽ വരുന്നതാണെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. ലോകത്തിന്റെ ഒരത്ഭുതമായി കരുതപ്പെടുന്ന ഈ വനിതയുടെ ജീവിതരഹസ്യം അഗ്രാഹ്യമത്രെ.

### അൽമായ പ്രേഷിതർക്കു വേണ്ടിയുള്ള ആഹ്വാനം

ഫ്രാൻസിൽ "ആഡ്ലൂച്ചെം" (പ്രകാശത്തിലേക്കു്) എന്ന ഒരു അൽമായ പ്രേഷിതസംഘടനയുണ്ടു്. അൽമായരായ മിഷനറിമാരെ സ്വീകരിച്ച് അവക്കുവേണ്ട പരിശീലനങ്ങൾ നൽകി ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കും സേവനത്തിനയക്കുകയാണു് അതിന്റെ ഉദ്ദേശം. "ജാതിയുടേയും വർണ്ണവ്യത്യാസത്തിന്റേയും മുൻവിധികളെ പാടെ വിപാടനം ചെയ്തു് സർവ്വസാഹോദര്യത്തിന്റെ ആദർശത്തെ എല്ലായിടത്തും പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണു് സംഘടന നിലകൊള്ളുന്നതു്" എന്നത്രെ അതിന്റെ പ്രസിഡണ്ടായ അത്യുന്നത കർദ്ദിനാൾ ലീനാർട്ടു് തിരുമനസ്സുകൊണ്ടു പ്രഖ്യാപിച്ചിട്ടുള്ളതു്. സംഘടനയിൽ ഇപ്പോൾ 500-ൽപ്പരം അംഗങ്ങളുണ്ടു്. അതിൽ 261 പേർ പുരുഷന്മാരും 301 പേർ സ്ത്രീകളുമാണു്. പകുതിയിലധികവും വിവാഹിതരാണു്. അംഗങ്ങളിൽ 373 പേർ ഇപ്പോൾ വിവിധ മിഷൻ രംഗങ്ങളിൽ സേവനമനുഷ്ഠിക്കുകയും ബാക്കിയുള്ളവർ പരിശീലനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അംഗങ്ങൾ ഭൂരിപക്ഷവും വളരെ വിദഗ്ദ്ധന്മാരും പ്രശസ്തരുമായ വ്യക്തികളാണു്. അദ്ധ്യാപകന്മാർ കോളെജുപ്രഫസറന്മാർ, നേഴ്സുകൾ, സൂതികർമ്മിണികൾ, ഡോക്ടർമാർ, ഭരണകർത്താക്കൾ, കൃഷിക്കാർ, എഞ്ചിനീയറന്മാർ എന്നിവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. 36 വൈദികചാപ്ലയിൻമാർ അവരെ സഹായിക്കുന്നു. സംഘടനയുടെ പ്രവർത്തനങ്ങളെ ഏഷ്യയുടേയും ആഫ്രിക്കായുടേയും വിവിധ ഭാഗങ്ങളിൽ ഇനിയും വ്യാപിപ്പിക്കേണ്ടതിനുവേണ്ടിയുള്ള ഒരാഹ്വാനം പ്രസിഡൻറു് കർദ്ദിനാൾ തിരുമേനി നടത്തുകയുണ്ടായി. തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:- കാലങ്ങൾ കടന്നുപോകുന്നു. വർണ്ണങ്ങളുടേയും ജാതിയുടേയും പേരുകളിൽ മനുഷ്യനും മനുഷ്യനുമായുള്ള വിടവുകൾ വർദ്ധിക്കുകയാണു്. ഒരുപക്ഷെ നമുക്കു തമ്മിൽത്തമ്മിൽ സംസാരിക്കുന്നതിനോ പരസ്പരം മനസ്സിലാക്കുന്നതിനോ സ്നേഹം പകരുന്നതിനോ സാദ്ധ്യമല്ലാത്തവണ്ണം ഈ വിടവു് നാളേക്കു വർദ്ധിച്ചുവെന്നും വരാവുന്നതാണു്. ക്രിസ്തീയമായ എല്ലാ പരിശ്രമങ്ങളേയും നശിപ്പിക്കുന്നതിനു വേണ്ടി മെററീരിയലിസം നാളെ തലയുയർത്തി ഭീഷണി മുഴക്കിയെന്നും വരാം. അതുകൊണ്ടു് ഏഷ്യയിലും ആഫ്രിക്കയിലും നടക്കുന്ന പ്രേഷിതപ്രവർത്തനങ്ങളെ പ്രബലപ്പെടുത്തുന്നതിനു് ആളും അർത്ഥവും മുമ്പോട്ടുവരണമെന്നാണു് തിരുമനസ്സിലെ ആഹ്വാനത്തിന്റെ ചുരുക്കം.

### പത്രപ്രവർത്തകൻ ധന്യപദത്തിലേക്കു്

ഒരു പത്രപ്രവർത്തകനായി ജീവിച്ചിരുന്ന മാരിയൂസ്സ് ഗോനിൻ എന്ന ദേഹത്തെ പുണ്യപദത്തിലേക്കു് നയിക്കുന്ന ധന്യനെന്നു പേരുവിളിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്നു് അപേക്ഷിക്കുന്നതിനു് ഫ്രഞ്ചുകത്തോലിക്കരുടെ വിപുലമായ ഒരു സംരംഭം സമാരംഭിച്ചിരിക്കുന്നു. വളരെ പാവപ്പെട്ട ഒരു കുടുംബത്തിലാണു് കഥാനായകൻ ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവു് ഒരു കുതിരവണ്ടി ഓടിക്കുന്നയാളും, മാതാവു് ഒരു ഗൃഹസേവികയുമായിരുന്നു. മാരിയൂസ്സ് പത്രപ്രവർത്തനമാണു് തന്റെ ജീവിതമാർഗ്ഗമായി സ്വീകരിച്ചതു്. മാതൃകാപരവും കത്തോലിക്കാ ചൈതന്യനിർഭരവുമായ അദ്ദേഹത്തിന്റെ ജീവിതത്തിൽ മററു പല ഉത്തമസംരംഭങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ടു്. അതിലൊന്നാണു് പ്രസിദ്ധമായ സാമൂഹ്യവാരാചരണം (Social Weeks). ഇക്കൊല്ലം സുവർണ്ണജൂബിലി ആചരിക്കുന്ന ഫ്രാൻസിലെ സാമൂഹ്യവാരപ്രസ്ഥാനത്തിന്റെ ജനയിതാക്കളിൽ പ്രമുഖനായ ഒരു വ്യക്തിയാണദ്ദേഹം. ഇപ്പോൾ 17 രാജ്യങ്ങളിൽ മുടക്കംകൂടാതെ സാമൂഹ്യവാരാചരണങ്ങൾ വിപുലമായ തോതിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ഫ്രാൻസിൽ ലയൺസു് പട്ടണത്തിനടുത്തുള്ള ഒരു കുന്നിൻമുകളിലാണു് ഒന്നാമത്തെ സാമൂഹ്യവാരാചരണം നടന്നതു്. 400 പേർ അതിൽ പങ്കെടുത്തു. പ്രസംഗകർ ഒരു നിയമപ്രഫസറായിരുന്ന അഡെയോദാത്തു് ബൊയിഡാർഡും, മാരിയൂസ്സ് ഗോനിനുമായിരുന്നു. ചെറുതെങ്കിലും കരുത്തുള്ളതായിരുന്നു അതിന്റെ മുളയെടുപ്പു്. ഇന്നു വിപുലമായ ഈ പ്രസ്ഥാനം സാമൂഹ്യപ്രശ്നങ്ങളെപ്പററി അവഗാഢം ചർച്ചചെയ്യുകയും പരിപക്വമായ നേതൃത്വം ജനതയ്ക്കു പ്രദാനംചെയ്യുകയും ചെയ്യുന്നു. സാമൂഹ്യമായ ആവശ്യങ്ങളെ പഠിക്കുക, അധുനാതനമായ സാഹചര്യങ്ങളിൽ തിരുസ്സഭയുടെ സിദ്ധാന്തങ്ങളെ പ്രായോഗികമാക്കുന്നതിനുള്ള പദ്ധതികൾ രൂപവൽക്കരിക്കുക, സാമൂഹ്യപ്രവർത്തകന്മാക്കു് വിദഗ്ദ്ധമായ പരിശീലനം നൽകുക മുതലായവയാണു് സംഘടനയുടെ വിവിധോദ്ദേശ്യങ്ങൾ. പുണ്യചരിതനായ ഗോനിന്റെ ആദർശശുദ്ധിയും കാര്യക്ഷമതയും പ്രസ്ഥാനത്തിൽ നിഴലിക്കുന്നതുകൊണ്ടു് അതു് വിജയിക്കുമെന്നതിൽ സംശയിക്കേണ്ടതില്ല.

### 10-ാം പീയൂസിന്റെ തിരുശരീരം മരിയമജ്ജോരെയിലേക്കു് സംവഹിക്കപ്പെടും

മേയ് 29-ാംനു- നടക്കുന്നതായ 10-ാം പീയൂസിന്റെ വിശുദ്ധപദപ്രഖ്യാപനത്തെത്തുടന്നു് അവിടുത്തെ ശരീരം റോമൻ നഗരത്തിലൂടെ ഒരു പ്രദക്ഷിണമായി മരിയമജ്ജോരെ ബസ്ലിക്കായിലേക്കു് ആനയിക്കപ്പെടുന്നതിനും അവിടെവച്ചുനടക്കുന്ന 3ദിവസത്തെ ആഘോഷപരിപാടികളുടെ സമയം മുഴുവനും ദേവാലയത്തിൽ പരസ്യമായി പ്രദർശിപ്പിക്കപ്പെടുന്നതിനും പരിശുദ്ധ പിതാവു് 12-ാം പീയൂസ്സ് മാർപ്പാപ്പാ അനുമതി നൽകിയിരിക്കുന്നതായി അറിയുന്നു. മരിയവത്സരാഘോഷപരിപാടികളുടെ കമ്മിററി പ്രസിഡണ്ടു് ട്രാഗ്ലിയാ മെത്രാപ്പോലീത്താതിരുമേനിതന്നെയാണു് ഈ പരിപാടികളുടേയും മേൽനോട്ടം വഹിക്കുന്നതു്. 29-ാംനു- വൈകിട്ടു് വി. പത്രോസിന്റെ ബസ്ലിക്കായുടെ അങ്കണത്തിൽവച്ചു പരിശുദ്ധ പിതാവു് വിശുദ്ധപദപ്രഖ്യാപനം നിർവ്വഹിക്കും. 30-ാംനു- രാവിലെ പത്രോസിന്റെ ദേവാലയത്തിൽ വിശുദ്ധന്റെ സ്തുതിക്കായി അർപ്പിക്കപ്പെടുന്ന പൊന്തിഫിക്കൽ കുർബാനയിൽ പരിശുദ്ധപിതാവു് സന്നിഹിതനായിരിക്കും. അതിനുശേഷമായിരിക്കും പ്രദക്ഷിണം നടക്കുക. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി 3 ലക്ഷം പേർ ഈ പരിപാടികളിൽ സംബന്ധിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

### കമ്മ്യൂണിസ്റ്റു കയ്യേററം വെളിച്ചത്തുവരുന്നു

അമേരിക്കൻ പ്രതിനിധിസഭയുടെ നിർദ്ദേശമനുസരിച്ചു് ബാൾട്ടിക്കു് പ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റുകൾ നടത്തിയിട്ടുള്ള കയ്യേററങ്ങളെപ്പററി ശരിയായ ഒരു റിപ്പോർട്ടു സമപ്പിക്കുന്നതിനുള്ള തെളിവുശേഖരണങ്ങൾ നടന്നുവരികയായിരുന്നല്ലോ. 1941-ൽ ജമ്മൻ സൈന്യം റഷ്യാക്കാരെ ലിത്വാനിയായിൽനിന്നും തുരത്തുന്നതിനുമുമ്പു് അവർ വധിച്ച 15 വൈദികരുടെ കൂട്ടത്തിൽ 3 പേരുടെമേൽ നടത്തപ്പെട്ട മൃഗീയമായ കയ്യേററമാണു് റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ളതു്. 1940—41 വർഷത്തിൽ ലിത്വാനിയാ റഷ്യാക്കാരുടെ അധീനതയിൽ ഇരുന്ന കാലത്തു് തിരുസ്സഭയ്ക്കെതിരായി അവർ സ്വീകരിച്ച നശീകരണനടപടികളാണു് റിപ്പോർട്ടിലെ 70 പേജുകളിൽ വർണ്ണിച്ചിരിക്കുന്നതു്. പ്രസ്തുത മൂന്നു വൈദികരേയും അവർ ബന്ധിച്ച അവരുടെ നെഞ്ചിലും കൈകളിലും കുരിശടയാളത്തിൽ പൊള്ളിച്ചു. ബയണററുകൾകൊണ്ടു് അവരെ കുത്തിമുറിവേല്പിച്ചു. അവരുടെ വയറു പിളന്നു. അതിനുശേഷം അവരെ ക്രൂശിച്ചു. ഈദൃശ മൃഗീയമായ മഗ്ഗങ്ങളിലാണു് അവർ വ്യാപരിച്ചിരുന്നതു്.

### രോഗികളുടെ അപ്പസ്തോലൻ

"പാല്ലോട്ടൈൻ ഫാദേഴ്സ്" എന്നറിയപ്പെടുന്ന സംഘടനയുടെ പ്രണേതാവും രോഗികളുടെ ശുശ്രൂഷയിൽ സ്വയം വ്യാപൃതനായി ജീവിതം നയിച്ചിരുന്ന അപ്പസ്തോലനുമായ ഫാദർ വിൻസെൻറു് പാല്ലോട്ടി ജൂൺ 13-ാംതീയതി ഞായറാഴ്ച വിശുദ്ധപദത്തിലേക്കുയർത്തപ്പെടുന്നതായിരിക്കും. കോളറാബാധിതപ്രദേശങ്ങളെ അദ്ദേഹം അനുസ്യൂതം സന്ദർശിച്ചു രോഗികളെ ശുശ്രൂഷിച്ചുപോന്നു. ഈ സന്ദർശനവേളയിൽ പാവപ്പെട്ട രോഗികൾക്കുവേണ്ടി തന്റെ കൈവശമുണ്ടായിരുന്ന എന്തും ദാനം കൊടുക്കുന്നതിനു അദ്ദേഹം സന്നദ്ധത പ്രദർശിപ്പിച്ചു. രോഗിശുശ്രൂഷകഴിഞ്ഞു ചെരിപ്പുകളും പുറംകുപ്പായംപോലും ഇല്ലാതെ അദ്ദേഹം മടങ്ങിവരിക ഒട്ടും അസാധാരണമായിരുന്നില്ല. ഒരിക്കൽ മതത്യാഗിയായ ഒരു യുവാവു മരണാസന്നനായിക്കിടക്കുകയായിരുന്നു. വൈദികരാരെങ്കിലും അയാളെ സമീപിച്ചാൽ അദ്ദേഹത്തെ വെടിവെച്ചു കൊല്ലുന്നതാണെന്നു ശപഥംചെയ്തുകൊണ്ടു കൈത്തോക്കു കിടക്കയിൽത്തന്നെ തയ്യാറാക്കിവച്ചിരുന്നു. അയാളെ സമീപിക്കുന്നതിനു യാതൊരു ഗത്യന്തരവുമില്ലെന്നു മനസ്സിലാക്കിയ ഫാദർ പാല്ലോട്ടി ഒരു സ്ത്രീയുടെ വേഷംധരിച്ചു അയാളെ സമീപിച്ചതായി പറയപ്പെടുന്നു. 1848-ൽ വൈദികവിദ്വേഷികളായ ഒരുസംഘം അക്രമികളിൽനിന്നു അദ്ദേഹം രക്ഷപെട്ട സംഭവം വളരെ നാടകീയമായിരുന്നു. റോമിലെ ഐറിഷ് കോളെജിലെ പഠനമുറിയിൽ അദ്ദേഹം വായിച്ചുകൊണ്ടിരിക്കുമ്പോഴാണു് ആക്രമികൾ അവിടെ പ്രവേശിച്ചതു്. കോളെജുറെക്ടർ അവരോടു വിളിച്ചുപറഞ്ഞു: അതു ഞങ്ങളുടെ പഠനമുറിയാണു്. അവിടെ ശല്യം ചെയ്യരുതു് എന്നു്. അപകടം മനസ്സിലാക്കിയ ഫാദർ പാല്ലോട്ടി കൗശലത്തിൽ അവിടെനിന്നു പുറത്തുകടക്കുകയും അക്രമികളുടെ ഇടയിൽക്കൂടി തന്ത്രത്തിൽ ആളറിയിക്കാതെ രക്ഷപെടുകയുംചെയ്തു. അദ്ദേഹത്തിന്റെ മരണത്തിനു ഒമ്പതാഴ്ചമുമ്പു രോഗഗ്രസ്തനായിരുന്ന അദ്ദേഹം മട്ടിന്മേൽനിന്നുകൊണ്ടാണു് തന്റെ അവസാനപ്രസംഗം നിർവ്വഹിച്ചതു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

